
Per Copy Rs.20
Annual Subscription Rs.100

# NEW VISION

## FOR A CHANGING WORLD



**നവീകരണ സഭകളുടെ ജന്മനാട്ടിലൂടെ 4**

ന്യൂ വിഷൻ ഫോർ എ ചെയ്ഞ്ചിങ് വേൾഡ്
നവംബർ 2016

NEW VISION FOR A CHANGING WORLD is an ecumenical magazine owned by Nava Darshan Trust, a Public Charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled NEW VISION, has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions intellectual and financial are most welcome. The Meeting Point (a publication of CISAC, USA) is currently being published in association with New Vision.

EDITORIAL BOARD

Patron : Most Rev.Dr. Philipose Mar Chrysostom, Mar Thoma Valiya Metropolitan
Hon.Chief Editor : Dr. Cyriac Thomas
Executive Editors : Dr. Joos Parakkattil [illegible], Dr. Jesudas Athyal (USA)
Managing Editors : George Mathew. C, Koshy George (USA)
Manager : Rev. Prof. K.C. Mathew
Associate Editor : Ninan K. Jacob
Editor & Publisher : Dr. Mathew Koshy Punnackad
Office Assistant : Kurian Thomas. T
Editorial Board : Dr. Saibu George, Principal, Bishop Moore College Mavelikara
Prof. Viju Thomas Kurian, CMS College Kottayam
Dr. Achamma Alex, Principal, Christian College Chengannur
Rev.Dr. Mathew Daniel, Secretary CSS Thiruvalla
George Benzman
Prof. Dr. Sabu D. Mathew, St.Thomas College Pala
Prof. John George Athyal, Christian College Chengannur
Prof.Dr. Mosa Mary George, UC College Aluva
T. Mathew (USA)
Rev. Anandraj (USA)
Rev.A.C.Thomas
Rev.Abraham P.Varkey

CONTACT PERSONS

[illegible]

[illegible]


[illegible]

പത്രം നിരക്കുകൾ

[illegible]

# ന്യൂ വിഷൻ ഫോർ എ ചെയ്ഞ്ചിങ് വേൾഡ്

പുസ്തകം 17 ലക്കം 3 നവംബർ 2016




താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 3 | എഡിറ്റോറിയൽ | ഡോ. ജോസ് പാറക്കടവിൽ |
| 4 | നവീകരണ സഭകളുടെ ജന്മനാട്ടിലൂടെ | ഫീച്ചർ |
| 9 | ദൈവത്തിന്റെ സ്വന്തം നാടിന്റെ | ജസ്റ്റിസ്. കെ. റ്റി തോമസ് |
| 12 | പ്രാർത്ഥന: താഴും താക്കോലും | ഡോ. ഡി. ബാബു പോൾ |
| 15 | ദാഹജലം | ഡോ. ടോം പി. പോൾ |
| 16 | അത്ഭുതപ്പെടാനറിയാത്തവരോട് | റ്റി. ജോർജ് ബഹന്നാൻ |
| 18 | അനന്തരം ലിങ്കായി | ഫാദർജി |
| 20 | ക്രിസ്ത്യൻ മാനേജ്മെന്റ് | റവ. എബ്രഹാം പി. വർക്കി |
| 23 | മരുഭൂമിയിലെ നീരുറവകൾ | റവ. എ. സി തോമസ് |
| 25 | Bats- The Guardian Angels | Dr. Joseph Mathai |
| 26 | വാർത്തകളും വിശേഷങ്ങളും | രാജൻ കെ. വർഗീസ് |


ഡി.ടി.പി വിന്യാസം : [illegible] ഇവാഞ്ചൽ പ്രസ്
രൂപകല്പന സംവിധാനം : [illegible] 9847550743
അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223

നിങ്ങളുടെ കത്തുകളും സാഹിത്യസൃഷ്ടികളും അയയ്ക്കേണ്ട വിലാസം
[illegible]
ഫോൺ/ഫാക്സ് : 0469 2214068 2310376 [illegible] : 9847275754
E-mail: newvisionmagazine@gmail.com Website : newvisionmagazine.org



## എഡിറ്റോറിയൽ

# ഏകീകൃത സിവിൽ നിയമം ഉണ്ടാകണം

കേന്ദ്രസർക്കാർ, ഏകീകൃത സിവിൽ നിയമം നിർമിക്കുന്നതിനെക്കുറിച്ച് ലോകമ്മീഷന്റെ അഭിപ്രായം തേടിയിരിക്കയാണ്. ലോകമ്മീഷൻ ഇതു സംബന്ധിച്ച് പതിനാറ് ചോദ്യങ്ങളടങ്ങുന്ന ഒരു ചോദ്യാവലി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ചോദ്യങ്ങൾ നിരീക്ഷിച്ചാൽ പലരും പറയുന്നതുപോലെ ഹൈന്ദവവൽക്കരണം ലക്ഷ്യം വച്ചുള്ള ഒരു നീക്കമാണിത് എന്നു പറയുവാൻ കഴിയാതെ വരും.

കേന്ദ്ര സർക്കാർ ഇപ്പോൾ ഈ വിഷയത്തിൽ ഇടപെട്ടതു തന്നെ കോടതികളുടെ ഓർമപ്പെടുത്തലിന്റെ ഫലമായിട്ടാണ്. ക്രൈസ്തവരുടെ വിവാഹമോചന നിയമങ്ങളിലെ ചില വ്യവസ്ഥകൾ മാറ്റി വ്യക്തി നിയമങ്ങളിൽ തുല്യത കൊണ്ടുവരുവാൻ ഒരു കേസിൽ സുപ്രീം കോടതി സർക്കാരിനോടാവശ്യപ്പെട്ടു. ഏറ്റവുമൊടുവിൽ സുപ്രീംകോടതി ഇക്കാര്യം ആവശ്യപ്പെട്ടത് ചില മുസ്ലിമുകൾ നൽകിയ പരാതി പരിഗണിക്കുമ്പോഴാണ്. വ്യക്തിനിയമങ്ങൾ മുസ്ലിം സമുദായത്തിലും ക്രിസ്ത്യൻ സമുദായത്തിലും സ്ത്രീകളോട് വിവേചനം കാണിക്കുന്നു എന്ന് ആരോപണമുണ്ട്. ലോകത്തിലെവിടെയും സ്ത്രീകളുടെ മുന്നേറ്റത്തിനു സഭകൾ സഹായിച്ചുവെങ്കിലും വ്യക്തിനിയമങ്ങളിൽ ഇവിടെ ആ സമീപനം കാണുന്നില്ല. സ്ത്രീകൾക്ക് തുല്യനീതി ഉറപ്പാക്കുന്ന ഏകീകൃത നിയമത്തിനെതിരേ ചിലർ ശബ്ദമുയർത്തുകയാണിപ്പോൾ. നിർഭാഗ്യകരമാണ് ഈ നിലപാട്.

ജസ്റ്റിസ് കെ.ടി തോമസ് ഈയിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനത്തിൽ ഏകീകൃത സിവിൽ നിയമത്തിന്റെ അനിവാര്യത വ്യക്തമാക്കിയിട്ടുണ്ട്. നിയമത്തിന്റെ ചരിത്രപശ്ചാത്തലവും ലേഖനത്തിൽ വിശദമാക്കിയിരിക്കുന്നു.

ഇന്ത്യയുടെ ഭരണഘടന, ജാതിയുടെയോ മതത്തിന്റെയോ ലിംഗത്തിന്റെയോ പേരിൽ വിവേചനങ്ങളില്ലാത്ത ഒരു വ്യവസ്ഥിതി ഉറപ്പുനൽകുന്നു. ഭരണഘടനയുടെ മഹത്ത്വത്തിന്റെ പ്രധാന നിദാനവുമാണത്. 14ാം ആർട്ടിക്കിൾ അതു വ്യക്തമാക്കുന്നുണ്ട്. 44ാം ആർട്ടിക്കിൾ തുല്യനീതി ഉറപ്പാക്കുവാൻ ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കണമെന്നു വ്യവസ്ഥ ചെയ്യുന്നു. മതബഹുലമായ ഒരു സമൂഹത്തിൽ ഒരൊറ്റ ജനതയായി മതങ്ങൾക്കതീതമായി ജീവിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഘടകമാണ് ഏകീകൃത സിവിൽ നിയമം. സ്വാതന്ത്ര്യം ലഭിച്ച കാലത്തു തന്നെ ഇത്തരമൊരു നിയമവ്യവസ്ഥ ഉണ്ടാകേണ്ടിയിരുന്നു. ന്യൂനപക്ഷങ്ങളുടെ ആശങ്കകളെ പരിഗണിച്ചതു മൂലമാകാം അതുണ്ടാകാതെ പോയത്. ഇന്ത്യ കണ്ട ഏറ്റവും വലിയ സെക്കുലറിസ്റ്റായ ജവഹർലാൽ നെഹ്റു അതിനു മുൻകൈ എടുക്കാതിരുന്നതിൽ ജസ്റ്റിസ് കെ.ടി തോമസ് അത്ഭുതം കൂറുന്നുണ്ട്.

സ്വാതന്ത്ര്യം ലഭിക്കുമ്പോൾ നമുക്കുണ്ടായിരുന്ന ദേശീയ ചിന്തയും ഐക്യബോധവും നഷ്ടപ്പെടുവാൻ ഇടയായതിന്റെ പിന്നിൽ ഏകീകൃത സിവിൽ നിയമങ്ങളുടെ അഭാവം ഒരു കാരണമായി കാണാം.

വ്യക്തികളുടെ മൗലികാവകാശങ്ങൾക്ക് പരമപ്രാധാന്യം നൽകികൊണ്ടു ലോകം മുന്നേറുമ്പേൾ ജാതിമത വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ വിവേചനങ്ങൾ സംരക്ഷിക്കുന്നത് ഒരു ഭരണകൂടത്തിനും ഭൂഷണമല്ല.

ഇന്ത്യയിൽത്തന്നെ ഗോവയിൽ, ഏകീകൃത സിവിൽ നിയമം നിലവിലുണ്ട്. അവിടെ മുസ്ലിമിന് ബഹുഭാര്യത്വവും തലാഖ് ചൊല്ലി വിവാഹമൊഴിയലും അനുവദനീയമല്ല.

മതന്യൂനപക്ഷങ്ങളുടെ വിശ്വാസപരവും ആരാധനപരവുമായ അവകാശങ്ങൾ സംരക്ഷിച്ചു നിലനിർത്തുന്ന ഭരണഘടന ഏകീകൃത സിവിൽ നിയമം ആവശ്യപ്പെടുമ്പോൾ അത് അനുസരിക്കുവാനുള്ള ബാധ്യത ന്യൂനപക്ഷങ്ങൾക്കുണ്ട്. ചർച്ചകളിൽ സജീവമായി പങ്കെടുത്തുകൊണ്ട് നിയമത്തിന് പിന്തുണ നൽകുകയാണ് ക്രൈസ്തവർ ചെയ്യേണ്ടത്. ശക്തമായ ഒരു ഭരണം നിലവിലുള്ളപ്പോൾ മാത്രമേ ഈ നിയമം നടപ്പാക്കുവാൻ കഴിയുകയുള്ളു. ഇപ്പോൾ അനുയോജ്യമായ സമയമാണ്.

**ഡോ. ജോസ് പാറക്കടവിൽ**

9447364487, jparakadavil@gmail.com

ക്രൈസ്തവ സഭയുടെ കാലിക പ്രസക്തമായ ദൗത്യത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും, സഭാ വേലികൾക്കതീതമായ ക്രൈസ്തവ ദൗത്യത്തെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും കൂടിവരവുകളും, നീതിയ്ക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ നിലപാടുകളെടുക്കുവാൻ വായനക്കാരെ പ്രേരിപ്പിക്കുകയാണ് സ്വതന്ത്ര പ്രസിദ്ധീകരണമായ ന്യൂവിഷൻ മാസികയുടെ ലക്ഷ്യങ്ങൾ. വായനക്കാരുടെ നിർല്ലോഭമായ സംഭാവനകൾ മാത്രമാണ് മാസികയുടെ വരുമാന സ്രോതസ്. വായനക്കാർ ന്യൂ വിഷൻ കുടുംബത്തിലെ അംഗങ്ങളും.



# നവീകരണ സഭകളുടെ ജന്മനാട്ടിലൂടെ

സ്കോട്ട്ലന്റിന്റെ തലസ്ഥാനമായ എഡിൻബറോയിൽ, ചർച്ച് ഓഫ് സ്കോട്ട്ലന്റ് സംഘടിപ്പിച്ച പരിസ്ഥിതി സമ്മേളനത്തിൽ പ്രസംഗിക്കുന്നതിനാണ് സെപ്റ്റംബർ അവസാന വാരം ഞാൻ എഡിൻബറോയിലെത്തിയത്. യുണൈറ്റഡ് കിങ്ഡത്തിൽ നാലു രാജ്യങ്ങളുണ്ട്. ഇംഗ്ലണ്ട്, സ്കോട്ട്ലന്റ്, വടക്കൻ അയർലന്റ്, വെയിൽസ് എന്നിവയാണ് ആ രാജ്യങ്ങൾ. അമ്പത്തിരണ്ട് ലക്ഷത്തോളം ജനങ്ങൾ താമസിക്കുന്ന സ്കോട്ട്ലന്റിൽ അമ്പത്തിരണ്ടു ശതമാനം ക്രൈസ്തവരാണ്. മുപ്പത്തിയേഴു ശതമാനം ആളുകൾക്ക് മതമില്ല. ഹിന്ദുക്കളും, മുസ്ലിങ്ങളും, സിക്കുകാരും ന്യൂനപക്ഷം. ക്രൈസ്തവരുടെ കൂട്ടത്തിൽ ഏറ്റവും വലിയ സഭയായ ചർച്ച് ഓഫ് സ്കോട്ട്ലന്റിനാണ് ദേശീയ സഭയെന്ന പദവി. രണ്ടാമത്തെ സഭ കത്തോലിക്ക സഭയാണ്. മറ്റ് ചില സഭകളും ചെറിയ തോതിലുണ്ട്.

**പ്രെസ്ബിറ്റേറിയൻ സഭ**

ചർച്ച് ഓഫ് സ്കോട്ട്ലന്റ് ഒരു പ്രെസ്ബിറ്റേറിയൻ സഭയാണ്. നവോത്ഥാന കാലഘട്ടത്തിൽ രൂപം പ്രാപിച്ച സഭയ്ക്ക് എപ്പിസ്കോപ്പൽ സഭകളിൽ നിന്ന് വ്യത്യസ്തമായ ഘടനയാണുള്ളത്. സഭയുടെ പട്ടക്കാരുടെ സ്ഥാനത്തുള്ളവർക്ക് മാത്രമല്ല, അത്മായ പ്രതിപുരുഷന്മാർക്കും പ്രെസ്ബിറ്റർ(മൂപ്പൻ) എന്ന പേരുണ്ടു. സഭാഭരണം സംബന്ധിച്ച് സഭാംഗങ്ങളായ അത്മായർക്ക് ശുശ്രൂഷകരായ മൂപ്പന്മാരോടൊപ്പം സ്ഥാനമുണ്ട്. സഭയുടെ തലവൻ ജനങ്ങളാൽ ഒരു നിശ്ചിത കാലത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു മൂപ്പനാണു (മോഡറേറ്റർ). അല്മായരാണ് എല്ലാ തലങ്ങളിലും നേതൃത്വം കൊടുക്കുന്നത്. കൂട്ടായ ചർച്ചകളിലൂടെ അവർ നേതൃത്വം നൽകുന്നു. പ്രാദേശിക സഭകൾ ഒരു പരിധി വരെ സ്വതന്ത്രവുമാണ്. ആരുടെയും സ്വന്ത അഭിപ്രായങ്ങൾക്ക് മേൽക്കോയ്മ ലഭിക്കാതെ കൂട്ടായ ചർച്ചയിലൂടെ കാര്യങ്ങൾ തീരുമാനിക്കുന്ന ചർച്ച് ഓഫ് സ്കോട്ട്ലന്റിൽ ഏകദേശം നാലു ലക്ഷത്തോളം അംഗങ്ങളുണ്ട്, ലോകമെങ്ങും അവരുടെ മിഷണറി പ്രവർത്തനങ്ങളും. ഇന്ത്യയിൽ വടക്കേ ഇന്ത്യയിലാണ് അവരുടെ കൂടുതൽ മിഷണറികൾ പ്രവർത്തിച്ചിരുന്നത്. ദക്ഷിണേന്ത്യയിൽ പ്രവർത്തിച്ചിരുന്ന പ്രെസ്ബിറ്റേറിയൻ സഭ 1947 ൽ സിഎസ് ഐ സഭയായി മാറി. സിഎസ്ഐയുടെ ലയനത്തിൽ പങ്കു ചേർന്ന അംഗ സഭകളുടെ ഗുണപരമായ നല്ല വശങ്ങൾ സിഎസ്ഐയിൽ ഉൾപ്പെടുത്തിയിരുന്നു. (സിഎസ്ഐയിൽ വൈദികനും, പുരോഹിതനുമില്ല, പ്രെസ്ബിറ്ററാണുള്ളത്. സഭയുടെ ഏറ്റവും ഉയർന്ന ആളെ ആർച്ച്ബിഷപ്പെന്നോ, മെത്രാപ്പോലിത്തയെന്നോ അല്ല അറിയപ്പെടുക മോഡറേറ്ററെന്നാണ് അറിയപ്പെടുക. സിനഡിൽ മറ്റ് സഭകളിൽ ബിഷപ്പുമാർ മാത്രമുള്ളപ്പോൾ സിഎസ്ഐയിൽ പ്രെസ്ബിറ്റർമാരും അല്മായരുമുണ്ടാകും, ബിഷപ്പുമാർ പരമാധികാരികളല്ല, അപ്പോസ്തോലിക പാരമ്പര്യമനുസരിച്ച് ലഭിക്കുന്ന പദവി ഭരണഘടനക്ക് വിധേയമായി മാത്രമേ ഉപയോഗിക്കാനാവൂ.)

ചർച്ച് ഓഫ് സ്കോട്ട്ലന്റിലെ ഏഷ്യ സെക്രട്ടറി സാൻഡി എന്നെ സ്വീകരിക്കുവാൻ എഡിൻബറോ എയർപോർട്ടിലുണ്ടായിരുന്നു. എനിക്ക് താമസമൊരുക്കിയിരുന്ന റിട്രീറ്റ് സെന്ററായ ഗില്ലിസ് സെന്റർ, കത്തോലിക്കാ സഭയുടേതാണെങ്കിലും എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലുമുള്ളവർക്ക് താമസിക്കുവാനും പരിപാടികൾ നടത്തുവാനും കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന സ്ഥാപനമാണ്. അന്നുച്ചയ്ക്ക് എപ്പിസ്കോപ്പൽ സഭയുടെ മിഷൻ ബോർഡിലായിരുന്നു എനിക്ക് പ്രസംഗം. ആംഗ്ലിക്കൻ കമ്മ്യൂണിയനിൽപ്പെടുന്ന ഒരു സഭയാണ് സ്കോട്ട്ലന്റിലെ എപ്പിസ്കോപ്പൽ സഭ. ആംഗ്ലിക്കൻ കമ്മ്യൂണിയൻ എൻവയൺമെന്റൽ നെറ്റ്വർക്ക് സ്റ്റീയറിങ് കമ്മിറ്റി മെമ്പറായതിനാൽ, സ്കോട്ട്ലന്റിൽ വരുമ്പോൾ എന്നെ ക്ഷണിക്കണമെന്ന് കേന്ദ്ര നിർദ്ദേശമുണ്ടായിരുന്നതിനാലാണവർ എന്നെ ക്ഷണിച്ചത്. 12.50ന് കാർ ഞാൻ താമസിച്ചിരുന്ന ഗില്ലിസ് സെന്ററിൽ വരുമെന്ന് എപ്പിസ്കോപ്പൽ സഭാ സെക്രട്ടറി ജോൺ സ്റ്റുവർട്ട് എന്നെ നേരത്തെയറിയിച്ചിരുന്നു. കൃത്യം 12.50 ആയപ്പോൾ ഗില്ലിസ് സെന്ററിന്റെ മുൻവശത്ത് കാർ എത്തി. എപ്പിസ്കോപ്പൽ സഭയുടെ കേന്ദ്രത്തിലെ ഉച്ചഭക്ഷണത്തിന് എന്നെ ക്ഷണിച്ചു. രണ്ട് കഷണം സാൻഡ്വിച്ചും ചായയുമാണ് ഉച്ചഭക്ഷണം. പിന്നീട് നടന്ന മീറ്റിങ്ങിൽ സിഎസ്ഐ സഭയുടെ ഹരിത സഭാ കാംപെയിനെക്കുറിച്ചു പതിനഞ്ചു മിനിട്ട് പ്രസംഗിക്കുകയും ചോദ്യങ്ങൾക്കുത്തരം നൽകുകയും ചെയ്തു. ബിഷപ്പുണ്ടായിരുന്നിട്ടും മീറ്റിങ്ങിൽ, ഒരു സ്ത്രീ അദ്ധ്യക്ഷയായി പരിപാടികൾ നിയന്ത്രിച്ചത് ശ്രദ്ധേയമായി തോന്നി. എന്റെ പ്രസംഗം കഴിഞ്ഞ് ഞാൻ താമസിക്കുന്ന സെന്ററിലേക്ക് മടങ്ങി.

**കാലാവസ്ഥ വ്യതിയാന ഉടമ്പടി**

അടുത്ത ദിവസം മുതൽ ചർച്ച് ഓഫ് സ്കോട്ട്ലന്റിന്റെ മീറ്റിങ്ങാണ്. ആദ്യ സമ്മേളനത്തിൽ സഭയുടെ നേതാക്കന്മാർ മാത്രമാണുണ്ടായിരുന്നത്. പതിനാറു പേർ. പ്രസംഗകരായി ഇന്ത്യ, ഘാന, ബൊളിവിയ, സാംബിയ, നോർവേ, ജമൈക്ക എന്നിവിടങ്ങളിൽ നിന്നുള്ള സഭകളുടെ പരിസ്ഥിതി പ്രവർത്തകർ. രണ്ടാമത്തെ ദിവസത്തെ പരിപാടിയിൽ സ്കോട്ട്ലന്റിലെ പരിസ്ഥിതി പ്രവർത്തകർ, ദൈവശാസ്ത്രജ്ഞന്മാർ തുടങ്ങിയവർ പങ്കെടുത്തു. അവർ ഇരുപതു പേർ. മൂന്നാമത്തെ ദിവസം സഭാജനങ്ങൾ പങ്കെടുക്കുന്ന പരിപാടിയിൽ എൺപതു പേർ സംബന്ധിച്ചിരുന്നു. ആഗോള താപനത്തിൽ സഭയുടെ ദൗത്യമെന്താണെന്നും പാരിസ് ഉടമ്പടിയുടെ വെളിച്ചത്തിൽ സഭയ്ക്ക് എന്ത് ചെയ്യുവാൻ സാധിക്കുമെന്നുമായിരുന്നു ചർച്ചാ വിഷയം.

**എഡിൻബറോയും എക്യുമിനിസവും**

സ്കോട്ട്ലന്റിന്റെ തലസ്ഥാനമായ എഡിൻബറോയിൽ 1910 ൽ നടന്ന മിഷണറി സമ്മേളനമായിരുന്നു എക്യുമിനിസത്തിന് കൂടുതൽ അർത്ഥവും മാനവും നൽകിയത്. അത് മിഷണറി പ്രസ്ഥാനങ്ങൾക്കും സഭൈക്യ പ്രസ്ഥാനത്തിനും പ്രേരണ നൽകുകയും ചെയ്തു. മിഷണറി പ്രസ്ഥാനത്തിന് ദിശാബോധം നൽകിയ ആ സ്ഥലത്തു വച്ചു തന്നെ, ദൈവിക സൃഷ്ടിയെ പരിപാലിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുവാൻ സഭാ നേതാക്കന്മാരുടെ സമ്മേളനം സെപ്റ്റംബർ അവസാന വാരം, ചർച്ച് ഓഫ് സ്കോട്ട്ലന്റ് വിളിച്ചു കൂട്ടിയത് കാലിക പ്രസക്തമായി. കാലാവസ്ഥ വ്യതിയാനത്തിൽ സഭകളുടെ പങ്കെന്തായിരിക്കണമെന്ന പ്രബന്ധമവതരിപ്പിക്കുവാൻ ഏഷ്യൻ സഭകളുടെ പ്രതിനിധിയായി സിഎസ്ഐ സഭയുടെ പരിസ്ഥിതി വിഭാഗം ഡിറക്റ്ററെ ക്ഷണിക്കപ്പെട്ടത് സിഎസ്ഐ സഭ പാരിസ്ഥിതിക മേഖലകളിൽ ചെയ്തു വരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്.

**മൺട്രോ തുരുത്ത്**

സ്കോട്ട്ലന്റുകാരനായ ജോൺ മൺട്രോ തിരുവാതാംകൂറിലെ ദിവാനായി സത്യസന്ധമായി ഭരണം നടത്തിയെന്നും അടിമത്തം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അദ്ദേഹമാണ് ആരംഭിച്ചതെന്നും , അദ്ദേഹത്തിന്റെ പേരിൽ ഒരു സ്ഥലം തന്നെ കേരളത്തിലുണ്ടെന്നുമുള്ള എന്റെ പ്രസ്താവന സ്കോട്ട്ലന്റിലെ ജനങ്ങൾക്കു സന്തോഷമായി. ദിവാന്റെ പേരിലുള്ള മൺട്രോതുരുത്ത് ശാസ്ത്രീയ പഠനങ്ങളിലും പാർലമെന്റിന്റെ രേഖകൾ പ്രകാരവും ഇപ്പോൾ കാലാവസ്ഥ വ്യതിയാനത്തിന്റെ ഒരു മൂകസാക്ഷിയാണെന്ന് പറഞ്ഞപ്പോൾ അവരുടെ സന്തോഷം മങ്ങി.

**ദക്ഷിണേന്ത്യ സഭയുടെ അഭിപ്രായം**

ദക്ഷിണേന്ത്യ സഭയുടെ അഭിപ്രായം ഞാനവിടെ അവതരിപ്പിച്ചു. അതിപ്രകാരം ചുരുക്കാം.

"പാരിസ് കാലാവസ്ഥ വ്യതിയാന ഉടമ്പടിയെ സിഎസ്ഐ സഭ സർവ്വാത്മന സ്വാഗതം ചെയ്യുന്നു. ആഗോള താപം രണ്ടു ഡിഗ്രി സെൽഷ്യസിൽ താഴെ നിർത്തുവാനുള്ള എല്ലാ ശ്രമങ്ങളും ഈ ദിശയിൽ നടക്കുന്ന നല്ല നീക്കങ്ങളാണ്. ഇന്ത്യ ഒക്ടോബർ രണ്ടു മുതൽ ഉടമ്പടി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുകയുമാണ്. ഈ ഉടമ്പടിയിൽ വികസിത രാജ്യങ്ങൾ ഇപ്പോൾ പുറത്തു വിട്ടു കൊണ്ടിരിക്കുന്ന ഹരിത ഗൃഹ വാതകങ്ങൾ തുടർന്നും അതേ രീതിയിൽ പുറത്തേക്ക് വിടുവാനുള്ള സ്വാതന്ത്ര്യം നിലനിർത്തിയിരിക്കയാണ്. അന്തരീക്ഷത്തിലുള്ള പത്തു ടണ്ണിൽ ഏഴു ടണ്ണും വികസിത രാജ്യങ്ങളുടെ വാതകങ്ങളാണ്. പാരിസ് ഉടമ്പടി പ്രകാരം ഇനിയും പെട്രോളിയവും കൽക്കരിയും(ഫോസിൽ ഇന്ധനങ്ങൾ) ഉപയോഗിക്കുന്നതിന് എല്ലാ രാജ്യങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തും. വികസ്വര രാജ്യങ്ങളായ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ പലയിടങ്ങളിലും വൈദ്യുതിയില്ല, റോഡുകളില്ല, അടിസ്ഥാന സൗകര്യങ്ങളുമില്ല. തൊണ്ണൂറ് ശതമാനവും ഫോസിൽ ഇന്ധനങ്ങളെ മാത്രം ആശ്രയിക്കുന്ന ഇന്ത്യയിൽ ഫോസിൽ ഉൽപന്നങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയാൽ ദരിദ്രർ വീണ്ടും ദരിദ്രരാകും. ഇത് വിവേചനമാണ്.

വിഭവങ്ങളുടെ കാര്യത്തിൽ ഭൂഗോളത്തിന്റെ വടക്കുള്ള രാജ്യങ്ങൾ സമൃദ്ധമായിരുന്നതിനാലും മറ്റ് ചില കാരണങ്ങളാലും സമ്പന്ന രാജ്യങ്ങളും ദരിദ്ര രാജ്യങ്ങളും എന്ന വേർതിരിവ് ഉണ്ടായിട്ടുണ്ട്. സമ്പന്ന രാജ്യങ്ങളെ വികസിത രാജ്യങ്ങളാകുവാൻ സഹായിച്ച ഒരു പ്രധാന കാര്യം ഫോസിൽ ഇന്ധനങ്ങൾ സമൃദ്ധമായി ലഭിക്കുവാൻ സാധിച്ചതിനാലാണ്. ആയതിനാൽ സിഎസ്ഐ ആവശ്യപ്പെടുന്നത് കാലാവസ്ഥ നീതി നടപ്പിലാക്കണം എന്നതാണ് 1) ആഗോള താപനത്തിന് കാരണക്കാരായ വികസിത രാജ്യങ്ങൾ അവരുടെ ജീവിത ശൈലിയും ഇപ്പോൾ തുടരുന്ന വികസന രീതിയും മാറ്റണം.എങ്കിൽ മാത്രമേ പുറം തള്ളുന്ന വാതകങ്ങളുടെ അളവ് ഗണ്യമായി കുറയുകയുള്ളു. 2) വികസിത രാജ്യങ്ങളുടെ അന്തരീക്ഷ മലിനീകരണത്തിൽ നഷ്ടമുണ്ടായ വികസ്വര രാജ്യങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ വികസിത രാജ്യങ്ങൾ തയ്യാറാകണം 3) വികസ്വര രാജ്യങ്ങൾക്ക് ഫോസിൽ ഇന്ധനങ്ങൾക്ക് ബദലായ ടെക്നോളജി വികസിത രാജ്യങ്ങൾ തന്ന് വളരുവാനുള്ള സാഹചര്യം ഒരുക്കണം. കാലാവസ്ഥ വ്യതിയാനം നിമിത്തം വികസ്വര രാജ്യങ്ങൾ ഇനിയും കൂടുതൽ ദരിദ്രരാകാതെ സംരക്ഷിക്കുവാൻ കാലാവസ്ഥ നീതി ദൗത്യത്തെ സഹായിക്കുവാൻ വികസിത രാജ്യങ്ങളിലെ സഭകൾക്ക് സാധിക്കണം".

**ഡോ.മൈക്കിൾ എസ്. നോർത്ത്കോട്ട്**

എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ കേൾവിക്കാരുടെ കൂട്ടത്തിൽ നിന്ന് പ്രായം തോന്നിയ്ക്കുന്ന ഒരു മനുഷ്യൻ എഴുന്നേറ്റ് എന്റെ അവതരണത്തെ പിന്താങ്ങി സംസാരിച്ചു. അന്നത്തെ സെഷൻ കഴിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് സംസാരിച്ചു. എഡിൻബറോ യൂണിവേഴ്സിറ്റിയിലെ പ്രഫസറാണ് ഡോ.മൈക്കിൾ എസ്. നോർത്ത്കോട്ട്. കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് വികസ്വര രാജ്യങ്ങളുടെ പക്ഷത്തു നിന്നു കൊണ്ട് അനവധി പുസ്തകങ്ങളെഴുതിയിട്ടുള്ള ആംഗ്ലിക്കൻ സഭയിലെ വൈദികനും കൂടിയാണ് നോർത്ത്കോട്ട്. 2004ൽ ഇദ്ദേഹത്തെ കോട്ടയത്ത് നടത്തിയ അന്താരാഷ്ട്ര കാലാവസ്ഥ വ്യതിയാന സമ്മേളനത്തിൽ പങ്കെടുപ്പിക്കുവാൻ ഞാൻ



*ഡോ.മൈക്കിൾ എസ്സ്. നോർത്ത്കോട്ടിനൊപ്പം*

കത്തിടപാടുകൾ നടത്തിയിരുന്നു. 2007ലും ശ്രമിച്ചിരുന്നു. കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് ഗഹനമായി പഠിച്ചിട്ടുള്ള അദ്ദേഹം കേൾവിക്കാരുടെ കൂട്ടത്തിലുണ്ടെന്ന് എന്റെ പ്രസംഗത്തിന് മുമ്പ് അറിയാതിരുന്നത് നന്നായി എന്നെനിക്ക് പിന്നീട് തോന്നി. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ വീട്ടിൽ കൊണ്ടു പോയി അത്താഴം തന്നു. ഇനിയും ഒരു ദിവസം കേരളത്തിലേക്ക് വരാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

**അനുതപിക്കുന്ന സഭ**

സമ്മേളനത്തിന്റെയവസാനം കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ ചർച്ച് ഓഫ് സ്കോട്ട്ലന്റ് ഒരു പദ്ധതി രൂപം കൊടുക്കുവാൻ തീരുമാനിച്ചു. അവരുടെ ആരാധനകളിലെല്ലാം തങ്ങളുടെ തെറ്റായ ജീവിത ശൈലിയിൽ മാറ്റമുണ്ടാകുന്നതിനും, കാലാവസ്ഥ വ്യതിയാനം മൂലം ദുരിതമനുഭവിക്കുന്നവർക്കു വേണ്ടിയും അവർ പ്രാർത്ഥിക്കും. വികസിത രാഷ്ട്രതലവന്മാർ തങ്ങളുടെ കുറ്റം ഏല്ക്കുവാൻ തയ്യാറല്ലാത്തപ്പോൾ തങ്ങളുടെ രാജ്യം ചെയ്ത തെറ്റിനെ ഓർത്തു സഭ അനുതപിക്കുന്നു.


ഒരു ദിവസത്തെ എന്റെ പരിപാടി സ്കോട്ട്ലന്റ് പാർലമെന്റിലായിരുന്നു. പാർലമെന്റിലേക്ക് പ്രവേശിക്കുവാൻ ചെന്നപ്പോൾ വിവിധ സംഘടനകൾ മുദ്രാവാക്യം വിളികളോടെ നടത്തുന്ന ധർണ കാണുകയുണ്ടായി.

**പ്രെസ്ബിറ്റേറിയൻ ആരാധന**

ഒക്ടോബർ രണ്ട് ഞായറാഴ്ച 1784ൽ ആരംഭിച്ച ഒരു ദേവാലയത്തിലായിരുന്നു ആരാധനയിൽ പങ്കെടുത്തത്. ഒൻപതരയ്ക്കുള്ള ആരാധനയിൽ ഇരുപത് പേരെ ഉണ്ടായിരുന്നുള്ളു. ആരാധന ജനങ്ങൾ തന്നെയാണ് നയിച്ചിരുന്നത്. പ്രെസ്ബിറ്റർ ജനങ്ങളോടൊപ്പവും. പാട്ടു പാടിയതിന് ശേഷം ഒരു സ്ത്രീ എഴുന്നേറ്റു നിന്ന് ഇന്നത്തെ ആരാധനയുടെ പ്രത്യേകത വ്യക്തമാക്കി. ലൂക്കൊസിന്റെ സുവിശേഷം 17 അദ്ധ്യായം 5 മുതൽ 10 വരെയുള്ള ഭാഗമാണ് അന്നത്തെ ചിന്താവിഷയമെന്നും വിശ്വാസത്തെക്കുറിച്ചാണ് ഇന്നത്തെ ആരാധനയിൽ ധ്യാനിക്കുന്നതെന്നും അവർ പ്രസ്താവിച്ചു. അതിനു ശേഷം അവിടെ വന്നിരുന്നവരെല്ലാം പേരുകൾ പറഞ്ഞു സ്വയം പരിചയപ്പെടുത്തി. അതിന് ശേഷം യേശുവും ബർത്തലോമായും തമ്മിലുള്ള സംഭാഷണം രണ്ടു പേരവതരിപ്പിച്ചു. ജോലി കഴിഞ്ഞു വരുന്ന നമ്മുടെ ജോലിക്കാരോടുള്ള നമ്മുടെ സമീപനം നമ്മുടെ വിശ്വാസത്തിന്റെ പ്രതിഫലനമാണോയെന്ന് ചോദിക്കുന്ന സംഭാഷണമായിരുന്നു. തുടർന്ന് പാട്ട്, വേദഭാഗം വായന എല്ലാം കഴിഞ്ഞ് ഗ്രൂപ്പ് ചർച്ചകൾ. നിങ്ങൾ സമൂഹത്തിൽ നടുന്നത് ഏത് തരത്തിലുള്ള കടുക് മണിയുടെ വിത്തുകളാണ്? സമാധാനത്തിന്റെ, നീതിയുടെ, സമൃദ്ധിയുടെ കരുണയുടെ സ്നേഹത്തിന്റെ ചെടികളാണോയെന്ന ചർച്ച അഞ്ചു ഗ്രൂപ്പുകളായി നടന്നു. തുടർന്ന് ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടിങ്. നേതൃത്വം കൊടുത്തിരുന്ന സ്ത്രീ പ്രാർത്ഥിച്ച് ആദ്യത്തെ ആരാധന അവസാനിപ്പിച്ചു. തുടർന്ന് കാപ്പി കുടിക്കുവാൻ വേണ്ടി അരമണിക്കൂർ. ദേവാലയത്തിന്റെ ഭൂമിക്കടിയിലുള്ള നിലയിൽ റെസ്റ്റോറന്റ് പോലെ ഒരു സംവിധാനമുണ്ട്. അടുത്ത ആരാധനയ്ക്ക് ഏതാണ്ട് അമ്പതോളം പേർ എത്തിയിരുന്നു. ഈ ആരാധനയിൽ മൂന്നു പട്ടക്കാർ സ്ഥാനവസ്ത്രങ്ങളണിഞ്ഞു പങ്കെടുത്തു. ഇമ്പകരമായ പാട്ടുകൾ, വേദപുസ്തകം വായന, വേദപുസ്തക ഭാഗമടിസ്ഥാനമാക്കി മൂന്നു പ്രെസ്ബിറ്ററന്മാരുടെയും ചെറിയ പ്രസംഗങ്ങൾ തുടങ്ങിയവയാണ് ആരാധനയുടെ ഘടകങ്ങൾ. അക്കൂട്ടത്തിലുണ്ടായിരുന്ന വനിതാപട്ടക്കാരി പ്രസംഗം അഭിനയ രീതിയിലവതരിപ്പിച്ചത് രസകരമായിരുന്നു. ജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുള്ള അഭിനയത്തിലൂടെ വേദഭാഗം മനസ്സിലാക്കുവാനുള്ള ശ്രമമായിരുന്നു. ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാനുള്ള പദ്ധതികൾ, പ്രത്യേക പരിപാടികൾക്കു വേണ്ടിയുള്ള പിരിവുകൾ തുടങ്ങിയവയെക്കുറിച്ച് ആരാധന മദ്ധ്യേ അറിയിക്കുകയും ചെയ്തു.

**ആംഗ്ലിക്കൻ കമ്മ്യൂണിയൻ**

ലണ്ടനിലെ ആംഗ്ലിക്കൻ കമ്മ്യൂണിയൻ ഓഫിസും മറ്റ് ചില ഓഫിസുകളും കൂടി സന്ദർശിച്ച് സിഎസ്ഐ സഭയുടെ പരിസ്ഥിതി പ്രവർത്തനങ്ങൾ വിശദീകരിക്കണമെന്ന് സിഎസ്ഐ സഭാ ജനറൽ സെക്രട്ടറിയുടെ നിർദ്ദേശമനുസരിച്ച് ഞാൻ എഡിൻബറോയിൽ നിന്ന് ലണ്ടനിലേക്ക് യാത്ര തിരിച്ചു. ഹീത്രു വിമാനത്താവളത്തിൽ എന്നെ സ്വീകരിക്കുവാൻ ആംഗ്ലിക്കൻ കമ്മ്യൂണിയനിലെ റവ. ടെറി റോബിൻസൺ ഉണ്ടായിരുന്നതിനാൽ തുടർന്നുള്ള യാത്ര എളുപ്പമായി. വിമാനത്താളവത്തിൽ നിന്ന് ട്രെയിനിൽ പാഡിങ്ടൺ റെയിൽവേ സ്റ്റേഷനിലെത്തി. സ്റ്റേഷനടുത്തുള്ള ഒരു ഹോട്ടലിൽ എന്നെ താമസിപ്പിച്ചിട്ട് അവർ യാത്രയായി. പിറ്റേദിവസം അവർ വീണ്ടും വന്ന് എന്നെയും കൂട്ടി ലാംബത്ത്



പാലസിലേക്ക് പോയി. ഭൂമിയ്ക്കടിയിലൂടെ ട്യൂബ് ട്രെയിനിലൂടെയുള്ള യാത്ര പുതിയൊരനുഭവമായിരുന്നു. ലാംബത്ത് പാലസിൽ കാന്റർബറി ആർച്ച്ബിഷപ്പിന്റെ സെക്രട്ടറി ഞങ്ങളെയും കൂട്ടി പാലസ് മുഴുവനും കൊണ്ടു നടന്ന് കാണിച്ചു. എഡി 598ൽ സെന്റ് അഗസ്റ്റിനായിരുന്നു ആദ്യത്തെ കാന്റർബറി ആർച്ചുബിഷപ്പ്. റോമിലെ കത്തോലിക്കാ സഭയുടെ വിധേയത്വം ഉണ്ടായിരുന്ന കാന്റർബറി ആർച്ചു ബിഷപ്പ് പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭയുടെ വിധേയത്വത്തിൽ നിന്നും വിട്ടുമാറി ആംഗ്ലിക്കൻ സഭയായി രൂപപ്പെട്ടു. 12.45ന് എല്ലാ ദിവസവും ലാംബത്ത് പാലസിലെ ചാപ്പലിൽ യൂക്കറിസ്റ്റ് ആചരിക്കുന്നുണ്ട്. അന്നത്തെ ആരാധനയ്ക്ക് ആർച്ച്ബിഷപ്പാണ് നേതൃത്വം നൽകിയത്. ആരാധനയ്ക്കു ശേഷം അദ്ദേഹം എന്നെ കാണാമെന്ന് പറഞ്ഞിരുന്നു. ആരാധനയിൽ നാല്പതോളം പേർ പങ്കെടുത്തു. നാൽപ്പത് മിനിട്ട് നീണ്ട സർവ്വീസിൽ ആർച്ച്ബിഷപ്പ് അഞ്ചു മിനിട്ട് പ്രസംഗിച്ചു . സർവ്വീസിൽ പങ്കെടുത്ത എല്ലാവർക്കും ആർച്ച് ബിഷപ്പ് നേരിട്ട് കയ്യസൂരി നൽകി. ആർച്ച്ബിഷപ്പിൽ നിന്നും കമ്മ്യൂണിയൻ സ്വീകരിക്കുന്നതിന് എനിക്ക് അവസരം ലഭിച്ചു. ആരാധനയിൽ എനിക്ക് ഏറ്റവും രസകരമായി തോന്നിയത്, ആർച്ച് ബിഷപ്പിന്റെ അംശവടിയാണ്. പടങ്ങളിൽ കാണുന്നതുപോലെ ഇടയന്മാർ ഉപയോഗിക്കുന്ന അറ്റം വളഞ്ഞ ചൂരൽ വടിയാണ് ആർച്ച്ബിഷപ്പിന്റെ അംശവടി. അതിൽ സ്വർണ്ണമില്ല, കുരിശുമില്ല. ആരാധന കഴിഞ്ഞ് ആ വടി ഉയർത്തിയപ്പോഴാണ് അത് അംശവടിയാണെന്ന് മനസ്സിലായത്. ഒരു ഫോട്ടെയെടുക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും, ആരാധനമദ്ധ്യേ ഫോട്ടോയെടുക്കുവാൻ അനുവാദമില്ലാത്തതിനാൽ സാധിച്ചില്ല. ജർമ്മനിയിലും ഇംഗ്ലണ്ടിലും ആരാധനമദ്ധ്യേ ഫോട്ടോയെടുക്കുവാൻ അനുവദിക്കില്ല. (ആംഗ്ലിക്കൻ സഭയിൽ നിന്നാണ് എപ്പിസ്കോപ്പസി സിഎസ്ഐക്ക് ലഭിച്ചത്. സിഎസ്ഐയുടെ യൂണിയനിൽ വന്ന മറ്റ് പാരമ്പര്യങ്ങളിൽ എപ്പിസ്കോപ്പസിയില്ലാതിരുന്നതിനാൽ സിഎസ്ഐ സഭയിൽ എപ്പിസ്കോപ്പസി വേണ്ടായെന്ന നിലപാടായിരുന്നു മറ്റു സഭകൾക്ക്. ആംഗ്ലിക്കൻ സഭയുടെ എപ്പിസ്കോപ്പസി പൂർണ്ണമായി ഉൾക്കൊള്ളുവാൻ സിഎസ്ഐയിൽ ലയിച്ച മറ്റ് സഭകൾ തയ്യാറാകാഞ്ഞതിനാൽ ഭരണഘടനയ്ക്ക് വിധേയമായ എപ്പിസ്കോപ്പസിയാണ് സിഎസ്ഐ സ്വീകരിച്ചത്. അപ്പോസ്തോലിക പാരമ്പര്യ പ്രകാരം കൈവെപ്പ് കിട്ടിയ ആൾക്ക് മറ്റൊരാൾക്ക് കൈവെപ്പ് കൊടുക്കാം. സിഎസ്ഐയിൽ അങ്ങനെ അനുവദിച്ചിട്ടില്ല. നിയമപരമായി സംഘടിപ്പിച്ച കമ്മിറ്റികൾ അതിന് അനുവാദം നൽകുകയും അത് സഭാ സെക്രട്ടറി പ്രസ്താവിക്കുകയും ചെയ്യുമ്പോൾ മാത്രമേ എപ്പിസ്കോപ്പയ്ക്ക് കൈവെപ്പിനുള്ള അവകാശം ലഭിക്കുകയുള്ളു.)കാന്റർബറി ആർച്ച്ബിഷപ്പ് യൂക്കറിസ്റ്റിനു സേഷം അദ്ദേഹത്തെ കാണുവാൻ എനിക്ക് അവസരം തന്നു. സിഎസ്ഐ പുറത്തിറക്കിയിട്ടുള്ള *ഏർത്ത് ബൈബിൾ സേർമൺ* ആർച്ച്ബിഷപ്പിന് സമ്മാനമായി നൽകി. സിഎസ്ഐ സഭയുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ ആർച്ച്ബിഷപ്പ് അഭിനന്ദിച്ചു. അഭിമുഖം കഴിഞ്ഞ് റവ ടെറി എന്നെ ആർച്ചു ബിഷപ്പിന്റെ പാരിസ്ഥിതി ഉപദേശകനെ കാണുവാൻ കൊണ്ടു പോയി. ഞങ്ങൾ തമ്മിൽ ഒരു മണിക്കൂറോളം സംസാരിച്ചു.

റവ ടെറി റോബിൻസണെ സി എസ്ഐ മദ്ധ്യ കേരള മഹായിടവകയുടെ ബൈസെന്റിനറി ആഘോഷങ്ങൾക്ക് ക്ഷണിച്ചുകൊണ്ടുള്ള ബിഷപ്പിന്റെ കത്ത് ആ സമയത്താണ് എത്തിയത്. നേരിട്ട് ക്ഷണിക്കുവാൻ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ലേഡി പാസ്റ്ററുടെ മറുപടി വളരെ ചിന്തിപ്പിക്കുന്ന ഒന്നായിരുന്നു. "കോശി, ഈ ഓഫീസിൽ നിന്ന് കമ്മ്യൂണിക്കേഷൻ ഡിറക്റ്റർ നിങ്ങളുടെ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ഞങ്ങളുടെ ഓഫിസിന്റെ നയമനുസരിച്ച്, ഒരു പരിപാടിക്ക് ഒന്നിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കാറില്ല. യാത്രച്ചെലവ് തരാമെന്ന് പറഞ്ഞാലും ഞങ്ങൾ പോകാറില്ല. സമയനഷ്ടം , പണനഷ്ടം, പരിസ്ഥിതിനാശം തുടങ്ങിയവ ഏറ്റവും കുറവ് വരത്തക്ക രീതിയിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്." നമ്മുടെ നാട്ടിൽ ഫ്രീ ടിക്കറ്റ് കിട്ടിയാൽ എത്ര പേർ വേണമെങ്കിലും നമ്മുടെ സംഘടനകളിൽ നിന്നും പോകാറുണ്ടല്ലൊ എന്നോർത്ത് ഞാൻ ഉള്ളിൽ ചിരിച്ചു.

അടുത്ത ദിവസം യുഎസ്പിജി യുടെ ഓഫിസിലേക്കാണ് പോയത്. യുണൈറ്റഡ് സൊസൈറ്റി പാർട്നേഴ്സ് ഇൻ ദ ഗോസ്പൽ എന്നാണ് മുഴുവൻ പേര്. ആംഗ്ലിക്കൻ സഭയോട് ബന്ധമുള്ള ഒരു സ്വതന്ത്ര സംഘടനയാണിത്. യുഎസ് പിജിയിലെ മുപ്പതോളം സ്റ്റാഫ് അംഗങ്ങൾക്ക് ക്ലാസെടുത്തു. അവരുമായി നടത്തിയ ചർച്ചയിൽ സിഎസ്ഐ സഭയുടെ ഗ്രീൻ സ്കൂൾ പരിപാടി അവർക്കിഷ്ടപ്പെട്ടു. തുടർന്ന് യുഎസ്പിജി യുടെ പാരിസ്ഥിതിക നയം രൂപവൽക്കരിക്കുന്ന മീറ്റിങ്ങിൽ റിസോഴ്സ് പേഴ്സണായി പങ്കെടുത്തു.



*കുര്യൻ ജേക്കബിന്റെ കുടുംബത്തോടൊപ്പം*

### ഫെയ്സ് ബുക്ക് സുഹൃത്തുക്കൾ

എഡിൻബറോയിലെ സന്ദർശനങ്ങളുടെ ഫോട്ടോകൾ ഫെയിസ് ബുക്കിൽ വന്നപ്പോൾ, എന്റെ ഫെയിസ് ബുക്ക് സുഹൃത്തായ കാനഡായിലെ നവീന, എഡിൻബറോയിലുള്ള അവരുടെ സഹോദരൻ കുര്യനെ വിളിച്ച് എന്റെ സന്ദർശന വിവരം പറഞ്ഞു. മാർത്തോമ്മ സഭയിലെ വൈദിക ട്രസ്റ്റി ആയിരുന്ന റവ എ പി ജയിക്കബ് അച്ചന്റെ മക്കളാണവർ. പത്തു പന്ത്രണ്ട് വർഷം മുമ്പ് കാനഡായിൽ പഠിക്കുവാൻ വന്ന് ജോലിയിൽ കയറിയതാണ് കുര്യൻ. ഭാര്യയും രണ്ടു മക്കളും സ്വന്തമായ വീടും രണ്ടു പേർക്കും

ജോലിയും. സന്തോഷമായി കഴിയുന്ന കുടുംബം, കുര്യന്റെ വീട്ടിൽ നിന്നും കപ്പയും മീൻകറിയും ചോറും കഴിച്ചപ്പോൾ വലിയൊരാശ്വാസമാണ് തോന്നിയത്. മൂന്നു നേരം സാൻഡ്‌വിച്ച് കഴിച്ച് വിഷമിച്ചിരിക്കുമ്പോളാണ് കുര്യന്റെ വീട്ടിലെ ഭക്ഷണം.

ലണ്ടനിൽ ചെന്നപ്പോൾ ഫെയിസ് ബുക്കിലെ പടങ്ങൾ കണ്ട് മറ്റൊരാൾ ബന്ധപ്പെട്ടു. കോട്ടയം സിഎംഎസ് കോളജിന്റെ മുൻ പ്രിൻസിപ്പൽ എംസി ജോണച്ചന്റെ മകൻ ഫിലിപ്പ് ജോൺ. ഫിലിപ്പ് ചങ്ങനാശേരി എസ്ബി കോളജിലും ഭാര്യ ടീന കോട്ടയം ബിസിഎം കോളജിലും അദ്ധ്യാപകരായിരുന്നു. മക്കളും ലണ്ടനിലാണ്. അദ്ദേഹവും ഭാര്യയും എന്നെ തിരക്കി ഞാൻ താമസിച്ചിരുന്ന സെന്റ് മാത്യുസ് സെന്ററിൽ വന്നു. വൈകിട്ട് ഭക്ഷണം തരുവാൻ എന്നെയും കൂട്ടി ട്യൂബ് ട്രെയിനിൽ ഇന്ത്യൻ വൈഎംസിഎയിലെത്തി. അവിടെ എന്റെ സുഹൃത്തായ മാവേലിക്കരക്കാരൻ കെ പി ജോണാണ് സെക്രട്ടറി. കെ പി ജോണിന്റെയും ഭാര്യയുടെയും ആതിഥേയത്തത്തിലായി പിന്നീടുള്ള മണിക്കൂറുകൾ. വീണ്ടും ഇന്ത്യൻ ഭക്ഷണം കഴിക്കുവാനുള്ള ഭാഗ്യമുണ്ടായി. എന്നെ ഞാൻ താമസിക്കുന്ന സ്ഥലത്ത് കൊണ്ടുവിട്ടിട്ടാണ് ഫിലിപ്പ് ജോണും കുടുംബവും മടങ്ങിയത്.

**ആർച്ച്ബിഷപ്പ് റോവൻ വില്ല്യംസ്**

അടുത്ത മൂന്നു ദിവസങ്ങൾ കേംബ്രിഡ്ജിലായിരുന്നു. അവിടെയാണ് മുൻ കാന്റർബറി ആർച്ച്ബിഷപ്പ് റോവൻ വില്യംസ് താമസിക്കുന്നത്. നേരത്തെ ലഭിച്ച സന്ദർശനാനുമതിയുടെ വെളിച്ചത്തിൽ ഞാനവിടെ ചെന്നപ്പോൾ അവർ രണ്ടു പേരും എന്നെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ആർച്ച്ബിഷപ്പിന്റെ ഭാര്യ ജയിൻ വില്ല്യംസ് സിഎസ്ഐ സഭയിൽ ജ്ഞാനസ്നാനപ്പെട്ടതാണ്. ഏതാണ്ടു പതിനഞ്ചു വർഷക്കാലം സിഎസ്ഐ സഭാംഗമായിരുന്ന ജയിൻ ലണ്ടൻ ദൈവശാസ്ത്ര സെമിനാരിയിലെ പ്രഫസറാണ്. ആർച്ച്ബിഷപ്പ് സ്ഥാനത്തുനിന്നും വിരമിച്ചശേഷം ബിഷപ്പ് കേംബ്രിഡ്ജ് മാഗ്ഡലിൻ കോളജിന്റെ പ്രിൻസിപ്പലായി സേവനനമനുഷ്ഠിക്കുന്നു. കണ്ണമ്മൂല വൈദിക സെമിനാരിയിൽ പത്തു വർഷക്കാലം അദ്ധ്യാപകനും അഞ്ചു വർഷക്കാലം പ്രിൻസിപ്പലുമായിരുന്ന ജെഫ്രിപോളച്ചന്റെ മകളാണ് ജെയിൻ. എന്റെ പിതാവ് റവ. പി .എം.കോശിയുടെ താല്പര്യപ്രകാരം ജെഫ്രി പോളച്ചൻ എന്റെ പിതാവ് അക്കാലത്ത് സേവനമനുഷ്ഠിച്ചിരുന്ന എള്ളുമ്പുറം സഭയിൽ വരികയും എന്റെ സ്നാനശുശ്രൂഷയിൽ സംബന്ധിച്ച് ജ്ഞാനപിതാവായി




*ഫിലിപ്പ് ജോൺ, കെ.പി ജോൺ എന്നിവരുടെ കുടുംബാംഗങ്ങളോടൊപ്പം*

സ്ഥാനമേൽക്കുകയും ചെയ്തു. എല്ലാ ക്രിസ്മസിനും പിറന്നാളിനും ജെഫ്രിപോളച്ചൻ എനിക്ക് കത്തുകളയ്ക്കുമായിരുന്നു. ജെഫ്രി പോളച്ചൻ എനിക്കയച്ച കത്തുകൾ കണ്ടപ്പോൾ ജയിനിന് കൂടുതൽ സന്തോഷമായി. ജെഫ്രി പോളച്ചൻ 1965ൽ ഇംഗ്ലണ്ടിലേക്ക് തിരികെ പോയി, പിന്നീട് ബിഷപ്പാകുകയും 1983ൽ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. ജയിൻ തയ്യാറാക്കിയ ചായ ആർച്ച്ബിഷപ്പ് റോവൻ വാങ്ങി എനിക്കു തന്നു, വിനീതനായ ഒരാതിഥേയന്റെ റോളിൽ.

തുടർന്ന് ജയിനുമായി നടന്ന അഭിമുഖ സംഭാഷണത്തിൽ ആർച്ച്ബിഷപ്പും പങ്കു ചേർന്നു. കാന്റർബറി ആർച്ച്ബിഷപ്പുമാരുടെ കൂട്ടത്തിൽ മികച്ച പണ്ഡിതനായാണ് റോവൻ വില്ല്യംസ് അറിയപ്പെടുന്നത്. ഭാര്യ ജയിനും ദൈവശ്രാസ്ത്രജ്ഞയാണ്. അനേകം പുസ്തകങ്ങളും ലേഖനങ്ങളും രണ്ടു പേരും എഴുതിയിട്ടുണ്ട്. പതിനഞ്ചുദിവസത്തെ യുകെ സന്ദർശനത്തിലൂടെ ആംഗ്ലിക്കൻ, പ്രെസ്ബിറ്റേറിയൻ പാരമ്പര്യങ്ങൾ മനസ്സിലാക്കുവാനും അനുഭവിച്ചറിവാനും, ദക്ഷിണേന്ത്യ സഭയുടെ പരിസ്ഥിതി വിഭാഗത്തിന് അവരിൽനിന്നു പിന്തുണ നേടിയെടുക്കുന്നതിനും സാധിച്ചു.

**വിശ്വാസികളുടെ എണ്ണം കുറയുന്നു**

ക്രൈസ്തവ വിശ്വാസം ലോകമെങ്ങും എത്തിക്കുവാൻ ശ്രമിച്ച ഒരു രാജ്യമാണ് ബ്രിട്ടൻ. ബ്രിട്ടനിൽ നിന്നും വന്ന മിഷണറി സംഘങ്ങളാണ് ഇന്ത്യയിലും സുവിശേഷ പ്രചാരണ രംഗത്ത് മുന്നിൽ നിന്നിരുന്നത്. പക്ഷേ ഇന്ന് ബ്രിട്ടനിൽ ക്രൈസ്തവ വിശ്വാസികളുടെ എണ്ണം പൊതുവേ കുറയുന്നതായാണ് കണ്ടുവരുന്നത്. സ്കോട്ലന്റിൽ, ചർച്ച് ഓഫ് സ്കോട്ലന്റിന്റെ നാൽപ്പത്തിരണ്ട് സ്ഥലങ്ങളിലുള്ള 1500 കോടി രൂപ വിലവരുന്ന പള്ളികളും വസ്തുക്കളും വില്പനയ്ക്കായി സൈറ്റിലിട്ടിരിക്കുന്നു. അവയുടെ പ്രതീക്ഷിക്കുന്ന വില വരെ സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പള്ളികളിൽ ചിലത് വിറ്റത് ഇപ്പോൾ മോസ്ക്കായും ഷോപ്പിങ് കോംപ്ലക്സായും മാറിയിരിക്കുന്നു. കാന്റർബറി മുൻ ആർച്ച്ബിഷപ്പ് റോവൻ വില്യംസിനോട് ഈ വിൽപ്പനകളെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരമാണ് പ്രതികരിച്ചത്. “ഇംഗ്ലണ്ടിലെ ചില പള്ളികൾ വിറ്റിട്ടുണ്ടെന്നതും അത് മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കുന്നുവെന്നതും ശരിയാണ്. സജീവമായ കോൺഗ്രിഗേഷനുകൾ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ ജോലിയാവശ്യങ്ങൾക്കും മറ്റുമായി പലായനം ചെയ്യുന്നതിനാൽ പള്ളികൾ കാത്തുസൂക്ഷിക്കാൻ കഴിയാതെ വരികയും വിൽക്കാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. പത്തും പതിനഞ്ചും മണിക്കൂറുകൾ ജോലി ചെയ്യുന്ന ആളുക്കളുടെ എണ്ണം കൂടി വരികയാണ്. തന്മൂലം ഞായറാഴ്ച ആരാധനകളിൽ വരുവാൻ സാധിക്കുന്നില്ല. ഞാൻ കാന്റർബറി ആർച്ച്ബിഷപ്പായിരുന്ന അവസാന വർഷം മൂന്നു പുതിയ പള്ളികൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോകകാഴ്ചപ്പാടിൽ വന്ന മാറ്റങ്ങൾ വിശ്വാസത്തെയും ബാധിച്ചിട്ടുണ്ട് എന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല.”


ഡോ.മാത്യു കോശി പുന്നയ്ക്കാട്
സിഎസ്ഐ സിനഡ് പരിസ്ഥിതി വിഭാഗം ഡയറക്ടർ



# ദൈവത്തിന്റെ സ്വന്തം നാടിന്റെ പ്രത്യേകതകൾ

ജസ്റ്റിസ് കെ.റ്റി. തോമസ്



കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് ടൂറിസം വകുപ്പുകാർ വിശേഷിപ്പിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി കോഴിക്കോടു കടപ്പുറത്ത് സെപ്റ്റംബർ ഇരുപത്തിയഞ്ചിന് കൂടിയ ജനലക്ഷങ്ങളോടു പ്രസംഗിച്ചു തുടങ്ങിയപ്പോൾ താൻ എത്തിയിരിക്കുന്നതു ദൈവത്തിന്റെ സ്വന്തം നാട്ടിലാണെന്ന് പറഞ്ഞ് ശ്രോതാക്കളെ ത്രസിപ്പിച്ചു. ദൈവത്തിന്റെ സ്വന്തം നാടിന്റെ സവിശേഷതകൾ അഥവാ പ്രത്യേകതകൾ എന്താണ്? ഒന്നാമത്തേത് നല്ല പ്രകൃതി ഭംഗി. പക്ഷെ അതു കേരളത്തിന്റെ മാത്രം പ്രത്യേകതയല്ലല്ലോ? കേരളത്തേക്കാൾ നല്ല ഭംഗിയുള്ള വേറെ എത്ര രാജ്യങ്ങൾ ഭൂമിയിലുണ്ട്. നെതർലാന്റും, സ്വിറ്റ്സർലാന്റും, ചില സൗത്ത് ആഫ്രിക്കൻ പ്രദേശങ്ങളുമെല്ലാം പ്രകൃതി ഭംഗിയുടെ കാര്യത്തിൽ കേരളത്തെ എത്രയോ കാതം പിന്നിലാക്കുന്നു. കാശ്മീർ പോലും പ്രകൃതി ഭംഗിയുടെ കാര്യത്തിൽ കേരളത്തെ കവച്ചുവയ്ക്കുന്നു. സാക്ഷരതയുടെ കാര്യമെടുത്താൽ അതിൽ കേരളത്തിനു മാത്രം ഒരു പ്രത്യേകതയുമില്ല. കേരളത്തേക്കാൾ സാക്ഷരത കൂടുതലുള്ള ഭാഗങ്ങൾ ലോകത്തിൽ വളരെയുണ്ട്. ഇപ്പോൾ ഇന്ത്യയിൽ തന്നെ ചില സംസ്ഥാനങ്ങൾ സാക്ഷരതയുടെ കാര്യത്തിൽ കേരളത്തിന്റെ അടുത്തെത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെയാണെങ്കിൽ കേരളത്തിന് മാത്രം അഭിമാനിക്കാൻ എന്തെങ്കിലും പ്രത്യേകതകൾ ഉണ്ടോ?

**ഒരു വർഷം കുറഞ്ഞത് പന്ത്രണ്ടും പ്രാവശ്യമെങ്കിലും കേരളവും കേരളീയരും ജോലി ചെയ്യാതെ വീട്ടിൽ കഴിഞ്ഞു കൂടുന്ന രാഷ്ട്രീയ പേക്കൂത്ത് ലോകത്തു മറ്റൊരിടത്തുമില്ല. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും, കർണാടകത്തിലും ബന്തുംഹർത്താലും ആചരിക്കുമ്പോൾ നിരത്തുകളിൽ കൂടി വാഹനങ്ങൾ നിർബാധം ഓടുന്നതും ഒട്ടുമുക്കാലും കടകളും തുറന്നു പ്രവർത്തിക്കുന്നതും കാണുന്നതു സാധാരണമാണ്.**

കേരളത്തിൽ മാത്രം കാണപ്പെടുന്ന രണ്ടു പ്രത്യേകതകൾ ലോകത്തു മറ്റൊരു രാജ്യത്തും ഇല്ലെന്നുള്ള കാര്യത്തിൽ എനിക്കു യാതൊരു സംശയവും ഇല്ല. ഒന്ന്, ബന്ത് ഹർത്താൽ എന്നീ പേരുകളിൽ ഒരു വർഷം കുറഞ്ഞത് പന്ത്രണ്ടു പ്രാവശ്യമെങ്കിലും കേരളവും കേരളീയരും ജോലി ചെയ്യാതെ വീട്ടിൽ കഴിഞ്ഞു കൂടുന്ന രാഷ്ട്രീയ പേക്കൂത്ത് ലോകത്തു മറ്റൊരിടത്തുമില്ല. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും, കർണാടകത്തിലും ബന്തും ഹർത്താലും ആചരിക്കുമ്പോൾ നിരത്തുകളിൽ കൂടി വാഹനങ്ങൾ നിർബാധം ഓടുന്നതും ഒട്ടുമുക്കാലും കടകളും തുറന്നു പ്രവർത്തിക്കുന്നതും കാണുന്നതു സാധാരണമാണ്. ഞാനും ഭാര്യയും മറ്റു ചിലരോടൊപ്പം ഒരിക്കൽ ഉത്തർപ്രദേശിൽ ചെന്നു. തലസ്ഥാനമായ ലക്നൗവിൽ എത്തിയപ്പോൾ അവിടെ അന്ന് ബന്ത് ആയിരുന്നു എന്ന് ആളുകൾ പറഞ്ഞ് അറിഞ്ഞു. പക്ഷെ വീഥികളിൽ കൂടി വാഹനങ്ങൾ ഓടുന്നതു കണ്ടപ്പോൾ ഇതു ഏതുതരം ബന്താണെന്ന് ഞങ്ങൾ അന്വേഷിച്ചു. പല കടകളും അന്നു തുറക്കുകയില്ലെങ്കിലും ആർക്കു വേണമെങ്കിലും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനു കടകളുടെ പിൻഭാഗത്തുള്ള വാതിലുകൾ തുറന്നിടാറുണ്ടെന്നും അവിടെയുള്ളവർ ഞങ്ങളോടു പറഞ്ഞു. ഒരു തുണിക്കടയിൽ നിന്നും ഞങ്ങൾ പല തുണിത്തരങ്ങൾ ബന്തു ദിനത്തിൽ വാങ്ങുകയും ചെയ്തു.

കേരളത്തിൽ ബന്ത്, ഹർത്താൽ ആഹ്വാനം നടത്തിയവർ ഉൾപ്പെടുന്ന ചില രാഷ്ട്രീയ പാർട്ടികൾക്ക് അവർ തെരഞ്ഞെടുപ്പിനു ഒറ്റക്കു മത്സരിച്ചാൽ ഒരു പഞ്ചായത്തുപോലും ഭരിക്കാനുള്ള ഭൂരിപക്ഷം

കിട്ടുകയില്ലെങ്കിലും അവർ ആഹ്വാനം ചെയ്യുന്ന ബന്തും ഹർത്താലും നൂറു ശതമാനം വിജയമായി എന്ന് അവർ അവകാശപ്പെടാറുണ്ട്. അവർ പറഞ്ഞത് ചാനലുകളും മാധ്യമങ്ങളും അംഗീകരിച്ച് വാർത്ത കൊടുക്കാറുമുണ്ട്. ബന്ത് ഹർത്താൽ എന്നിവ കൊണ്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് മെച്ചം ഉണ്ടായിട്ടുണ്ടോ എന്നെനിക്കറിയില്ല. ടൂറിസം കൊണ്ട് ലോകത്തിൽ ഏറ്റവും കൂടുതൽ നേട്ടം കൊയ്യാനാവുന്ന എല്ലാ സാദ്ധ്യതകളും നിറഞ്ഞ ഈ സംസ്ഥാനത്ത് വരാൻ കൊതിക്കുന്ന ടൂറിസ്റ്റുകളോടു ട്രാവൽ ഏജന്റുമാർ മുൻകൂട്ടിക്കൊടുക്കുന്ന മുന്നറിയിപ്പുണ്ട്, ഇവിടെ വരുന്ന ദിവസം ബന്തോ ഹർത്താലോ ഉണ്ടായിപ്പോയാൽ എയർപോർട്ടിൽ നിന്നോ റെയിൽവേ സ്റ്റേഷനിൽ നിന്നോ പുറത്തേക്കു നടന്നു പോകാൻ മാത്രമേ പറ്റുകയുള്ളു എന്ന് ഓർത്തുകൊള്ളണം.

പണിമുടക്ക് എന്ന പേരിൽ ഏതെങ്കിലും ഒരു ട്രേഡ് യൂണിയൻ ഒരു ആഹ്വാനം നടത്തിയാൽ തീർന്നു. പണിമുടക്ക് എന്ന പേരിൽ ഒരു ട്രേഡ് യൂണിയൻ നടത്തുന്ന ഒരു ആഹ്വാനത്തിന്റെ പേരിൽ പണിമുടക്കുന്നത് അവൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ മാത്രമല്ല, എല്ലാ കടകളിലെയും എല്ലാ വാഹനങ്ങളിലെയും എല്ലാ സ്ഥാപനങ്ങളിലെയും ജോലിക്കാർ പണിമുടക്കിൽ പങ്കെടുത്തിരിക്കണമെന്നതു നിർബന്ധമാണ്. പണ്ട് ട്രേഡ് യൂണിയൻ രംഗത്തു നേതാവായിരുന്ന് പല പണിമുടക്കുകളും നടത്തിയിട്ടുള്ള ജോയി മാത്യു എന്നയാൾ നിർബന്ധിത ബന്ത് ആയി രൂപാന്തരപ്പെടുന്നതിനെപ്പറ്റി സെപ്റ്റംബർ 5ന് മലയാള മനോരമയിലെഴുതിയ ലേഖനത്തിൽ ഒരു ദിവസത്തെ പണിമുടക്കു മൂലം കേരളത്തിൽ 1700 കോടി രൂപാ നഷ്ടം സംഭവിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞ വസ്തുതകൾ ഇവയാണ്. പണിമുടക്കു എന്തു പ്രാകൃത സമരമാർഗമാണെന്ന് താൻ ഫെയ്സ് ബുക്കിൽ ഒരു പോസ്റ്റ് ഇട്ടപ്പോൾ അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും പ്രതികരണങ്ങളുണ്ടായി. താൻ സിനിമാ നടനാകുന്നതിനു മുമ്പുള്ള വർഷങ്ങളിൽ എന്തൊക്കെ പണി ചെയ്താണ് ജീവിച്ചതെന്ന് ആർക്കാണ് അറിയാവുന്നത്. ഇപ്പോഴത്തെ തന്റെ അവസ്ഥയിൽ തന്റെ പണികൾ തീർക്കാൻ മതിയാകാതെ വന്നപ്പോഴാണ് പണിമുടക്കിന്റെ നിരർത്ഥകത്തം ബോധ്യപ്പെട്ടത്. പണിമുടക്കുന്നവർ ആത്മാർത്ഥമായിട്ടാണ് അതു ചെയ്യുന്നതെങ്കിൽ പണിമുടക്കു കാലത്തെ ശമ്പളം വേണ്ടെന്നു വെയ്ക്കണം. തൊഴിലാളി പ്രസ്ഥാനങ്ങളുടെ പത്രങ്ങളും ചാനലുകളും പണി മുടക്കിൽ പങ്കെടുക്കാത്തതും. മുഖ്യമന്ത്രിയും മന്ത്രിമാരും പണിമുടക്കാമിരിക്കുന്നതും എന്തുകൊണ്ടാണ്, ഹർത്താൽ എന്നു കേൾക്കുമ്പോൾ മറുനാട്ടിൽ കഠിനമായി ജോലി ചെയ്തു നാട്ടിലേക്കു പണമയയ്ക്കുന്ന മലയാളികൾക്കു തോന്നുക പുച്ഛമാണ്. അവരുടെ പണം കൊണ്ടാണല്ലോ കേരളത്തിന്റെ സാമ്പത്തിക മേഖല നേരെ നിൽക്കുന്നത്. അല്ലാതെ ഇവിടുത്തെ ഉൽപാദന പ്രക്രിയയും വ്യവസായ വളർച്ചയും കൊണ്ടല്ല. സർക്കാർ നിലനിൽക്കുന്നതു ജനത്തെ പിഴിയുന്ന നികുതികൊണ്ടാണ്. പണിമുടക്ക് ആ പിഴിച്ചിൽ കൂട്ടും. ഇങ്ങനെയാണ് ഒരു മുൻപണിമുടക്കു നേതാവിന്റെ അനുതാപങ്ങൾ .

ഈ പ്രത്യേകതകൾ ദൈവത്തിന്റെ നാടിന് മാത്രമായിട്ടുള്ളതാണ്. ഇറാഖിലെ ഏകാധിപതിയായിരുന്ന സദ്ദാംഹുസൈൻ വധിക്കപ്പെട്ടപ്പോൾ ലോകത്തിൽ ഹർത്താൽ ആചരിച്ച ഒരേ ഒരു രാജ്യം കേരളമായിരുന്നു. ഗുജറാത്തിലെ അക്ഷർധാം എന്ന ക്ഷേത്രത്തിൽ ഭീകരർ കയറിവെടിവച്ച് ഏതാനും ആരാധകന്മാരെ കൊലപ്പെടുത്തിയപ്പോൾ അതിനെതിരെ പ്രതിഷേധിക്കുന്നതിന് കേരളം സ്വീകരിച്ച മാർഗം ഒരു ദിവസത്തെ ഹർത്താൽ ആയിരുന്നു. മറ്റൊരിടത്തും, ഗുജറാത്തിൽ പോലും ഹർത്താൽ ആചരിക്കപ്പെട്ടില്ല. വിയറ്റ്നാമിലെ രാഷ്ട്രപിതാവായി കരുതപ്പെട്ടിരുന്ന ഹോച്ചിമിൻ നിര്യാതനായപ്പോൾ ലോകത്തു ഒരിടത്തു മാത്രമേ ഹർത്താൽ ആചരിച്ചിട്ടുള്ളു. അതു ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലാണ്. ഹോച്ചിമിന്റെ നാട്ടിൽ അവിടുത്തെ ജനങ്ങൾ കൂടുതലായി പണിയെടുത്താണ് ആ മഹാന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിയത്. അദ്ദേഹം ഒരിക്കൽ ഇന്ത്യ സന്ദർശിച്ച കൂട്ടത്തിൽ തിരുവനന്തപുരത്തു വന്നിരുന്നു. വളരെയധികം ചെറുപ്പക്കാർ അദ്ദേഹത്തിന്റെ ആരാധകരായി അദ്ദേഹത്തോടൊപ്പം സംഭാഷണത്തിൽ പങ്കെടുത്തപ്പോൾ അവരോട് അദ്ദേഹം ഓരോരുത്തരുടെയും ജോലി എന്താണെന്ന് ചോദിച്ചു. തങ്ങൾ പൂർണ്ണസമയ രാഷ്ട്രീയക്കാരാണെന്ന് അവർ മറുപടി പറഞ്ഞു. അദ്ദേഹം ചിരിച്ചുകൊണ്ട് രാഷ്ട്രീയം ഒരു ജോലി അല്ലല്ലോ നിങ്ങളുടെ വരുമാന മാർഗം എന്താണെന്നാണ് ഞാൻ ചോദിച്ചത് എന്നു പറഞ്ഞു. പാവം ഹോചിമിൻ അറിയുന്നുണ്ടോ രാഷ്ട്രീയം വഴി ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഓരോരുത്തർ സമ്പാദിക്കുന്നത് എത്ര വലിയ സംഖ്യയാണെന്ന്.

ദൈവത്തിന്റെ സ്വന്തനാട്ടിൽ മാത്രമുള്ള രണ്ടാമത്തെ പേരാണ് നോക്കുകൂലി. ഇത്രയും അന്വർത്ഥമായി ആ തലക്കെട്ടു കൊടുത്ത കാവ്യഭാവനയുടെ മുമ്പിൽ നമോവാകം. മനോരമ ആഴ്ചപ്പതിപ്പിൽ നിയമസഹായം എന്ന പംക്തിയിൽ ഉത്തരം പറയുന്നതിന് ഒരാൾ ചോദിച്ച ചോദ്യം ഇങ്ങനെയായിരുന്നു. ബാങ്ക് ലോൺ ഉപയോഗിച്ച് വീടുപണി ആരംഭിച്ചപ്പോൾ എനിക്കു നോക്കുകൂലി നേരിടേണ്ടിവന്നു. ജോലി ചെയ്യുന്ന തൊഴിലാളിക്കു കൂലി നൽകുവാൻ ഞാൻ തയ്യാറായിരുന്നു. എന്നാൽ ലോഡ് ഇറക്കുമ്പോഴും കയറ്റുമ്പോഴും ജോലി ചെയ്യാതെ ഭീമമായ സംഖ്യക്കു വേണ്ടി ആവശ്യപ്പെടുകയും അതു കൊടുത്തില്ലെങ്കിൽ ഭീഷണിയും ചീത്തവിളിയും നടത്തുന്ന ചുമട്ടു തൊഴിലാളികൾ എന്നു പറയുന്ന ഈ കൂട്ടരെ എങ്ങനെ നേരിടാം. അതിലേക്കു ഞാൻ കൊടുത്ത ഉത്തരത്തിന്റെ സംക്ഷിപ്തം ഇങ്ങനെയാണ്. ജോലി ചെയ്യാത്ത ആൾക്കാർക്ക് നോക്കു കൂലി കൊടുക്കണമെന്നു പറയുന്നതു തികച്ചും നിയമവിരുദ്ധമാണ്. അതു ശുദ്ധ തെമ്മാടിത്തരമാണ്. കേരളത്തിലല്ലാതെ ലോകത്തിൽ മറ്റൊരിടത്തും അങ്ങനെയൊരു ഏർപ്പാട് നടക്കുന്നില്ല. അങ്ങനെ പ്രവർത്തിക്കുന്നവർ ഇന്ത്യൻ പീനൽ കോഡിൽ 384 മുതൽ 389 വരെയുള്ള വകുപ്പുകളിൽ പറയുന്ന എക്സ്റ്റോർഷൻ എന്ന കുറ്റത്തിന്റെ വിവിധ പരിമാണങ്ങളാൽ ശിക്ഷിക്ക

പ്പെടേണ്ടവരാണ്. (മനോരമ ആഴ്ചപ്പതിപ്പ് ഒക്ടോബർ 15 ലക്കം).

ദൈവത്തിന്റെ സ്വന്തം നാടിന് ഈ രണ്ടു പ്രത്യേകതക ളല്ലാതെ നമുക്കു മാത്രമായി എടുത്തുപറയാൻ വേറെ ഏ തെങ്കിലും പ്രത്യേകതകൾ ഉള്ളതായി ആരെങ്കിലും ചൂ ണ്ടിക്കാണിച്ചു തരാമോ എന്നു ചില വേദികളിൽ ഞാൻ ചോദിച്ചിട്ടുണ്ട്. ആർക്കും മറ്റൊന്നും ചൂണ്ടിക്കാണിക്കാൻ സാധിച്ചിട്ടില്ല.

മേൽപ്പറഞ്ഞ പ്രത്യേകതകൾ നാം പുലർത്തിക്കൊണ്ടു പോകണമോ? മറ്റു ജനങ്ങളുടെ മുമ്പിൽ നമുക്ക് നാണ ക്കേടുണ്ടാക്കുന്ന ഇത്തരം പ്രത്യേകതകൾ മാറ്റികിട്ടുന്ന തിന് എന്താണ് പോംവഴി. രണ്ടെണ്ണമെങ്കിലും ഞാൻ ചൂ ണ്ടിക്കാണിക്കട്ടെ.

ബന്തും ഹർത്താലും ഇല്ലാതാക്കാൻ മാധ്യമങ്ങൾ മാത്രം വിചാരിച്ചാൽ സാധിക്കും. ഇത് സംബന്ധിച്ചുള്ള ഒരു വാർ ത്തയും ഒരു മാധ്യമങ്ങളും പ്രസിദ്ധപ്പെടുത്തുകയില്ലെന്നും തീരുമാനിച്ചാൽ ഈ അലവലാതിത്തരം ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്നും എന്നന്നേക്കുമായി മാറിക്കിട്ടും. അതിനും പുറമെ മറ്റൊന്നുകൂടി ചെയ്യാം. ഓരോ ഹർ ത്താൽ വഴിയും കേരളത്തിന്റെ സമ്പദ് വ്യവസ്ഥക്ക് ഇത്ര വലിയ നഷ്ടം വരുത്തിവയ്ക്കുന്നതു കൊണ്ട് ഹർത്താൽ ആഹ്വാനം കൊടുക്കുന്നതും, അവ നടപ്പിലാക്കുന്നതും ശിക്ഷാർഹമാക്കുന്ന കുറ്റകൃത്യമാക്കിക്കൊണ്ട് നിയമനിർ മ്മാണം കേരളനിയമസഭ നടത്തിയാൽ അത് വളരെ അ ഭിലഷണീയവും ജനോപകാരപ്രദവും ആയിരിക്കും. പണി മുടക്കാനുള്ള അവകാശം മൗലികാവകാശമായി പരിഗണി ക്കണമെന്നു പറയുന്ന രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രതാ പികൾ ഒരു കാര്യം കൂടി ഓർത്തിരിക്കുന്നത് നന്ന്. പ ണിമുടക്കാൻ നിർബന്ധിക്കുന്നതും പ്രലോഭിപ്പിക്കുന്നതും രാജ്യത്തോടും പൊതുജനങ്ങളോടും ചെയ്യുന്ന അപരാ ധമായി കണക്കാക്കാവുന്ന മനസ്സ് വന്നെങ്കിൽ മാത്രമെ ദൈവത്തിന്റെ സ്വന്തം നാടായി ഈ രാജ്യം രൂപാന്തര പ്പെടുകയുള്ളു.

നോക്കുകൂലി ചോദിച്ചു ഭീഷണിപ്പെടുത്തുന്നത് ഇപ്പോൾ തന്നെ കുറ്റകൃത്യമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചെ ങ്കിലും അതു സംബന്ധിച്ച് തനതായ ഒരു ആക്ട് കേരള നിയമസഭ പാസാക്കുകയാണെങ്കിൽ ഈ തെമ്മാടിത്തരം ഈ നാട്ടിൽ നിന്നും നിഷ്കാസിതമാകും. നോക്കുകൂ ലി ചോദിക്കുന്നവരും അതിനു പിന്തുണ കൊടുക്കുന്ന വരും വെറും ഭീരുക്കൾ കൂടിയാണ് എന്ന് എനിക്കുറപ്പു ള്ളതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്.

ഈ രണ്ടു പ്രത്യേകതകളും കേരളത്തിൽ നിന്നും നിഷ് കാസനം ചെയ്യുവാൻ സാധിക്കാതെ വരുന്ന പക്ഷം യ ഥാർത്ഥത്തിൽ കേരളത്തെ വിശേഷിപ്പിക്കേണ്ടത് ദൈ വത്തിന്റെ സ്വന്തം നാട് എന്നാണോ? അതോ പിശാചി ന്റെ സ്വന്തം നാട് എന്നാണോ എന്ന കാര്യം ഭാവി കേര ളീയരെങ്കിലും പുനപരിശോധനക്ക് വിധേയമാക്കേണ്ട തല്ലേ.

കേരളത്തിലേക്ക് അതിർത്തി കടന്ന് വരുന്ന ടൂറിസ്റ്റു കൾക്ക് കാണാൻ സാധിക്കുന്ന പ്രത്യേകതകൾ വഴിയോ രങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യ വിസർജനങ്ങളും ന ദികളിൽ നിറയുന്ന പോളകളുടെ ആധിക്യവുമാണ്. പോ ളകൾ ആദ്യം നിറഞ്ഞത് ജപ്പാനിലായിരുന്നത്രെ. പക്ഷെ ഞാൻ ജപ്പാനിൽ പോയപ്പോൾ ഒറ്റനദിയിലും പോളകൾ കാണപ്പെട്ടില്ല. ശാസ്ത്രീയ മാർഗങ്ങളിലൂടെ അവർ പോ ളകളും മാലിന്യങ്ങളും നിഷ്കാസനം ചെയ്തു. പക്ഷെ കേരളത്തിൽ ഇവ രണ്ടും മാറ്റുന്നതിനു സാധിക്കാതെ വരുന്നത് ദൈവത്തിന്റെ സ്വന്തം നാടിന് അവകൂടി അല ങ്കാരങ്ങളായി ഭവിക്കട്ടെ എന്നുള്ള ആഗ്രഹത്താലാണോ?

9447078215

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ന്യൂ വിഷൻ മാസിക വായനക്കാരുടെ സംഭാവനകൾകൊണ്ടു മാത്രമാണ് ഓരോ മാസവും കടമില്ലാതെ പ്രസിദ്ധീകരിക്കുന്നത്. കവറിൽ 100 രൂപായെന്ന് അച്ചടിച്ചിരിക്കുന്നത് ആർഎൻഐക്ക് കൊടുത്തിരിക്കുന്ന ഡിക്ലറേഷൻ മാറ്റുവാൻ താമസം നേരിടുന്നതുകൊണ്ടാണ്. **വർഷം തോറും 200 രൂപാ** സംഭാവനയായി വരി ക്കാർ തന്നെങ്കിൽ മാത്രമേ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളു. മാന്യവായന ക്കാർ 200 രൂപ കണക്കാക്കി വാർഷിക സംഭാവന അയക്കണമെന്നഭ്യർത്ഥിക്കുന്നു. മാസിക ക്രമമായി എല്ലാ മാസവും കിട്ടണമെന്നാഗ്രഹിക്കുന്നവരും അഞ്ചാം തീയതി വരെ കിട്ടിയില്ലെങ്കിൽ ടെലിഫോണിൽ ബന്ധ പ്പെടുകയും ചെയ്യുന്ന നൂറു കണക്കിന് വരിക്കാരാണ് ഞങ്ങൾക്കുള്ളത്. ഞങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് മനസ്സിലാക്കി മാസം തോറും സംഭാവനകൾ നൽകിയും തങ്ങളുടെ ആഘോഷവേളകളിൽ പ്രത്യേക സംഭാ വനകൾ തന്നുമാണ് 1992 മുതൽ ഒരു ലക്കവും മുടങ്ങാതെ ഞങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നത്. ഏറ്റവും മികച്ച ക്രൈസ്തവ പ്രസിദ്ധീകരണമായി തീരുവാൻ ഞങ്ങളെ സഹായിച്ച എല്ലാ മാന്യവായനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി.

വിവാഹ പരസ്യങ്ങൾ, ഫോട്ടോകൾ, സ്മരണാഞ്ജലികൾ, മറ്റ് പരസ്യങ്ങൾ എന്നിവ ന്യൂവിഷനിൽ പ്രസിദ്ധീകരിക്കുവാൻ പത്രാധിപ സമിതി തീരുമാനിച്ചിട്ടുണ്ട്. പരസ്യങ്ങളും സംഭാവനകളും നൽകി ന്യൂവി ഷൻ മാസികയെ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. അടുത്ത ലക്കം മുതൽ കുടിശിഖയുള്ളവർക്ക് മാസിക ലഭിക്കുന്നതല്ല.

ജോർജ് മാത്യു സി( മാനേജിങ് എഡിറ്റർ)ഡോ.മാത്യു കോശി പുന്നയ്ക്കാട് (പബ്ലിഷർ)

# പ്രാർത്ഥന താഴും താക്കോലും



ഡോ. ഡി. ബാബു പോൾ



ആദാമിന്റെ പൗത്രൻ പിറന്ന കാലം മുതൽ ആണ് യാഹ്വെയുടെ നാമത്തിലുള്ള പ്രാർത്ഥന തുടങ്ങിയത് എന്ന് ഉല്പത്തിപുസ്തകം പറഞ്ഞുതരുന്നു. പഴയനിയമത്തിൽ എൺപത്തിയഞ്ചു പ്രാർത്ഥനകളും പ്രാർത്ഥന എന്ന് വർഗീകരിക്കാവുന്ന എഴുപത്തിനാല് സങ്കീർത്തനങ്ങളും ഉള്ളതായി വായിച്ചിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും പ്രാർത്ഥിക്കാം. എവിടെ വച്ചും പ്രാർത്ഥിക്കാം, എന്നാൽ ചില വേളകളിൽ പ്രാർത്ഥന നിർബന്ധം. ഇതാണ് പഴയനിയമം പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിക്കുന്നത് എന്ന് ഏകദേശമായി പറയാം. പ്രാർത്ഥന കേവലം അനുഷ്ഠാനമായി അധഃപതിക്കരുത് എന്ന് പ്രവാചകന്മാർ ആഹ്വാനം ചെയ്തു.

പ്രവാസ പൂർവ്വകാലത്ത് തന്നെ മധ്യസ്ഥപ്രാർത്ഥന പ്രധാനമായിരുന്നു. മോശെയുടെ പ്രാർത്ഥനകൾ ഈ പ്രകൃതത്തിൽ സവിശേഷശ്രദ്ധ ആവശ്യപ്പെടുന്നു. മോശെ പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു എന്ന് നമുക്കറിയാം. പ്രാർത്ഥനാമനുഷ്യരിലെ അതികായകൻ എന്നാണ് പോൾ ബോഷാം എന്ന ഈശോ സഭാംഗം എഴുതിയിട്ടുള്ളത്. മോശെയുടെ പ്രാർത്ഥനകൾ ശ്രീയേശുവിന്റെ പ്രാർത്ഥനയ്ക്ക് മുന്നോടിയായിരുന്നു എന്ന് പണ്ഡിതമതം.

പ്രവാസാനന്തരകാലത്ത് പൊതുപ്രാർത്ഥനകൾ തുടർന്നു. എങ്കിലും എസ്രായും നെഹമിയായും വ്യക്തിഗതപ്രാർത്ഥനകളും പ്രസക്തി വെളിപ്പെടുത്തിയത് ജനം ശ്രദ്ധിച്ചു. മക്കാബിയ കാലത്ത് പോരിന് പുറപ്പെട്ടവർ പ്രാർത്ഥിച്ചിട്ടാണ് യുദ്ധത്തിന് ഇറങ്ങിയത്. ക്രമേണ യാന്ത്രികമായ നാമോച്ചാരണങ്ങളും നിർബ്ബന്ധമായി പ്രാർത്ഥനാനുഷ്ഠാനങ്ങളും യിസ്രായേലിനെ അടയാളപ്പെടുത്താൻ തുടങ്ങി. മനുഷ്യാവതാരകാലത്തെ അവസ്ഥ അതായിരുന്നു.

> **യാഹ്വെയാണ് ഏകദൈവം – ഏകസത്യദൈവം മാത്രം അല്ല, ഏകദൈവം, ഒരേയൊരു ദൈവം എന്ന ആശയം വികസിച്ചത് പ്രവസാനന്തര കാലത്താണ്. സർവ്വശക്തനും സർവ്വവ്യാപിയും ആയ ദൈവത്തെ സീനായ് മലയിലെ ഉടമ്പടിയുടെ മതിൽക്കെട്ടിൽ നിന്ന് മോചിപ്പിച്ചപ്പോഴാണ് ഈ സാർവ്വത്രിക ഭാവം വ്യക്തമായതെന്ന് ചില പണ്ഡിതർ വിശദീകരിക്കാറുണ്ട്.**

പഴയനിയമകാലത്തെ പ്രാർത്ഥനയെക്കുറിച്ച് പറയുമ്പോൾ സങ്കീർത്തനങ്ങൾ സവിശേഷപരാമർശം അർഹിക്കുന്നുണ്ട്. വേദപുസ്തകം ഉൾക്കൊള്ളുന്ന ദർശനങ്ങൾ, കല്പനകൾ, ജ്ഞാനം, പ്രവചനം, യാഹ്വെയുടെ അത്ഭുത പ്രവൃത്തികൾ എല്ലാം വിളക്കുതിരിയിൽ എണ്ണ കയറുമ്പോലെയും .... ആഗിരണം നടക്കുന്ന ചെടികളിൽ അരങ്ങേറുന്ന പ്രക്രിയ പോലെയും സങ്കീർത്തനങ്ങളിൽ തെളിഞ്ഞു വരുന്നു എന്ന് ഞാൻ തന്നെ മറ്റൊരിടത്ത് എഴുതിയിട്ടുള്ളത് ഓർത്തുപോവുന്നു. സങ്കീർത്തനങ്ങളിലെ പ്രാർത്ഥനകൾക്ക് കാണാവുന്ന സവിശേഷതകൾ വേദശബ്ദരത്നാകരത്തിൽ (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997 നാലാം പതിപ്പ് 2016) ഇങ്ങനെ വായിക്കാം.

ക) ഒരേ സമയം വ്യക്തിഗത പ്രാർത്ഥനയും സംഘം ചേർന്നുള്ള പ്രാർത്ഥനയും ആണ് അവ.

ഖ) ജീവിതാനുഭവങ്ങളുടെ വൈവിധ്യം അവയിൽ പ്രതിഫലിക്കുന്നു.

ഗ) പ്രത്യാശയാണ് മൂലബിന്ദു കണ്ണീരിലേക്കും ചിരിയിലേക്കും മാറിമാറി വീഴുമ്പോഴും ഈ ഭാവത്തിന് മാറ്റമില്ല. ഇഹലോക ജീവിതത്തിൽ നിന്ന് നിത്യജീവനിലേക്ക് കടക്കുന്നതിനെക്കുറിച്ച് ടാഗോർ പറഞ്ഞിട്ടുണ്ട്. ഓർമ്മ വരുന്നു. ഒരു മുല കുടിച്ചു കഴിഞ്ഞാൽ അമ്മ മറ്റേ മുലയിലേക്ക് നയിക്കുന്നു. രണ്ട് മുലക്കണ്ണുകൾക്കിടയിലെ അതിഹ്രസ്വമായ സമയം കുഞ്ഞിന് ലോകാവസാനം പോലെ തോന്നും എന്നാണ് മഹാകവി പറഞ്ഞത്. വീണ്ടും പാൽ കിട്ടിത്തുടങ്ങുമ്പോഴോ കുഞ്ഞിന് നിർവൃതിയായി. സങ്കീർത്തനക്കാരന്റെ മനസ്സും ഇതേ പാതയിലാണ്.

ഘ) അത്യുന്നതനായ ദൈവത്തിന്റെ നിഴലിൽ ജീവിക്കുന്നതിന്റെ ആത്മഹർഷം സങ്കീർത്തനത്തിൽ സുവ്യക്തമാണ്. പഴയനിയമത്തിലെ പ്രാർത്ഥനയെക്കുറിച്ച് പൊ

തുവെ നിരീക്ഷിക്കാവുന്ന ചില സംഗതികൾ ഉണ്ട്. ഒന്ന്, യിസ്രായേലിന്റെ ദൈവമായ യാഹ്വെയോട് മാത്രമാണ് പ്രാർത്ഥന. അക്കാദിലും ഈജിപ്തിലും പ്രാർത്ഥനക്ക് ഇതേ സ്വരവും ലയവും ഭാവവും ഉണ്ടായിരുന്നുവെങ്കിലും ആയിരുന്നില്ല. രണ്ടാമത്, യാഹ്വെയെ സ്വന്തം കുടുംബ കാരണവർ ആയിട്ടാണ് യിസ്രയേൽ കണ്ടത്. മനുഷ്യൻ ദൈവത്തോട് എന്ന പൊതുഭാവത്തെക്കാൾ കൂടുതലായി യിസ്രയേൽ യാഹ്വെയോട് എന്ന സ്വകാര്യഭാവമാണ് നാം കാണുന്നത്. ഇതിനോട് ചേർത്ത് പറയേണ്ട മറ്റൊന്നുണ്ട്. യാഹ്വെയാണ് ഏകദൈവം– ഏകസത്യദൈവം മാത്രം അല്ല, ഏകദൈവം, ഒരേയൊരു ദൈവം എന്ന ആശയം വികസിച്ചത് പ്രവാസാനന്തര കാലത്താണ്. സർവ്വശക്തനും സർവ്വവ്യാപിയും ആയ ദൈവത്തെ സീനായ് മലയിലെ ഉടമ്പടിയുടെ മതിൽകെട്ടിൽ നിന്ന് മോചിപ്പിച്ചപ്പോഴാണ് ഈ സാർവ്വത്രികഭാവം വ്യക്തമായതെന്ന് ചില പണ്ഡിതർ വിശദീകരിക്കാറുണ്ട്. മൂന്നാമത്, പഴയനിയമത്തിൽ പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവനുള്ള വക്തിയാണ്. ഇത് സൂചിപ്പിക്കുന്നത് ശക്തമായ ആന്ത്രപ്പോ മൊർഫിക് ചിന്താപദ്ധതിയാണ് എന്ന് എടുത്തുപറയേണ്ടതില്ല. നാല്, പഴയനിയമപ്രാർത്ഥനകളിലെ ശക്തീകരണം, ഊന്നൽ, ഈ ലോകത്തിലെ നന്മകൾക്കാണ്. എല്ലാ നന്മകളും ഈശ്വരനിൽ നിന്ന് വരുന്നു എന്ന ചിന്ത തന്നെയാണ് ഇതിന് പിന്നിൽ, സംശയം വേണ്ട. എന്നാൽ ആത്മീയവരങ്ങൾക്കും നിത്യജീവനും വേണ്ടിയുള്ള അപേക്ഷകൾ കുറവാണ്. ദർശനം ഇന്നത്തെയത്ര വികാസം പ്രാപിച്ചിരുന്നില്ല എന്നതാവാം കാരണം. മറ്റൊരു കാര്യം പ്രാർത്ഥനയുടെ അനുഷ്ഠാനമാനം ക്രമാനുഗതമായി വർദ്ധിച്ചതാണ്. അത് ദൈവാലയത്തിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. യെരുശലേമിനെ നോക്കി പ്രാർത്ഥിക്കുന്ന രീതി ഇതിന്റെ തുടർച്ചയാണ്. ഒന്നുകൂടെയുണ്ട് പറയാൻ യിസ്രായേലിന്റെ പ്രാർത്ഥനയുടെ അവിഭാജ്യഘടകം ആയിരുന്നു ആ പ്രാർത്ഥന. ദൈവം അംഗീകരിച്ചു എന്ന വിശ്വാസവും പല സങ്കീർത്തനങ്ങളുടെയും തുടക്കവും ഒടുക്കവും ശ്രദ്ധിച്ചാൽ കാണാം. തെരഞ്ഞെടുപ്പും ഉടമ്പടിയും യിസ്രായയേലിനെ ദൈവത്തോട് സവിശേഷമായി ബന്ധിപ്പിച്ചു എന്ന ചിന്തയാണ് ഇതിന് പിന്നിൽ. യിസ്രയേൽ ആ ഉടമ്പടി വിശ്വസ്തതയോടെ പാലിക്കുന്ന കാലത്തോളം യിസ്രയേലിന്റെ പ്രാർത്ഥന അംഗീകരിക്കപ്പെടുക തന്നെ ചെയ്യും.



പുതിയനിയമത്തിൽ യേശു പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിക്കുന്നതാണ്, സ്വാഭാവികമായും ആദ്യം നാം ശ്രദ്ധിക്കേണ്ടത്. ലൂക്കൊസ് 11,18,20, മത്തായി 7,18 വായിക്കുമ്പോൾ നാം ഇത് പഠിക്കും. പൗലൊസ്, യാക്കോബ്, യോഹന്നാൻ ഒക്കെ ഇത് പഠിപ്പിക്കുന്നു. എബ്രായലേഖനം പ്രാർത്ഥനയെക്കുറിച്ച് യുക്തിബദ്ധമായി വിവരിക്കുന്നു. സർവ്വോപരി കർത്തൃപ്രാർത്ഥന എന്ന് തെറ്റായി വിളിക്കപ്പെടുന്ന – മുടിയനായ പുത്രൻ എന്ന ശീർഷകം പോലെ – പ്രാർത്ഥന ഒരു സൂക്ഷ്മവിഭാഗം ഒഴികെ സകല ക്രിസ്ത്യാനികളും ഉപയോഗിക്കുന്നത്. ശിഷ്യന്മാർ നിത്യവും ഉപയോഗിച്ചതായി രേഖയില്ലെങ്കിലും പ്രാർത്ഥന ദൈവവുമായി നടക്കുന്ന ഒരു മുഖാമുഖമാണ്. ദൈവവുമായുള്ള ഓരോ മുഖാമുഖവും ഒരു ന്യായവിധിയെ സൃഷ്ടിക്കുന്നു എന്ന് മെട്രോപ്പോളിറ്റൻ അന്തോണി (ആർച്ച് ബിഷപ്പ് ബ്ളും) പറഞ്ഞിട്ടുണ്ട്. നാമും ദൈവവും തമ്മിലുള്ള അകലം നമുക്ക് വ്യക്തമാകുന്ന വേളയാണ് ഓരോ പ്രാർത്ഥനാവേളയും. ദൈവത്തിന്റെ വിശുദ്ധിയും നമ്മുടെ അശുദ്ധിയും അല്ല സുചിതം. ആ വിശുദ്ധിയോടുള്ള നമ്മുടെ പ്രതികരണമാണ് ആ ദൂരം നിർവചിക്കുന്നത്. പരീശന് നീതികരണം ഇല്ല. ചുങ്കക്കാരനാണ് ദൈവത്തോട് കൂടുതൽ അടുത്ത് നിൽക്കുന്നത്. മനസ്സാണ് പ്രധാനം. മനകൃതം, കൃതം, ന കായകൃതം.

വാചാ പ്രാർത്ഥനയോ ലിഖിതരൂപമോ? രണ്ടും തമ്മിൽ ആകെയുള്ള വ്യത്യാസം ലിഖിതരൂപം യാന്ത്രികമാവാം എന്നതാണ്. വാചാപ്രാർത്ഥനയും അതിൽ നിന്ന് മുക്തമല്ല. പല വൈദികരുടെയും ഉപദേശിമാരുടെയും വാചാ പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ ഒരേ മാതൃക ആവർത്തിക്കപ്പെടുന്നതായി കാണാം. മാത്രവുമല്ല പ്രാർത്ഥിക്കുന്നയാളുടെ സ്വയാവബോധം– സെൽഫ് കോൺഷിയസ്നെസ്– ആ വ്യക്തിയെ സംബന്ധിച്ചെങ്കിലും ഫലശോഷണം വരുത്താനുള്ള സാധ്യതയും കൂടുതലാണ്.

ഈയിടെ പെന്തെക്കോസ്തുകാർ ഒരു തക്സാ ഉണ്ടാക്കി. അതിന്റെ പരസ്യം അവരുടെ പ്രസിദ്ധീകരണങ്ങളിൽ കാണാം. ഓരോരുത്തർ ഓരോ തരത്തിൽ ഓരോ ശുശ്രൂഷകൾ നടത്തുന്നതിന്റെ അരോചകത്വം അവസാനിപ്പിക്കാനാണ് തക്സാ നിർമ്മിച്ചതെന്നാണ് ന്യായീകരണം. നമ്മുടെ സഭാപിതാക്കന്മാർ ചെയ്തതും മറ്റൊന്നല്ല.

ചുരുക്കിപ്പറഞ്ഞാൽ പ്രാർത്ഥന നിയതരൂപത്തിൽ എഴുതിയതാണോ അപ്പോഴപ്പോൾ വായിൽ തോന്നുന്നത് അവതരിപ്പിക്കുന്നതാണോ ഭേദം എന്ന് ചോദിക്കുന്നതിൽ അർത്ഥമില്ല. എഴുതിവച്ചിരിക്കുന്ന പ്രാർത്ഥനകൾ അർത്ഥം ഗ്രഹിച്ച് മനസ്സിരുത്തി ചൊല്ലിയാൽ അതിലേറെ അനുഗ്രഹം ഉണ്ടാകാനില്ല.

പാമ്പാക്കുട നമസ്കാരം ആണ് ഞാൻ ഉപയോഗിക്കുന്നത്. ഏഴ് നേരത്തെ പ്രാർത്ഥനകൾ ശ്രദ്ധാപൂർവ്വം ചൊല്ലുമെങ്കിൽ ഓരോ ദിവസവും ലോകത്തിലെ എല്ലാ വിഷയങ്ങളും നമ്മുടെ പ്രാർത്ഥനയിൽ കടന്നുവരും. പാതിരാത്രിയുടെ രണ്ടാം കൗമയിൽ സോമാലിയയിലെ ദാ

രിദ്ര്യവും അഭയാർത്ഥി പ്രശ്നവും കേരളത്തിലെ മറുനാടൻ തൊഴിലാളികളും പരാമർശിക്കപ്പെട്ടിരിക്കുന്നു. ധ്യാനിച്ച് പ്രാർത്ഥിക്കണമെന്ന് മാത്രം.

നമ്മുടെ പ്രാർത്ഥനകളും പ്രാർത്ഥനാ സമ്പ്രദായങ്ങളും കൃത്യമായി ഗ്രഹിക്കാൻ സഹായിക്കുന്ന കൃതിയാണ് ഭാഗ്യസ്മരണാർഹനായ അപ്രേം പ്രഥമൻ ബാവായുടെ *ദ ഗോൾഡൻ കീ ടു ഡിവൈൻ വർഷിപ്പ്.* കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഹോംസിലെ മെത്രാപ്പോലീത്ത ആയിരിക്കുമ്പോൾ രചിച്ച ഈ കൃതി 1950ലാണ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്.

പാശ്ചാത്യസർവ്വകലാശാലകളിൽ അധ്യാപനം നടത്തിയ ആദ്യത്തെ അന്ത്യോക്യ പാത്രിയർക്കീസ് ആയിരുന്നു അപ്രേം പ്രഥമൻ. ഓക്സ്ഫഡിലും കേംബ്രിഡ്ജിലും പ്രഭാഷണങ്ങൾ നടത്തിയ ബാവാ ഷിക്കാഗോ സർവ്വകലാശാലയിൽ അധ്യാപകൻ ആയി പ്രവർത്തിച്ചു. ജനീവയിൽ 1927ൽ നടന്ന ഫെയ്ത്ത് ആന്റ് ഓർഡർ കോൺഫ്രൻസിൽ സഭയെ പ്രതിനിധീകരിക്കാൻ ഏലിയാസ് തൃതീയൻ ബാവാ നിയോഗിച്ചത് ഈ പണ്ഡിത പ്രകാണ്ഡത്തെ ആയിരുന്നു. മീഖായേൽ റാബോ കഴിഞ്ഞാൽ ഇത്രയും ബൗദ്ധികസിദ്ധി പ്രകടിപ്പിച്ച മറ്റൊരു പാത്രിയർക്കിസ് അതിന് മുൻപ് ഉണ്ടായിട്ടില്ല. പന്ത്രണ്ടാം നൂറ്റാണ്ടാണ് റാബൊയുടെ കാലം എന്ന് ഓർക്കണം. 1191ൽ കാലം ചെയ്തയാൾക്ക് ഷേം 1887ൽ ജനിച്ച ആൾ. ചരിത്രമായിരുന്നു ഇഷ്ടവിഷയം. എന്ന് തോന്നുന്നു.ചിതറിയ മുത്തുകൾ എന്ന പേരിൽ മലയാളത്തിൽ ലഭ്യമായ ബേറൂലെഫ്-ദീറേ ഉൾപ്പെടെ അനവധി ചരിത്രകൃതികളും ഗവേഷണപ്രബന്ധങ്ങളും രചിച്ച അപ്രേം പ്രഥമൻ ഒരു നിഘണ്ടുവും നിർമിച്ചിട്ടുണ്ട്. അറബി- സുറിയാനി നിഘണ്ടു. സഭാ ബാവയുടെ അഭിപ്രായത്തിൽ രണ്ടായിരം സംവത്സരങ്ങൾക്കിടയിൽ സഭ കണ്ട നാലോ അഞ്ചോ പ്രഗത്ഭരിൽ ഒരാൾ.

പ്രകൃതഗ്രന്ഥത്തിൽ പ്രാർത്ഥനയുടെ മൂല്യം, ന്യായം, സമ്പ്രദായങ്ങൾ, പ്രാർത്ഥനയിലെ ഏകാഗ്രത, പ്രാർത്ഥന ഫലപ്രദമാകുവാനുള്ള ഉപാധികൾ, വിവിധ പ്രാർത്ഥനകൾ എന്നിങ്ങനെ ഒരു സുറിയാനി സഭാംഗം അറിഞ്ഞിരിക്കേണ്ട സംഗതികൾ ലളിതമായി വിവരിച്ചിരിക്കുന്നു. ഓരോ വസ്തുതയും വിശദീകരിക്കുന്നതിൽ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിട്ടുള്ള കൃതഹസ്തത അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിനും ആധ്യാത്മിക ചൈതന്യത്തിനും ഒരുപോലെ തെളിവ് നൽകാൻ പോന്നതാണ്. ദാനിയേലിന്റെ പ്രാർത്ഥനയും അപ്രേമിന്റെയും ക്രിസോസ്തത്തിന്റെയും മാബൂഗിലെ പീലക്സിനോസിന്റെയും മറ്റും രചനകളായ മനോഹരപ്രാർത്ഥനകളും ഈ കൃതിയുടെ സൗന്ദര്യവും പ്രയോജനവും വർദ്ധിപ്പിക്കുന്നുണ്ട്.

ഇത് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുവാനുള്ള തീരുമാനം പ്രശംസ അർഹിക്കുന്നു. വൈദികർക്കും അത്മായർക്കും ഒരുപോലെ ഉപയോഗപ്രദമായ ഈ കൃതി സൺഡേസ്കൂളിലെ ഉയർന്ന ക്ലാസുകളിൽ പാഠപുസ്കം ആക്കേണ്ടതാണ്.

ജേക്കബ് വർഗീസ് മൂലകൃതിയോട് വിശ്വസ്തത പുലർത്തിക്കൊണ്ടാണ് വിവർത്തനം നിർവ്വഹിച്ചിട്ടുള്ളത്. എന്റെ ചിരകാലസുഹൃത്തായ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നു.

9447331149

## മത്തായിയും ദൈവവും

പകൽ മുഴുവൻ തന്നാൽ കഴിയും വിധം ഉടായിപ്പുകൾ നടത്തിയ മത്തായി വൈകിട്ട് മുട്ടുകുത്തി പ്രാർത്ഥന തുടങ്ങി.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ! ....

ഓൺലൈനിൽ ഇരിക്കുകയായിരുന്ന സ്വർഗസ്ഥനായ പിതാവ് അപ്പോൾ തന്നെ റിപ്ലേ കൊടുത്തു .

കിടന്നു തൊള്ള തുറക്കാതെ കാര്യം പറ മത്തായീ !

ഞെട്ടിപ്പോയ മത്തായി ആത്മസംയമനം വീണ്ടെടുത്തു പറഞ്ഞു .അങ്ങയുടെ നാമം പൂജിതമാകണമേ !

ദൈവം: ഈ സുഖിപ്പിക്കൽ നിത്യേന കുറെ കേൾക്കുന്നതാ നീ ബാക്കി പറ

അങ്ങയുടെ രാജ്യം വരേണമേ !


നടന്നതു തന്നെ ദൈവത്തിന്റെ ആത്മഗതം .

അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ

അത് അതിമോഹമല്ലേ മത്തായി !

അന്നന്നു വേണ്ട ആഹാരം എന്നും ഞങ്ങൾക്ക് തരേണമേ അത് കേട്ട ദൈവത്തിനു കലി വന്നു.

നാല് തലമുറക്ക് ഇരുന്നു കഴിക്കാനുള്ളത് സമ്പാദിച്ചു വെച്ചിട്ടാണോടാ മോനേ നീ അന്നന്നത്തെ ആഹാരത്തിന് എന്നോട് കേഴുന്നത്



വിരണ്ടു പോയ മത്തായി അടുത്ത വാചകം പറഞ്ഞു ഞങ്ങളോട് തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതു പോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമേ

അതും കൂടി കേട്ടപ്പോൾ ദൈവത്തിന്റെ സകല കൺട്രോളും പോയി പുറംകാൽ മടക്കി പിടലിക്ക് ഒന്ന് കൊടുത്തതും മത്തായി മൂക്കുകുത്തി വീണു.

അത് കണ്ട ഭാര്യ അന്നാമ്മ വിളിച്ചു പറഞ്ഞു:.

കണ്ടുപഠിക്കെടാ മക്കളേ നിങ്ങളുടെ അപ്പന്റെ ഭക്തി

പ്രാർത്ഥനക്കു ശേഷമുള്ള ആ കുമ്പിടീലു കണ്ടോ ....

# ദാഹജലം



ഡോ.ടോം.പി.പോൾ

ക്രിസ്തു കുരിശിൽ നിന്നും പറഞ്ഞു. എനിക്കു ദാഹിക്കുന്നു. കേട്ടവർ പലവിധമാണ് പ്രതികരിച്ചത്. ചിലർ നീർപഞ്ഞിയിൽ വിനാഗിരി മുക്കി അവന്റെ ചുണ്ടു നനച്ചു. മറ്റു ചിലർ അവരെ വിലക്കി. ദൈവം അവനെ സഹായിക്കുമോ എന്ന് നോക്കാം എന്നു പറഞ്ഞു.

മനുഷ്യന്റെ ദാഹം ഏറ്റവും നല്ല വിൽപ്പന ചരക്കായി മാറിയ നാളുകളാണിത്. അവന്റെ ഹൃദയം മറ്റെന്നത്തെക്കാളും ദാഹാർത്തം. ഭൗമിക പാനീയങ്ങൾക്ക് കെടുത്താൻ കഴിയാത്ത ദാഹമാണ് അവൻ നേരിടുന്നത്. സ്നേഹത്തിനും സംതൃപ്തിക്കും വേണ്ടിയുള്ള അലച്ചിൽ രൂക്ഷമായിരിക്കുന്നു. ഹൃദയം തേടുന്നത് ലൗകിക ആശ്വാസമായാൽ എത്ര കഴിച്ചാലും അതു വീണ്ടും ദാഹം ശേഷിപ്പിക്കും. ദാഹിക്കുന്നവർക്ക് ക്രിസ്തുവിൽ നിന്നു കുടിപ്പാൻ നൽകണം. തന്നിൽ വിശ്വസിക്കുന്ന ഹൃദയത്തിൽ നിന്നൊഴുകുന്ന ജീവജലത്തിന്റെ അരുവികൾക്കല്ലാതെ ഹൃദയദാഹം തീർക്കാനാവില്ല. അതിനാൽ നാം ക്രിസ്തുവിൽ വിശ്വസിക്കുകയാണ് ദാഹാർത്തരെ തൃപ്തിപ്പെടുത്തുവാൻ ആദ്യം വേണ്ടത്.

മരീചികപോലെ മാറിമാറി പോകുന്ന ലൗകികാശ്വാസങ്ങൾ തേടുകയാണ് മനുഷ്യമനസ്സ്. തെന്നിമാറുന്ന പ്രതീക്ഷകൾ നമ്മുടെ അലച്ചിലുകൾ കൂട്ടിയിട്ടുണ്ട്. ഒരുവന്റെ ദാഹം കെടുത്താൻ മറ്റൊരുവന്റെ സഹനത്തോളം നല്ല പാനീയമില്ല. ക്രിസ്തു സഹിച്ചപ്പോൾ അത് ലോകമോഹങ്ങൾക്ക് തീർക്കാനാവാത്ത ദാഹം തീർത്തു. അവസാന തുള്ളി രക്തവും അവിടുന്നു ചിന്തി. അതു നമ്മുടെ ദാഹം തീർക്കാനായിരുന്നു. പാപദാഹത്തിൽ നിന്നുള്ള മോചനമാണ് തിരുരക്തത്തിൽ. നാം ക്രിസ്തുവിനെ പ്രതി സഹിക്കുമ്പോൾ അത് അവന്റെ രക്തത്തിലുള്ള നമ്മുടെ ഒന്നുചേരലാകും. പാപക്കനലുകൾ എരിയുന്ന മനസ്സുകളുടെ ദാഹം ശമിപ്പിക്കും.

മണ്ണിൽ ദൈവം കരുതി വച്ചിട്ടുള്ള നീരുറവകൾ സകല മനുഷ്യരുടടേതുമാണ്. വെള്ളവും വെളിച്ചവും പ്രാണവായുവും ആർക്കും നിഷേധിക്കപ്പെടാതിരിക്കണം. വെള്ളം വിറ്റു കാശാക്കുമ്പോൾ മനുഷ്യന്റെ പ്രാണനെ തന്നെയാണ് തൂക്കിവിൽക്കുന്നത്. തീർത്ഥജലം പോലും വിൽപ്പനചരക്കാക്കുന്ന കാലമാണിത്. നഗരത്തിൽ ഒരു പാതിരാവിൽ ബസ് കാത്തു നിൽക്കുമ്പോൾ ഒരു ടാക്സി ഡ്രൈവർ പറഞ്ഞതോർക്കുന്നു, ഭക്ഷണമില്ലാതെ നഗരത്തിൽ ഒരു ദിവസം കഴിച്ചു കൂട്ടണമെങ്കിൽ പോലും വേണം നാൽപ്പതു രൂപ രണ്ടുകുപ്പി വെള്ളത്തിന്.

ദാഹജലം വിൽക്കുമ്പോൾ ജീവിക്കാനുള്ള അവകാശത്തെയാണ് നാം വിൽക്കുക. നമ്മുടെ ഹൃദയാകാശത്തെ നമുക്കു തുറക്കാം. മഴപെയ്യട്ടെ, ദാഹാർത്തരേ, എന്നിൽ നിന്ന് കുടിക്കുവീൻ എന്ന് ക്രിസ്തുബോധത്തോടെ നമുക്കും പറയാം. ഹൃദയത്തിൽ അരുവികൾ തീർക്കുന്ന വിശ്വാസത്തോടെ ആനുകാലിക മനസ്സിനെ നീറ്റുന്ന പാപത്തെ കെടുത്താൻ കുരിശിൽ സ്വയമർപ്പിച്ച് ശേഷിക്കുന്ന അവസാന തുള്ളിയും അപരനു നൽകാനുള്ള തുറവിയോടെ കാതോർക്കാം. ക്രിസ്തു നിലവിളിക്കുന്നു എനിക്കു ദാഹിക്കുന്നു.

കുടുംബത്തിൽ, സമൂഹത്തിൽ ഒക്കെ നാം വിളികേൾക്കുന്നുണ്ട്. അവഗണിക്കപ്പെട്ടു പോകുന്ന ഹൃദയദാഹം. കാരുണ്യം കൊണ്ടു നിറയേണ്ട ഹൃദയം വരണ്ടു പോയെങ്കിൽ അവിടെ ഒരു നാമ്പുപോലും കിളിർത്തില്ലെങ്കിൽ നാം പകരേണ്ട ജീവരസം നാം പകർന്നില്ലെന്നാണ് അറിയേണ്ടത്. ഇത്ര കാലമായിട്ടും അപരനു സംഭവിക്കാത്ത മാറ്റത്തെക്കുറിച്ച് പരാതിപ്പെടുമ്പോൾ ഓർക്കണം നാം പകരാതെപോയ സ്നേഹാനുഭവത്തെ കുറിച്ച് ഭക്ഷണമേശയിൽ ഇതു വാങ്ങി കുടിക്ക് എന്നൊരു വാക്ക് ഒഴുക്കുന്ന ജീവജലം കാലഭേദങ്ങൾ കടന്ന് ഇപ്പോഴും നമ്മുടെ ഹൃദയങ്ങളെ ആർദ്രമാക്കുന്നത് നിഷേധിക്കാൻ നമുക്കാവുമോ. സ്വന്തം രക്തം കൊണ്ട് അപരന്റെ പാപം കഴുകുന്ന കാരുണ്യമാണ് ഉള്ളിൽ വാഴുന്നതെന്ന് നാം മറന്നു പോയി. അവനവനിലുള്ള ക്രിസ്തുവിനെ മറന്നു. അതിനാൽ തന്നെ അലിവിന്റെ ഹൃദയം നഷ്ടമായി. അപരനിലുള്ള ക്രിസ്തുവിനെ നിരന്തരം ദാഹിക്കന്നവനായി കണ്ടു. പക്ഷെ അപരന് ഒരു പാത്രം വെള്ളം നൽകുന്ന ലാഘവത്തോടെ ഹൃദയം കൊടുക്കാൻ നമുക്കാവുന്നില്ല. നമ്മുടെ വിശ്വാസം അപരന്റെ ഹൃദയത്തിന് ആശ്വാസം കൊടുക്കുന്നില്ല. അപരന് ആശ്വാസം ലഭിക്കാൻ വേണ്ടി സഹിക്കാൻ നാം തയ്യാറല്ല. കാരുണ്യം നദിപോലെ ഒഴുകട്ടെ എന്ന തിരുവെഴുത്ത് അവഗണിച്ചുപോയ നിമിഷങ്ങളെയോർത്ത് അനുതപിക്കാൻ ദാഹാർത്തർക്ക് ദൈവത്തിന്റെ കാരുണ്യം പകർന്ന് കൊടുക്കാൻ നാം വീണ്ടും വിളിക്കപ്പെടുന്നു.

അവിടുത്തെ കാരുണ്യം നമ്മിലൂടെ ഒഴുക്കണമേ എന്നല്ലേ നാം പ്രാർത്ഥിക്കേണ്ടത്. ശമരിയാ സ്ത്രീയോട് ദാഹത്തിന് വെള്ളം ചോദിക്കുന്നതിലൂടെ ക്രിസ്തു അവളുടെ ദാഹം ശമിപ്പിക്കുന്നു. ജീവജലമാകുന്ന അവിടുത്തെ മൊഴികൾ നമ്മുടെ ഹൃദയവും നമ്മെ കണ്ടുമുട്ടുന്നവരുടെ ഹൃദയവും നിറയ്ക്കട്ടെ.

# അത്ഭുതപ്പെടാനറിയാത്തവരോട്



റ്റി. ജോർജ്ജ് ബഹന്നാൻ
കൗൺസലർ & തെറാപ്പിസ്റ്റ്

'ആകാശം ഇടിഞ്ഞുവീണാലും' ചിലർക്ക് അത്ഭുതമില്ല. അതായത് അത്ഭുതപ്പെടാനറിയില്ല. ഇക്കൂട്ടർക്ക് ഒരു sense of wonder എന്നും അന്യമാണ്. ജീവിതത്തിൽ അത്ഭുതങ്ങൾ ഉണ്ടാകും എന്ന് വിശ്വസിക്കാൻ കഴിയാത്തത്, ദൈവത്തിന് അത്ഭുതം പ്രവർത്തിക്കാൻ കഴിയുകയില്ല എന്ന് തോന്നലുള്ള ഇക്കൂട്ടർ എന്ത് സംഭവിച്ചാലും അതിനെതിരായി ഒരു വാദമുഖവുമായി രംഗത്തെത്തും. ഇക്കൂട്ടർ പറഞ്ഞ് നിർത്തും. ഓ അതൊരു യാദൃശ്ചിക സംഭവമാണ്. ഇതൊരു ആത്മീയ മാനസിക പ്രതിസന്ധിയാണ്. ഇതാ ഒരു സംഭവകഥ.

ഒരു ചൊവ്വാഴ്ച രാത്രി. അമേരിക്കയിലെ വിസ്കോൺസിനിലുള്ള മിൽവോക്കി എന്ന ടൗണിലെ ഒരു റസ്റ്റോറന്റിൽ ചിക്കന്റെ വിഭവങ്ങൾ വിൽക്കുന്ന രാത്രിയായിരുന്നു. അന്ന് അധികം ആളുകൾ ചിക്കൻ വാങ്ങാൻ എത്തിയില്ല. അതുകൊണ്ട് രാത്രി പത്ത് മണിയായപ്പോഴേക്കും കുറെ ചിക്കൻ അധികം വന്നു. അതുകൊണ്ട് അവിടെ ജോലി ചെയ്യുന്ന ഡിബോറ റോസ് എന്ന സ്ത്രീ വീട്ടിൽ പോകാൻ ഇറങ്ങിയപ്പോൾ മാനേജർ പറഞ്ഞു. "അധികം വന്ന ചിക്കൻ കുറെ വീട്ടിൽ കൊണ്ടുപോകൂ." അതുകൊണ്ട് റോസ് കുറെ ചിക്കൻ കഷണങ്ങൾ പ്ലാസ്റ്റിക്കിൽ പാക്ക് ചെയ്ത് കൈയിലെടുത്തു. അവസാനത്തെ കസ്റ്റമറും പോയപ്പോൾ റോസ് വീട്ടിൽ പോകാൻ പുറത്തേക്കിറങ്ങി. അവസാനത്തെ ബസും പോയതുകൊണ്ട് സാവധാനം വീട്ടിലേക്ക് നടക്കാം എന്ന് റോസ് തീരുമാനിച്ച് നടപ്പ് തുടങ്ങി. മിൽവോക്കി ടൗണിന്റെ റോഡുകൾ വിജനമായതുകൊണ്ട് റോസിന്റെ മനസിൽ അല്പം പേടിയുണ്ട്. അവർ നന്നായി പ്രാർത്ഥിച്ചുകൊണ്ടാണ് നടന്നത്. കൂടാതെ പേടി മാറാൻ അവർ അല്പം ഉച്ചത്തിൽ പാട്ട് പാടിയാണ് നടന്നത്. "ദൈവമേ എന്നെ സുരക്ഷിതമായി വീട്ടിൽ എത്തിക്കണേ" എന്നവർ പാടി.

പെട്ടെന്ന് കെട്ടിടങ്ങളുടെ മറവിൽ നിന്നും ഒരാൾ കഠാരയുമായി ചാടി റോസിന്റെ മുൻപിലെത്തി. റോസിനെ തള്ളി റോഡിന്റെ അരികിലേക്ക് കൊണ്ടുപോയി. അയാൾ ധാരാളം അസഭ്യങ്ങൾ പുലമ്പുന്നുണ്ട്. "ഞാൻ നിന്നെ എന്റെ ബ്രാഡി സ്ട്രീറ്റിലേക്ക് കൊണ്ടുപോവുകയാണ്. അവിടെ വെച്ച് നിന്നെ ഞാൻ ശരിയാക്കും". അയാൾ അലറി. വിറച്ചുകൊണ്ട് റോസ് മനസ്സിൽ പറഞ്ഞു. ദൈവമേ നീ എന്നെ എന്തുകൊണ്ട് കൈയൊഴിഞ്ഞു? ദേഷ്യമുണ്ടെങ്കിലും റോസ് പ്രാർത്ഥിച്ചുകൊണ്ട് നടന്നു. അപ്പോൾ എങ്ങുനിന്നോ ഒരു ശബ്ദം റോസ് കേട്ടു. "ഡെബ്ബി റോസ് ഈറ്റ് യുവർ ചിക്കൻ". എന്ത് എനിക്കെന്ത് പറ്റി? പിന്നെയും ആ ശബ്ദം "ഡെബ്ബി റോസ് ഈറ്റ് യുവർ ചിക്കൻ"



**ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി ഭവിക്കുന്നു എന്നവർക്കറിയാം. അത്ഭുതങ്ങൾക്കും, നിഗൂഢതകൾക്കും, മനഃശാസ്ത്രതത്വങ്ങൾക്കുമപ്പുറത്ത് വ്യാപരിക്കുന്ന ദൈവത്തെ നാം അറിയണം.**

എന്നെ ആ മനുഷ്യൻ വലിച്ചുകൊണ്ടുപോകുന്നതിനിടെ ഞാൻ കൈയിലുണ്ടായിരുന്ന ചിക്കന്റെ പൊതി ഒരു വിധത്തിലഴിച്ച് ഒരു ചിക്കന്റെ കാലു കഴിക്കാൻ കൈയിലെടുത്തു. അപ്പോഴേക്കും ഞങ്ങൾ ബ്രാഡി സ്ട്രീറ്റിലെത്തി. പെട്ടെന്ന് ചപ്പുചവറിടുന്ന വലിയ വീപ്പയിൽ ആഹാര സാധനങ്ങൾക്കുവേണ്ടി തപ്പിക്കൊണ്ടിരുന്ന രണ്ട് വലിയ പട്ടികൾ തലയുയർത്തി ചിക്കന്റെ മണം പിടിച്ചു ഞങ്ങളുടെ പിറകെയെത്തി ഞങ്ങളെ ആക്രമിക്കാൻ നോക്കി. പെട്ടെന്ന് എന്റെ പിടിവിട്ട് ആ മനുഷ്യൻ ഓടി രക്ഷപ്പെട്ടു. പട്ടികൾ രണ്ടും എന്നെയല്ല ലക്ഷ്യമിടുന്നത്, എന്റെ കൈയിലിരുന്ന ചിക്കൻ കാലുകളെയാ

ണ്. ഞാൻ ചിക്കന്റെ കഷണങ്ങൾ കുറേശെ കീറിയെ ടുത്ത് പട്ടികൾക്ക് ഇട്ടുകൊടുത്തുകൊണ്ട് സാവധാനം മുന്നോട്ട് നടന്നു. പട്ടികൾ രണ്ടും തമ്മിൽ ചിക്കനു വേണ്ടി വഴക്കിട്ട് എന്റെ പിറകെ. ഏതാനും മീറ്റർ നട ക്കുമ്പോൾ വീണ്ടും ചെറിയ കഷണങ്ങൾ കീറി പട്ടി കൾക്ക് ഇട്ടുകൊടുക്കും. അങ്ങനെ വീടുവരെ ആ തെരുവ് നായ്ക്കൾ എന്റെ പിറകെ ചിക്കൻ കഷണങ്ങൾ നുണഞ്ഞ് അനുഗമിച്ചു! ഞാൻ സുരക്ഷിതമായി വീട്ടി ലെത്തി. ഗൈഡ് പോസ്റ്റ് മാഗസിനിൽ വന്ന ഡിബോറ റോസിന്റെ ഈ അനുഭവം വായിക്കുമ്പോൾ പലരും പറയും ഇത് വെറും യാദൃശ്ചികമെന്ന്. മിറക്കിൾ എന്നോ മിസ്റ്ററി എന്നോ മറ്റ് ചിലർ.

മറ്റൊരു അനുഭവ കഥ ഇവിടെ കുറിക്കട്ടെ. തോഷി നാഗൻമോറി എന്ന വനിത ജീവിതയാത്രയിൽ ലോകം മുഴുവൻ ചുറ്റി. അവർ ജനിച്ചത് ജപ്പാനിൽ. വളർന്നത് ബ്രസീലിൽ. അവസാനം താമസമാക്കിയത് കാലിഫോർണിയായിൽ. ഈ കാലമൊക്കെയും ജീവി തത്തിന്റെ നിഗൂഢതകളെ ചിന്തിച്ച് അവർ ഒരു ആത്മീയ യാത്രയിലുമായിരുന്നു. പക്ഷെ അവരുടെ ഏകമകൾ ഗബ്രിയേല ഇരുപത്തിയെട്ടാമത്തെ വയസിൽ കാൻസർ മൂലം മരണമടഞ്ഞു. ഇത് അവരുടെ ദൈവത്തിലുള്ള വിശ്വാസത്തെ ഉലച്ചുകളഞ്ഞു. പക്ഷെ അവർ പിടിച്ചു നിന്നു. അവർ അവരുടെ വിശ്വാസ പോരാട്ടത്തെപ്പറ്റി ഒരു കറുത്ത കവറുള്ള നോട്ടുബുക്കിൽ എഴുതാൻ തുട ങ്ങി. വളരെ വിലപ്പെട്ട ആത്മീയചിന്തകൾ. എങ്ങനെ യാണ് ദൈവം അവരെ ആശ്വസിപ്പിച്ചത്. അവർക്കറി യാവുന്ന പോർച്ചുഗീസ് ഭാഷയിൽ അവർ എഴുത്ത് തുടർന്നു. ഇതവരെ ദൈവവുമായും, മരിച്ച മകളുമാ യുള്ള ബന്ധത്തിൽ വളർത്തി ആശ്വസിപ്പിച്ചു. അഞ്ച് വർഷമായി അതവർ തുടരുന്നു. പക്ഷെ ഒരിക്കൽ ലോസ്ഏഞ്ചൽസിൽ നിന്നും സാൻജോസിലേക്കുള്ള വിമാനയാത്രയിൽ നിധിപോലെ ഹൃദയത്തോട് ചേർത്തു പിടിച്ച കറുത്ത കവറുള്ള ആ നോട്ടുബുക്ക് അവർക്ക് നഷ്ടപ്പെട്ടു. പേഴ്സിൽ നിന്നും പോയതായിരിക്കാം, വിമാ നത്തിൽ ഇട്ടിട്ട് പോയതായിരിക്കാം. വിമാന കമ്പനിക്കാ രെയും അതിലെ ജോലിക്കാരെയും വിളിച്ചു. ഒരറിവും അവർക്കില്ല. നഷ്ടപ്പെട്ട സാധനം തിരിച്ച് കിട്ടി സൂക്ഷി ക്കുന്ന കൗണ്ടറിലും ചോദിച്ചു. അവിടെയുമില്ല.

അവർ കരയാതിരിക്കാൻ ശ്രമിച്ചു. പോർച്ചു ഗീസിലെഴുതിയ ആ പുസ്തകത്തിലെ പേജുകൾ അവർ മനസ്സിൽ കണ്ടു. ആർക്കെങ്കിലും കിട്ടിയാൽ തന്നെ അതിലെഴുതിയത് മനസ്സിലാക്കാൻ പോർച്ചുഗീസ് ഭാഷ എത്ര പേർക്കറിയാം? അവർ അവരുടെ പേരും അഡ്രസ്സും ഒന്നും അതിൽ എഴുതിയിട്ടില്ല. കാരണം അത് ഒരിക്കലും കൈവിടാത്ത ഒന്നാണ്. അവസാനം അതും നഷ്ടപ്പെട്ടു. മകൾ നഷ്ടപ്പെട്ടതുപോലെ. തോഷി നാഗൻമോറിക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം തോഷിയുടെ ബ്രസീലിലുള്ള ഒരു പൂർവ്വവിദ്യാർത്ഥി അയാൾക്ക് കിട്ടിയ ഒരു ഇ–മെയിൽ അതുപോലെ തോഷിക്ക് അയച്ചുകൊ ടുത്തു. ഇങ്ങനെയാണ് മെയിൽ തുടങ്ങുന്നത്. "നിങ്ങൾക്ക് എന്നെ അറിയില്ല. ഞാൻ പോർട്ട്ലാൻഡിൽ നിന്നും ലാസ്വെഗാസിലേക്ക് പോകുന്ന വഴിക്ക് സാൻജോസിൽ വച്ച് എനിക്ക് മറ്റൊരു വിമാനത്തിൽ കയ റേണ്ടിവന്നു. വിമാനത്തിൽ ഞാൻ മൂന്ന് സീറ്റുകൾ മാറി മാറിയിരുന്നു. അവസാനം ഇഷ്ടപ്പെട്ട ഒരു സീറ്റിൽ ഇരു പ്പുറപ്പിച്ചു. സാധാരണ ഞാൻ അങ്ങനെ സീറ്റ് മാറി ഇരി ക്കാറില്ല. ഞാൻ ഇരുന്നശേഷം താഴേക്ക് നോക്കിയ പ്പോൾ എന്റെ കാലിന്റെ അടിയിൽ തറയിൽ ഒരു കറുത്ത പുസ്തകം. തുറന്ന് നോക്കിയപ്പോൾ എല്ലാം പോർച്ചു ഗീസിൽ എഴുതിയിരിക്കുന്നു. എനിക്ക് നന്നായറിയാ വുന്ന ഭാഷ, ഞാൻ മുഴുവൻ വായിച്ചു. ഏകമകൾ നഷ്ട പ്പെട്ട ഒരമ്മയുടെ ആന്തരികമായ വേദനയുടെ വാക്കുക ളാണ് അതെന്ന് എനിക്ക് മനസ്സിലായി. ഈ പുസ്തകം വിലപ്പെട്ടതാണെന്ന് എനിക്ക് തോന്നി. ഒരു ചെറിയ പേപ്പ റിൽ നിങ്ങളുടെ ഇ–മെയിൽ അഡ്രസ് അതിൽ കുറിച്ചു വച്ചിരിക്കുന്നു. ഈ കറുത്ത പുസ്തകം ആരുടെതാ ണെന്ന് നിങ്ങൾക്ക് എന്തെങ്കിലും അറിവുണ്ടോ? ഞാൻ പുസ്തകം സൂക്ഷിച്ചുവച്ചിരിക്കുന്നു."

തന്റെ പൂർവ്വവിദ്യാർത്ഥിയുടെ അഡ്രസ് അതിൽ എങ്ങനെ വന്നു. എന്റെ ഭാഷയായ പോർച്ചുഗീസ് അറി യാവുന്ന ഒരാളുടെ കൈയിൽ ഈ ബുക്ക് എങ്ങനെ എത്തിയെന്ന് തോഷി സ്വയം ചോദിക്കുന്നു. അവസാനം ആ കറുത്ത പുസ്തകം അവരുടെ കൈയിൽ തിരിച്ചെ ത്തി. എത്ര വലിയ സന്തോഷം. ആശ്വസിപ്പിക്കുന്നവൻ കൊടുത്ത ആശ്വാസം.

അവിശ്വാസികൾ പറയും *ഓ ഇത് വെറും ഒരു യാദൃ ശ്ചിക സംഭവമായിരിക്കും.* പക്ഷെ തോഷി പറയുന്നു, *ഇത് യാദൃശ്ചികമല്ല ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി ഭവിക്കുന്നു എന്നവർക്കറി യാം.അത്ഭുതങ്ങൾക്കും, നിഗൂഢതകൾക്കും, മനഃശാ സ്ത്രതത്വങ്ങൾക്കുമപ്പുറത്ത് വ്യാപരിക്കുന്ന ദൈവത്തെ നാം അറിയണം.*

9895992129


## ന്യൂ വിഷനിലേക്ക് പരസ്യങ്ങൾ ക്ഷണിക്കുന്നു

വിവാഹം, ചരമം, സ്മരണാഞ്ജലി, തുടങ്ങിയവയുടെ പരസ്യങ്ങൾ കളറിലും ബ്ലാക്ക് ആന്റ് വൈറ്റിലും പ്രസിദ്ധീകരിക്കുന്നു. പത്രാധിപസമിതിയംഗങ്ങളുമായി ബന്ധപ്പെട്ടാൽ പരസ്യ നിരക്ക് ലഭിക്കും. ഫോൺ നമ്പർ കവർ രണ്ടിൽ കൊടുത്തിരിക്കുന്നു.

ജോർജ് മാത്യു സി മാനേജിങ് എഡിറ്റർ

ഫോൺ 9447114633

# അനന്തരം ലിങ്കായി

ഫാദർജി

'പാപത്തിന്റെ ശമ്പളം' എന്ന സംഭ്രമജനകമായ റിട്രീറ്റ് കഴിഞ്ഞ് ലാസർ അച്ചൻ പള്ളിമേടയിൽ വിശ്രമിക്കുമ്പോൾ അപരിചിതൻ കടന്നുവന്ന് സ്വയം പരിചയപ്പെടുത്തി:

'ജേപ്പി മുതലാളി, ഇന്നത്തെ റിട്രീറ്റിന്റെ സ്പോൺസർ'.

'ജേപ്പി മുതലാളിയെപ്പറ്റി കേട്ടിട്ടുണ്ട്. നേരിൽ കണ്ടതിൽ സന്തോഷം.'

'അച്ചന്റെ പാപത്തിന്റെ ശമ്പളം ധ്യാനം പൊടിപ്പനായിരുന്നു. രണ്ടു മൂന്നു തവണ ഞാൻ കരഞ്ഞുപോവ്വോന്നുവരെയായി. പിന്നെ ഒരു വിധത്തിൽ പിടിച്ചു നിന്നു.'

'എന്തേ പിടിച്ചു നിർത്തിയത്, കരഞ്ഞുകൂടായിരുന്നോ?'

'ഇപ്പോ അത്ര സെന്റിമെന്റലായി കരയുവാൻ പറ്റിയ ഒരു സ്റ്റാറ്റസിലല്ലച്ചോ ഞാൻ. ഒരു സഭാ നേതാവാകുമ്പോ പലതും ഉള്ളിലൊതുക്കിയേ പറ്റു; പിടിവിട്ടു പോകാൻ പറ്റില്ലല്ലോ. അച്ചനെന്താവശ്യമുണ്ടെങ്കിലും പറയാൻ മടിക്കരുതട്ടോ.'

'എന്താവശ്യമാണ് മുതലാളി ഉദ്ദേശിച്ചത്?'

'എന്തും അച്ചാ എന്തും. ഇന്ന് ജേപ്പി വിചാരിച്ചാൽ നടക്കാത്ത ഒരു കാര്യോം ഭൂമിമലയാളത്തിലില്ല. തമ്പുരാൻ സഹായിച്ച് ഒന്നിനും ഒരു കുറവുമില്ലച്ചോ'

'നല്ലത്'

'പക്ഷെ അച്ചോ, പാപത്തിന്റെ ശമ്പളം പ്രസംഗം എന്റെ ജീവിതത്തിൽ കംപ്ലിറ്റായിട്ട് ലിങ്കാവണില്ല്യാ'

'അതെന്താണ്?'

'പാപത്തിന്റെ ശമ്പളം ദു:ഖോം ദുരിതോം നാശോം



# New Vision Youth Award

New Vision Magazine propose to honour an outstanding **Youth Leader** from the Clergy,lay man of any Christian Churches, Associations or Organisations in India.

This award is constituted by the children of late Very Rev P M George,ChirakarottuPyvelil, Mekozhoor,Pathanamthitta.(Former Senior Vicar General of Malankara Marthoma Syrian Church), in memory of their beloved father , who was the former Sabha Secretary, Vaideeka Trustee, General Secretary of Malankara Marthoma Church YuvajanaSakhyam, Student Chaplain at U C College, and who had contributed for the spiritual growth of many youngsters in the Society, during his life time.

The award consists of a plaque engraved with details and photo of the recipient along with a cash award of Rs 10000/- (Rupees Ten thousand ).The person to be considered for this award, should be a priest or an outstanding lay leader of Christian Churches, Organisations in India, who has taken substantiative efforts for the spiritual and social upliftment of the youth in the society.Nomination details and general guidelines are available in the website < www.newvisionmagazine.org.>



നഷ്ടോം ഒക്കെ ആണെന്നാണല്ലോ അച്ചൻമാർ വച്ചു കാച്ചുന്നത്. പക്ഷെ ദൈവം സഹായിച്ച് ജേപ്പീടെ കാര്യത്തിൽ അങ്ങനൊരു ലക്ഷണപ്പിശക് കാണുന്നില്ല. കംപ്ലീറ്റ് ഓക്കേയാ.'

'മനസ്സിലായില്ല?'

'ഇതൊരു കോൺഫിഡൻഷ്യൽ ടോക്കാണട്ടോ. പെൻക്യാമറ ഒന്നും ഓണല്ലല്ലോ അല്ലെ? ജേപ്പി മൊതലാളിയുടെ വളർച്ചയിൽ ഒരുപാടു കുരുത്തക്കേടുകൾ ചെയ്യേണ്ടി വന്നിട്ടുണ്ട്. പൊട്ടിപ്പൊളിഞ്ഞ വീട്, അഞ്ചു സഹോദരങ്ങൾ, കാസരോഗിയായ അപ്പൻ, നിത്യഗർഭിണിയായ അമ്മ, കണ്ടാൽ മുഖം തിരിക്കുന്ന ബന്ധുക്കൾ, ഇല്ലായ്മകളും അപര്യാപ്തതകളും മാത്രമുള്ള ബാല്യകാലം. എങ്ങനേം നാലു തുട്ടുണ്ടാക്കണമെന്നും നാലാളുടെ മുമ്പിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കണമെന്നുള്ള ആഗ്രഹം മാത്രമായിരുന്നു മനസ്സിൽ. തമിഴ്നാട്ടിൽനിന്നും പച്ചക്കറി കയറ്റിവരുന്ന ലോറിയുടെ കിളിയായി ക്രിയകൾ തുടങ്ങി. പിന്നെ പച്ചക്കറി വാങ്ങിക്കൊണ്ടുവന്ന് വിതരണം തുടങ്ങി. അതിനിടയിൽ ഒരു ലോറി കള്ളനോട്ടും ഇംപോർട്ടുചെയ്തു. അവിടംമുതലങ്ങു കത്തിക്കേറി, ഹിപ്പ്, ഹിപ്പ്, ഹുറെ!'

'അല്ല ഇതൊക്കെ നിയമവിരുദ്ധമല്ലെ?'

'സ്വേലാ, പിന്നെ നാട്ടിൽ നടന്ന എല്ലാ നിയമവിരുദ്ധ ക്രിയകളിലും ജേപ്പീടെ റിമോട്ടുണ്ടായിരുന്നു. കൊടുക്കേണ്ടവർക്കു കൊടുത്തും ഒടുക്കേണ്ടവരെ ഒടുക്കിയുമുള്ള പടയണി മുന്നേറ്റമായിരുന്നു ജേപ്പീടേത്. ചെയ്തുകൂട്ടിയ അതിക്രമങ്ങൾക്ക് ഒരു കണക്കുമില്ല. വാശിയായിരുന്നു, എന്നെ തോൽപ്പിച്ച ജീവിതത്തോടുള്ള വാശി. പക്ഷേങ്കി തമ്പുരാൻ ഒരനർത്ഥവും വരുത്തീട്ടില്ല.'

'അതെന്താണ്?'

'വഴിപാടിന്റെ ശക്തി. സഭക്കും പള്ളിക്കും സഭാനേതാക്കൻമാർക്കും കൊടുക്കുന്നതിന് ഒരു പിശുക്കും ജേപ്പി കാണിച്ചിട്ടില്ല. എന്റെ വഴിപാടു കാശു വീഴാത്ത ഒരു പള്ളീം മലങ്കരേലില്ലച്ചോ. പത്തു ചോദിച്ചവർക്കു കൊടുത്തത് പതിനായിരം. ഉണ്ടല്ലോ, തമ്പുരാൻ തന്നിട്ടുണ്ടല്ലോ, എമ്പടി.'

'കുടുംബം?'

'മക്കൾ നാലാ. ഒന്നിനും ഒരു കേടുമില്ല. മൂത്തവൻ ബിസിനസ്സുകാരൻ, രണ്ടാമൻ ഡോക്ടർ, മൂന്നാമൻ സഭാ–രാഷ്ട്രീയ നേതാവ്, മോള് ഐ.പിഎസുകാരന്റെ ഭാര്യ. എല്ലാം പെർഫെക്ടാ. അതാ പറഞ്ഞത് 'പാപത്തിന്റെ ശമ്പളം' ജേപ്പീടേ കാര്യത്തിൽ ലിങ്കാവണില്യാന്ന്.'

'വയസെത്രയായി.'

'എഴുപത്തഞ്ച്. എനിക്കും ശിഷ്ടത്തിനും യാതൊരാരോഗ്യ പ്രശ്നങ്ങളുമില്ല. നല്ലൊരു ജലദോഷം വന്നിട്ട് പോലും വർഷങ്ങളായി, അതാണച്ചോ ഞാൻ പറഞ്ഞത് വേദാധിഷ്ഠിതമായിട്ട് ലിങ്കാവണില്യാന്ന്. വാരിക്കോരി കൊടുക്കണതുകൊണ്ട് മതരാഷ്ട്രീയ നേതാക്കൻമാർക്ക് ജേപ്പിയെ ജീവനാ. കീർത്തിമുദ്രകളും മെഡലുകളും വീട്ടിൽ കൊണ്ടുവന്നാ തരണത്. നമുക്കിതൊക്കെ പോയി മേടിക്കാൻ സമയമെവിടച്ചോ. മണിക്കൂറിൽ ലക്ഷങ്ങൾ പത്തുമുപ്പത് കീശേൽ വീഴുന്ന ഏർപ്പാടാ നമ്മുടെ.'

'ഒടുവിലൊരു കണക്കു പറയേണ്ടേ?'

'പറയാലോ, അതൊക്കെ കണ്ടാണ് ജേപ്പി ആണ്ടിൽ മുപ്പത്തിയഞ്ചുലക്ഷത്തിന്റെ ആതുര സേവനം ചെയ്യുന്നത്. പിന്നെ ആവശ്യക്കാരായി ആരുവന്നു കൈനീട്ടിയാലും വെറുതെ വിടില്ല. നമ്മളും ഒരു കാലത്ത് പെരുവഴിയായി നടന്നത് മറക്കരുതല്ലോ. നാട്ടിലെ സുവിശേഷോം ധ്യാനകേന്ദ്രങ്ങളും നമ്മുടെ സ്പോൺസർഷിപ്പിലാ.'

'ലക്ഷ്യം മാത്രമല്ല, മാർഗവും നന്നായിരിക്കണം. അത് ജേപ്പി മൊതലാളിക്കറിയാമോ?'

'അല്ല, അച്ചൻ പറഞ്ഞുവരേണത് നമ്മുടെ മാർഗം ശരിയല്ലെന്നല്ലെ? എന്നാൽ എന്തുകൊണ്ട് തമ്പുരാൻ ഒരടിപോലും തന്ന് നമ്മളെ തടഞ്ഞില്ല? കൈമുത്തു വാങ്ങി കൈവച്ചനുഗ്രഹിച്ച ആത്മീയ നേതാക്കൻമാർ 'ജേപ്പി നിന്റെ ക്രിയകൾ ശരിയല്ലെ'ന്നു ഇന്നുവരെ പറഞ്ഞിട്ടില്ലല്ലോ? അനുഗ്രഹമഴ ഇപ്പോഴും തകർത്തു പെയ്തുകൊണ്ടിരിക്കയാണ്. അതാണ് ജേപ്പി പറഞ്ഞത്, അച്ചന്റെ പ്രസംഗം എന്റെ കാര്യത്തിൽ ലിങ്കാവണില്യാന്ന്.'

'ദൈവത്തിന്റെ ദീർഘക്ഷമയെ പരീക്ഷിക്കരുത്. ഇന്ന് സർവ്വരാലും അറിയപ്പെടുന്ന ജേപ്പി മൊതലാളിയെ ഒരാൾ അറിയില്ലെന്നു പറയുവാനുള്ള സാദ്ധ്യതയുണ്ട്.'

'അതാരണപ്പാ ജേപ്പിയെ അറിയാത്ത വിദ്വാൻ?'

' അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല: അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയു'മെന്ന് മത്തായിയും ലൂക്കൊസും അടിവരയിട്ടു പറയുന്നുണ്ട്. രണ്ടു പേരുടെ സാക്ഷ്യം സത്യമാണു മൊതലാളി, സൂക്ഷിക്കണം. ഈ ഡിവൈൻ വിജിലൻസ് എടുത്തുചാടിയൊന്നും വരില്ല. പക്ഷെ വന്നാൽ, ന്റെ മൊതലാളി, പോക്കാ. തലമുറ തലമുറകളിലേക്കു കടന്നുകയറി ഒന്നിനു നാലുവീതം പിടിച്ചുവാങ്ങും. അധർമ്മ പ്രവൃത്തിയുമായി മുന്നോട്ടു പോകാനാണ് ഭാവമെങ്കിൽ ഇവിടെ പേരുണ്ടാകും, പക്ഷെ ജീവപുസ്തകത്തിൽ പേരുണ്ടാവില്ല. ഒന്നിനു നാലുവീതം തിരിച്ചു കൊടുത്ത്, മനം തിരിഞ്ഞ് ക്രിസ്തുവിലാകുന്നില്ലെങ്കിൽ ആത്മാവിന്റെ രക്ഷ അപകടത്തിലാകും. ഇത് കർത്താവിന്റെ വാക്കാണ്. മുതലാളി മനസ്സിരുത്തി തിരുവചനം വായിച്ചു നോക്കണം. അല്ല ജേപ്പി, എന്തിരു പറേണു, കേൾക്കാൻ ചെവീണ്ടോ, വല്ലതും ലിങ്കാവണണ്ടോ?'

'ബാറെക്മോർ: യെസ് ഫാദർ, ഇപ്പോൾ ലിങ്കായി വരണണ്ട്'






റവ. ഏബ്രഹാം പി. വർക്കി

# മാറ്റത്തിന്റെ മാനേജ്മെന്റ്

2016ലെ ഊർജ്ജതന്ത്രത്തിന്റെ നോബേൽ സമ്മാനത്തിന് അർഹരായ അമേരിക്കൻ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരായ ഡേവിഡ് തൗലസ്, ഡങ്കൻ ഹാർഡൻ, മൈക്കൽ കോസ്റ്റർ ലിറ്റ്സ് എന്നിവരുടെ ഗവേഷണങ്ങൾ ഭാവിയിൽ അതിവേഗചെറു കമ്പ്യൂട്ടർ വികസിപ്പിക്കുന്നതിലേക്ക് വഴിതെളിക്കും. പദാർത്ഥങ്ങളുടെ ഭൗതിക ഗുണവിശേഷങ്ങൾ പഠിക്കുന്ന ഗണിത ശാസ്ത്ര മേഖലയായ ടോപ്പോളജിയിലാണ് മൂന്നുപേരുടേയും ഗവേഷണം. പദാർത്ഥങ്ങളുടെ അവസ്ഥാ വിശേഷങ്ങളെക്കുറിച്ചുള്ള ഇവരുടെ വിപ്ലവകരമായ കണ്ടെത്തലുകൾ ക്വാണ്ടം കംപ്യൂട്ടിങ് രംഗത്ത് കുതിച്ചു ചാട്ടത്തിന് സഹായിക്കുന്നവയാണ്. മാത്രമല്ല സൂപ്പർ ഫാസ്റ്റ് ക്വാണ്ടം കമ്പ്യൂട്ടറുകളുടെ പിറവിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താവുന്നവയുമാണ്. അതെ, നിലവിലുള്ളതിനെ ചോദ്യം ചെയ്യുകയും പുതിയതിന് വഴി വെയ്ക്കുകയും ചെയ്യുന്നവരുമാണ് മാനവ ചരിത്രത്തിൽ ഏറെ ശ്രദ്ധേയരായിട്ടുള്ളത്. മതത്തിന്റെയും ശാസ്ത്രത്തിന്റെയും സാമൂഹിക പുരോഗതിയുടെയും ഒക്കെ മേഖലകളിൽ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളത് ഇക്കൂട്ടരാണ്.

**മാറ്റത്തിന്റെ നിർവ്വഹണം**

'നന്നല്ല കാവ്യമഖിലം പഴയതെന്നു വെച്ചി-
ട്ടൊന്നോടെ നിന്ദിതവുമല്ല നവത്വം മൂലം' - കാളിദാസൻ

പഴയതെല്ലാം നല്ലത്. പുതിയതൊക്കെ മോശം എന്ന് ചിന്തിക്കരുത്. അത് മുകളിൽ പറഞ്ഞ വരികളിൽ കാളിദാസൻ വ്യക്തമാക്കുകയാണ്. നമ്മുടെ ജീവിത പ്രയാണത്തിൽ മാറി വരുന്ന സാഹചര്യങ്ങൾക്കും ഉയർന്നു വരുന്ന വെല്ലുവിളികൾക്കും അനുസരിച്ച് മാറാൻ നിശ്ചയമായും നമുക്ക് കഴിയേണ്ടതാണ്. അല്ലാത്തപക്ഷം പരാജയങ്ങളും തിരിച്ചടികളും അഭിമുഖീകരിക്കേണ്ടിവരും. അതെ, കാലഘട്ടത്തിനനുസരിച്ച് പുതിയ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് മാറാൻ തയ്യാറാകുന്നവർ ജീവിതത്തിലും ജോലിയിലും ബിസിനസ്സിലും ഒക്കെ ഉന്നതമായ നേട്ടങ്ങൾ കൈവരിക്കുന്നു. ഒരു കാലത്ത് ടൈപ്പും ഷോർട്ട് ഹാൻഡും പഠിച്ചാൽ ജോലി ഉറപ്പായിരുന്നു. എന്നാൽ കമ്പ്യൂട്ടറിന്റെ ഉപയോഗം വ്യാപകമായതോടെ കാലഘട്ടത്തിനനുസരിച്ച് മാറാനും ഡി.റ്റി.പി. കോഴ്സും കൂടെ പഠിക്കുവാനും തയ്യാറായവർക്ക് ജോലി നഷ്ടമായില്ല.

ഓർക്കുക, സാഹചര്യങ്ങളെ വിലയിരുത്താനും ചുറ്റുപാടുമുള്ള മാറ്റത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് അവയ്ക്കനുസൃതമായി പ്രതികരിക്കുവാനുള്ള കഴിവ് ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. അപ്പോൾ, ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിജയം നേടാൻ നമുക്ക് ചുറ്റുപാടുകളുമായി പൊരുത്തപ്പെടുവാൻ നിശ്ചയമായും കഴിയേണ്ടതാണ്. ഉദാഹരണത്തിന്, വിവാഹബന്ധം സന്തോഷകരമാക്കാൻ ദമ്പതികൾ പരിചയിച്ചിരുന്ന സാഹചര്യത്തിൽ നിന്നും ഭിന്നമായ മറ്റൊന്നിലേക്കുള്ള മാറ്റവുമായി പൊരുത്തപ്പെടാൻ ശ്രമിക്കണം. യാതൊരുമാറ്റത്തിനും തയ്യാറാകാത്ത ഒരു ജീവിത പങ്കാളിയുടെ പ്രതികരണം ശ്രദ്ധിക്കുക: 'ഞാൻ പഠിച്ചതും ശീലിച്ചതും ഇങ്ങനെയാണ്; അങ്ങനെ മാത്രമേ എനിക്ക് പ്രവർത്തിക്കാൻ കഴിയൂ.' സംശയം വേണ്ട, മാറ്റത്തിന് മുഖം തിരിക്കുന്ന ആരുടേയും കുടുംബജീവിതം വിജയിക്കുകയില്ല.

ബൈബിളിൽ, സാഹചര്യങ്ങളും അവസ്ഥാഭേദങ്ങളുമായി നന്നായി പൊരുത്തപ്പെടാൻ ശ്രമിച്ച പൗലോസിന്റെ സാക്ഷ്യം ശ്രദ്ധിക്കുക: 'ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്ക് അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു' (ഫിലിപ്പിയർ 4:11-12).

മാറ്റത്തെ പലപ്പോഴും സംശയത്തോടെ വീക്ഷിക്കുന്ന ആളുകളുണ്ട്. കാരണം ചിന്തിച്ചിട്ടുണ്ടോ? നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെടുമോ എന്ന ആശങ്കയാണ് ഇതിനടിസ്ഥാനം. എന്നാൽ നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെടില്ല, പുതിയ സൗകര്യങ്ങൾ കൂടി ലഭ്യമാകും എന്ന് ബോധ്യപ്പെടുത്തിയാൽ മാറ്റത്തെ സ്വാഗതം ചെയ്യുവാൻ മിക്കവരും തയ്യാറാകും. പക്ഷേ, അത് ഏറെ ശ്രമകരമാണ്. മാറ്റം വഴി ഉണ്ടാകുന്ന ഗുണത്തോടൊപ്പം ചെറു ദോഷമെങ്കിലും ഉണ്ടാകുമെങ്കിൽ അത് വ്യക്തമാക്കുന്നത് മാറ്റത്തിന് നേതൃത്വം നൽകുന്ന ആളിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കും.

**ആധുനികതയും മാറ്റങ്ങളും**

മുൻപും മാറ്റങ്ങൾ ഉണ്ടായിരുന്നു. പക്ഷേ അത്ര ദ്രുതഗതിയിലായിരുന്നില്ല. ഇന്ന് കഥ അതല്ല. ആധുനിക യുഗത്തിൽ മാറ്റത്തിന്റെ വേഗത ദ്രുതഗതിയിലാണ്. സാങ്കേതിക

വിദ്യയുടെ കുതിച്ചു ചാട്ടം, വിനോദോപാദികളുടെ വർദ്ധന, മാധ്യമ പ്രളയം ഇവ മൂലം ഓരോ ദിവസവും സൂര്യൻ ഉദിച്ച് വരുന്നത് ഒരു പുതിയ ലോകത്തേക്കാണ്. അതുകൊണ്ട് ആധുനിക ലോകത്തിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെ അന്തസത്ത ഉൾക്കൊള്ളാൻ നാം സന്നദ്ധരാകണം.

നമ്മുടെ പ്രവർത്തന മേഖലയിലെ മാറ്റത്തിന്റെ ലക്ഷണങ്ങൾ മുൻകൂട്ടി കാണാനുള്ള കഴിവ് നാം നേടണം. അതിന് നമ്മുടെ അറിവിന്റെ ചക്രവാളം വികസിക്കണം. ആധുനിക യുഗത്തിലെ മാറ്റത്തിനനുസരിച്ച് നമ്മെ തന്നെ 'അപ്ഡേറ്റ് ചെയ്യാൻ' തയ്യാറാകുമ്പോഴാണ് കാലഘട്ടത്തിന്റെ അവസ്ഥാഭേദത്തിൽ ഇടറി വീഴാതെ കാലത്തെ അതിജീവിച്ച് മുന്നേറാൻ കഴിയുന്നത്. ഒരു പക്ഷേ നാം ഇപ്പോൾ ആയിരിക്കുന്ന ജീവിത അവസ്ഥ ഒരു 'കംഫർട്ടബിൾ സോൺ' (സുരക്ഷിത മേഖല) ആയി തോന്നിയേക്കാം. എന്നാൽ ഈ സുരക്ഷിതത്തം എന്നും നിലനിൽക്കണമെങ്കിൽ കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾക്ക് അനുകരിച്ച് മാറ്റത്തിന് നാം തയ്യാറാകണം. ചിന്തിക്കുക, നിർണ്ണായക ഘട്ടങ്ങളിൽ ചുറ്റുപാടുമുള്ള മാറ്റങ്ങളെ ഗൗരവമായി എടുക്കുന്നതിനോ അവസരത്തിന് ഒത്ത് ഉയരുന്നതിനോ ശ്രമിക്കാതിരുന്ന നോക്കിയ, കൊഡാക്ക്, അംബാസഡർ തുടങ്ങിയ കമ്പനികൾക്ക് ബഹുമുഖമായ തകർച്ചയെ നേരിടേണ്ടിവന്നു. 'തീരത്ത് കപ്പൽ സുരക്ഷിതമാണ്. പക്ഷേ കപ്പൽ നിർമ്മിച്ചിരിക്കുന്നത് തീരത്ത് വെറുതെ കിടക്കാനല്ല'. – ജോൺ എ. ഷെഡ് അതായത്, സുരക്ഷിത മേഖല വിട്ട് പ്രതിസന്ധികൾ നിറഞ്ഞ കടലിലൂടെ സഞ്ചരിച്ച് പുതിയ ചക്രവാളങ്ങൾ ലക്ഷ്യമിടുന്നതിനാണ് കപ്പൽ നിർമ്മിച്ചിരിക്കുന്നത്. മത്സരാധിഷ്ടിതമായ ആധുനിക യുഗത്തിൽ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പല വെല്ലുവിളികൾ നേരിടേണ്ടിവരും. അതെ, പ്രതിസന്ധികൾ നിറഞ്ഞ മാറ്റത്തിന്റെ വഴിയിൽ പുതിയ അറിവുകളും പുതിയ ആശയങ്ങളും സ്വാംശീകരിച്ച് പുതിയ ചക്രവാളങ്ങൾ ലക്ഷ്യമിടുന്നതിനായിരിക്കണം നാം ശ്രമിക്കേണ്ടത്.

**സ്വയം വിലയിരുത്തലും മാറ്റങ്ങളും**

സത്യസന്ധമായ വിലയിരുത്തലാണ് ഒരു വ്യക്തിയെയും സ്ഥാപനത്തെയും തിരിച്ചറിവിലേക്കും അതുവഴി മാറ്റത്തിലേക്കും നയിക്കുന്നത്. എന്നാൽ നിർണ്ണായക ഘട്ടങ്ങളിൽ പോലും സ്വയം വിലയിരുത്തുന്നതിനും മാറ്റത്തിനും തയ്യാറാകാത്ത വ്യക്തികളും സ്ഥാപനങ്ങളും ഉണ്ട്. കാലഘട്ടത്തിന്റെ അവസ്ഥാഭേദങ്ങളെ ഗൗരവമായി എടുക്കാതെ അമിതമായ ആത്മവിശ്വാസത്തിൽ പ്രവർത്തിക്കുന്നവരാണവർ. വസ്തുനിഷ്ടമായ സ്വയാവലോകനത്തിലേക്കും തിരിച്ചറിവിലേക്കും അതുവഴി പുതുക്കത്തിലേക്കും കടന്നുവരാത്ത വ്യക്തികളും സ്ഥാപനങ്ങളും ബഹുമുഖങ്ങളായ തകർച്ചയെ നേരിടേണ്ടി വരും. അതെ, പുനരവലോകനത്തിന്റെ അഭാവം സ്വിറ്റ്സർലന്റ് വാച്ച് കമ്പനികളെപ്പോലെ അനേകം സ്ഥാപനങ്ങളെയും വ്യക്തികളെയും സ്വയം കാലഹരണപ്പെടാൻ ഇടയാക്കും. ഇതുപോലെ ആത്മീയ പ്രസ്ഥാനങ്ങളും മതസ്ഥാപനങ്ങളും സ്വയാവലോകനത്തിനും ബോധോദയത്തിനും അതുവഴി മാറ്റത്തിനും തയ്യാറാകാതിരുന്നാൽ സമൂഹത്തിൽ നിന്നും കാലഹരണപ്പെടും. ഓർക്കുക, പഴയതിലെ നന്മകൾ കൈവിടാതെയും തനിമ നഷ്ടപ്പെടാതെയും ആത്മീയ മൂല്യങ്ങൾ കൈമോശം വരാതെയുമായിരിക്കണം ആത്മീയ പ്രസ്ഥാനങ്ങൾ മാറ്റങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

സ്വയം വിലയിരുത്തൽ വഴി സ്വന്തം പോരായ്മയെപ്പറ്റിയും സ്വന്തം സാഹചര്യത്തിലെ പരിമിതികളെപ്പറ്റിയും തിരിച്ചറിവ് ഉള്ളവർക്ക് മാത്രമേ നവീകരണത്തെക്കുറിച്ചും പുതിയ ആശയങ്ങളുടെ ആവശ്യകതയെക്കുറിച്ചും ചിന്തിക്കാൻ കഴിയൂ. ഇതിനൊരു നല്ല ദൃഷ്ടാന്തമാണ് പഴയനിയമത്തിലെ യോശിയാവ് രാജാവ്. അദ്ദേഹത്തിന്റെ 18ാം ആണ്ടിൽ ആവർത്തനപുസ്തകം ദേവാലയത്തിൽ നിന്നും കണ്ടെടുക്കപ്പെട്ടു (2 രാജാക്കന്മാർ.22:8). ഇത് ഒരു പുനരവലോകനത്തിലേക്കും ആയത് യഹൂദന്മാരുടെ ആചാരങ്ങളിലെ പോരായ്മകളെപ്പറ്റിയും രാജാവിന് തിരിച്ചറിവ് നൽകുകയും അത് ഒരു വഴിത്തിരിവിലേക്ക് (മാറ്റം) നയിക്കുകയും ചെയ്തു. എന്തായിരുന്നു ആ വഴിത്തിരിവ്? ന്യായപ്രമാണപ്രകാരം യോശിയാരാജാവ് യഹൂദന്മാരുടെ ആചാരങ്ങളെ പരിഷ്കരിച്ച് പൂജാഗിരികളിൽ ആരാധിക്കുന്ന പതിവ് നിർത്തലാക്കി. മാത്രമല്ല യെരുശലേമിൽ മാത്രം യാഗം കഴിക്കണമെന്ന് അവരെ നിഷ്കർഷിക്കുകയും ചെയ്തു. (2 രാജാക്കന്മാർ. 22,23). ഇതായിരുന്നു യോശിയാവ് രാജാവിന്റെ കാലത്തെ നവീകരണം എന്ന് അറിയപ്പെടുന്നത്.

**മാറ്റത്തിന് നേതൃത്വം നൽകുന്നവരുടെ ഗുണങ്ങൾ**

എങ്ങനെയുള്ള വ്യക്തികളാണ് മാറ്റത്തിന് നേതൃത്വം നൽകുക? മാറ്റത്തിന് നേതൃത്വം നൽകുന്നവരിൽ കണ്ടുവരുന്ന ചില ഗുണ വിശേഷങ്ങൾ ചുവടെ പ്രതിപാദിക്കുന്നു:

- പുതിയ അറിവുകൾ നേടാനുള്ള അഭിവാഞ്ച
- തളരാത്ത ഉത്സാഹം
- പഴമയിൽ മാത്രമാണ് നന്മയെന്ന പിടിവാശിയുടെ അഭാവം
- ക്രിയാത്മക മനോഭാവം
- ഉത്സാഹവും ധീരതയും
- മാറ്റങ്ങൾ യാഥാർത്ഥ്യമാക്കാമെന്ന ശുഭാപ്തി വിശ്വാസം
- വരുംവരായ്മയെക്കുറിച്ച് വ്യക്തമായ അവബോധം
- സ്വന്തം കഴിവുകളും ആശയങ്ങളും പ്രകാശിപ്പിച്ച് മുന്നേറുവാനുള്ള താല്പര്യം
- റിസ്ക് എടുക്കാനും വെല്ലുവിളികളെ അഭിമുഖീകരിക്കുവാനുമുള്ള ആത്മവിശ്വാസം
- മികച്ച ആസൂത്രണവും കഠിനാധ്വാനവും
- മാറ്റത്തിന് വഴി ഒരുക്കുക വഴി മറ്റുള്ളവരെ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്തുക
- വിമർശനങ്ങളെ സ്വീകരിക്കാനുള്ള മനസ്സ്
- പുതിയ വീക്ഷണങ്ങളെയും നിർദ്ദേശങ്ങളെയും തുറന്ന മനസ്സോടെ സ്വീകരിക്കാനുള്ള മനസ്സ്

മാറ്റത്തെ സ്വാഗതം ചെയ്യുന്ന വ്യക്തികളാകാൻ നമ്മെതന്നെ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കണം. മാറ്റത്തിന് വഴിയൊരുക്കാൻ മനോഭാവമുള്ള ഒരു വ്യക്തി എന്ന നില

യിൽ സെബിൻ എസ്. കൊട്ടാരം തന്റെ 'വിജയം നേടാൻ മികച്ച വ്യക്തിത്വം' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'സില ബസ് അനുസരിച്ച് കാണാതെ പഠിച്ച് പരീക്ഷ എഴുതി അതിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ആൾ മിടു ക്കനും മിടുക്കിയുമായി വിലയിരുത്തപ്പെടുന്ന ഇന്ത്യയിലെ സംവിധാനം തന്നെ ഇന്ന് പൊളിച്ചെഴുതപ്പെടേണ്ടതുണ്ട്.'

അതുകൊണ്ട് കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾക്കനു സരിച്ച് മാറ്റത്തിന് നേതൃത്വം നൽകി നമുക്കും മുന്നേറാം.

'നമ്മുടെ ഇന്നലെകൾ മാറ്റുവാൻ നമുക്കാവില്ല. പക്ഷേ നമ്മുടെ നാളെകൾ മാറ്റുവാൻ നമുക്കാവും' – കോളിൻ പവൻ.

8156889844

## Letter to editor

Movie star Innocent's depressed feeling after hearing the Priest's paradise journey is a typical example being observed like a tradition we experience causing more tension to the praying people and the sick person.

About 60 years back, when my father came home after attending the farewell meeting of one of the leading Pentecostal personalities of Kerala (we were not Pentecostal church members, but a very close friend of the leader) who used to visit theU.S. like yearly routine, he was depressed. In those days, going to the U.S. was like going to the moon. When I asked him, why he was depressed, he repeated the emotional sermon of another leader of the Church. He started preaching like this, as usual in those day with a bag full of praise the Lord-glory to God-Jesus is coming soon-victory through the blood of Christ etc etc.

Our beloved leader is flying over the Arabian sea-Mediterranean and Red sea, then the long flight to the U.S. over the Atlantic ocean for three days. The weather can be turned bad-the plane may run out of petroleum-the plane may have problems-one wing can fall off; and so, we don't know whether we will meet our beloved leader here on earth or in heaven one day. What a glorious event is that to meet in heaven? Great faith indeed!

My next door neighbor called from Chicago to tell about our mutual friend that he will be going to the Mayo clinic for a very dangerous surgery in the brain, and got very furious to tell about the Priest who went to pray for his trip to Mayo clinic with this divine fatal diagnosis. " Last month, I was in New York to attend a sick person like this, he was operated by the best doctors, but died". How and why these Ministers are acting like the Consul Generals of Heaven on earth through delivering totally depressing messages? The Seminaries are not giving any training with this subject; but it is very urgent that the Ministers should have some orientation, how to pray with the critically sick people and talk with their families.

A. S. Mathew U.S.A.

### CHRISTIANS EXTRAVAGANT CELEBRATIONS

With due apology may I state here that what Cardinal Alenchery has done is not a big deal; but only as a late wisdom. We had in past also several eminent Bishops, Arch Bisops, Major Arch Bishops Cardinals and "Bavas" in the helm of Christian churches; what they were doing during their life time .? They were also swimming with the current instead of against it. Why did'nt they then had the wisdom to chanalise the huge money of the church for humanitarian social welfare schemes like housing, sanitation, road, water supply, electricity, education, health etc. In the Adivasi areas, instead of squandering away same in meaningless celebrations.

Christianity is a life of simplicity, forebearing and giving and forgiving. But it has now become a community of noise, celebrations and exhibitions so much so we have sometimes become a laughing butt before other religious sects. How many times our priests, sisters, Bishops and sacramental services at sanctuary were made an object of mockery by cinema industry. Has anybody from the church raised any objection?; again we are swimming with the current.

We had the saintly woman Mother Teressa; have we learnt any lesson from her life?

Paul says: Your attitude should be the same as that of Christ Jesus.

If we had followed the simple teahings of Christ, we 2 1/2% of Christians in India should have made memorable changes in Indian life.

Koshy Oommen Trivandrum

## മരുഭൂമിയിലെ നീരുറവകൾ

# എസ്സീൻ സ്നാനം



റവ. എ. സി. തോമസ് തിരുവല്ല

യഹൂദസമൂഹത്തിലെ സന്യാസ സമൂഹമായ എസ്സീനുകളുടെ തുടർച്ച ആയിരുന്നു ആദ്യ നൂറ്റാണ്ടുകളിലെ നസ്രാണികൾ. സ്നാനം സംബന്ധിച്ച അവരുടെ അനുഷ്ഠാനങ്ങൾ അവരുടെ ജീവിതം, ദർശനം, വിശ്വാസം എന്നിവയിലേക്ക് വെളിച്ചം വീശുന്നവയാണ്. അവരുടെ ഇടയിൽ നിലനിന്നിരുന്ന സ്നാനത്തിന്റെ രണ്ട് ശുശ്രൂഷകളുടെ ക്രമം ആണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. യഹൂദ സമൂഹത്തെ കൂടുതൽ അടുത്തറിയുവാൻ, പഴയനിയമത്തിന്റെ ദർശനങ്ങൾ മനസ്സിലാക്കുവാൻ എസ്സീൻ സന്യാസസമൂഹത്തിൽ നിലനിന്ന സ്നാനം എന്ന അനുഷ്ഠാനം അറിയുന്നത് സഹായിക്കും. ചില യഹൂദ ദമ്പതിമാർ തങ്ങൾക്കുണ്ടാകുന്ന ആൺകുഞ്ഞിനെ എസ്സീൻ സന്യാസ സമൂഹത്തിന് നൽകുവാൻ തീരുമാനിക്കും. ഒരു സന്യാസി ആയി സമൂഹത്തിന് നവദർശനങ്ങൾ നൽകുവാൻ തങ്ങളുടെ മകന് സാധിക്കണം എന്ന ചിന്തയോടെ ആണ് അവർ അത് ചെയ്യുന്നത്. പരിഛേദനക്ക് ശേഷം സന്യാസിയായി സമർപ്പിക്കുവാൻ തങ്ങളുടെ കുഞ്ഞിനെ മാതാപിതാക്കൾ ആശ്രമത്തിൽ കൊണ്ടുവരുന്നു. യേശുക്രിസ്തുവിനെ യേശുവാ എന്നാണ് എസ്സീൻ എഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ശിശു സമർപ്പണശുശ്രൂഷ

ആചാര്യ: ഈ കുഞ്ഞിന്റെ പേര് എന്താണ്? (പൂർണ്ണ നാമം പറയുന്നു)

ആരാണ് ഈ കുഞ്ഞിനെ സ്നാനത്തിന് നൽകുന്നത്?

മാതാപിതാക്കളും ജ്ഞാനപിതാവും: ഞങ്ങൾ

ഈ ശിശുവിനെ സസ്യാഹാരം മാത്രം നൽകി വളർത്തുമെന്നും ഒരു ജീവിയേയും ഹിംസിക്കാതെ ഉപദ്രവിക്കാതെ പരിശീലിപ്പിക്കാമെന്നും ഉറപ്പുനൽകാമോ? (നൽകാം)

ഏകനിലുള്ള അറിവിൽ വളരുന്നതിനും അതിലൂടെ ഒരു ആത്മീയ ജീവൻ നേടുന്നതിനും ഈ കുഞ്ഞിനു വേണ്ടിയും കുഞ്ഞിനോടൊത്തും പ്രാർത്ഥിക്കാമെന്ന് നിങ്ങൾക്ക് ഉറപ്പുതരാമോ? (ഞങ്ങൾ ചെയ്യാം)

പ്രതികാരത്തേക്കാൾ പ്രതികരണമാണ് നല്ലതെന്നും വിശ്വാസസംഹിതകളേക്കാൾ പുതിയ സത്യങ്ങളുടെ കണ്ടെത്തലാണ് പ്രധാനമെന്നും, പരാജയം എന്ന് ഒന്നില്ലെന്നും എല്ലാം വ്യത്യസ്തഫലങ്ങൾ മാത്രമാണെന്നും നിങ്ങളുടെ ജീവിത ഉദാഹരണത്തിലൂടെ ഇവനെ പരിശീലിപ്പിക്കാമോ? (ഞങ്ങൾ ചെയ്യാം)

പഴയ കഥകൾ ഇവന് പറഞ്ഞുകൊടുക്കയും, അറിവിൽ വളരുന്നത് അനുസരിച്ച് അവയുടെ ആന്തരിക അർത്ഥങ്ങളുടെ പൊരുൾ തിരിച്ച് പറഞ്ഞുകൊടുക്കയും ചെയ്യുവാൻ നിങ്ങൾ തയ്യാറാണോ? (അതെ)

ധാരാളം ചോദ്യങ്ങൾ ചോദിക്കുവാൻ നിങ്ങൾ ഇവനെ പ്രോത്സാഹിപ്പിക്കയും, അതിനുള്ള ഉത്തരങ്ങൾ നൽകുവാനുള്ള ക്ഷമ നിങ്ങൾ ആർജിക്കയും, അതിലൂടെ ഇവൻ അറിവിലേക്ക് വളരുകയും, തന്നെയും പ്രകൃതിയേയും സഹജീവികളേയും സ്നേഹിക്കുവാൻ ഇവനെ പഠിപ്പിക്കയും ചെയ്യുവാൻ തയ്യാറാണോ? (അതെ)

നിങ്ങളുടെ ജീവിതത്തിലൂടെ ഭൂമിയിൽ സ്വർഗം പണിയുന്ന ശ്രമത്തിൽ ഭാഗമാകയും അതിലൂടെ നിങ്ങളുടെ ഈ കുഞ്ഞ് അത് ചെയ്യുവാൻ പഠിക്കയും ചെയ്യുമോ? (ഞങ്ങൾ ചെയ്യാം)

സ്വർഗത്തിലെ പിതാവും മാതാവും ആയ ദൈവത്തിൽ ഉള്ള സ്നേഹത്തെ ജ്വലിപ്പിക്കയും അതിലൂടെ തന്റെ ഉറവിടത്തിലേക്ക് ഉയരുകയും എല്ലായ്പോഴും ദൈവത്തിന്റെ നാസികത്തിൽ സൗരഭ്യമുള്ള വാസനയായി തീരുവാൻ ഇവനെ പരിശീലിപ്പിക്കാമോ? (ഞങ്ങൾ ചെയ്യാം)

ആചാര്യൻ കുഞ്ഞിനെ സ്വീകരിക്കുന്നു. കരങ്ങൾ വെള്ളത്തിൽ മുക്കി, കുഞ്ഞിന്റെ തലയിൽ വച്ച്: (കുഞ്ഞിന്റെ പൂർണ്ണനാമം), എസ്സീൻ സഭ എനിക്ക് നൽകപ്പെട്ട അധികാരത്താൽ, ഞാൻ ഈ കുഞ്ഞിനെ സ്വർഗീയ പിതാവിന്റേയും, ഭൂമി മാതാവിന്റേയും യേശുവാ മശിഹായുടേയും നാമത്തിൽ ഒരു എസ്സീൻ നാസീർ ആയിരിക്കുവാൻ സ്നാനപ്പെടുത്തുന്നു. ദൈവത്തിന്റെ ഭവനത്തിലേക്ക് പ്രകാശത്തിന്റെ ഈ ശിശുവിനെ ഞങ്ങൾ സ്വീകരിക്കുന്നു

ആശീർവാദം

സ്നാനം വെള്ളത്താലും വെളിച്ചത്താലും

മുതിർന്നവർ സന്യാസസമൂഹത്തിൽ ചേരുവാൻ വരുമ്പോൾ നടത്തുന്ന സമർപ്പണശുശ്രൂഷയാണ് "വെള്ളത്താലും വെളിച്ചത്താലും ഉള്ള സ്നാനം."

പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിക്കുന്നു.

സ്വർഗസ്ഥനായ പിതാവേ, മാതാവായ ഭൂമി, സൃഷ്ടാവായ ദൈവമേ, അപൂർണ്ണതകളോ നഷ്ടപ്പെട്ടതോ എന്തെങ്കിലും ഉള്ളത് അങ്ങയുടെ ഭണ്ഡാരത്തിൽ നിന്നും നല്കണമേ. അവിടെ ഒന്നിനും കുറവില്ലല്ലോ. അവിടെ സൗഖ്യവും വിജയവും, ശബ്ദവും കേൾവിയും സംസാരവും ഉണ്ടാകട്ടെ. അവിടെ ഹൃദയത്തിന് ആനന്ദവും പാപത്തിന് വിമോചനവും ലഭിക്കട്ടെ.

അങ്ങയുടെ ഈ ശിശു അങ്ങയിൽ നിന്നും പുറപ്പെടുന്ന വെളിച്ചം രാവും പകലും കാംക്ഷിക്കുന്നവനാകട്ടെ. ആ വെളിച്ചം കണ്ടെത്തി അവൻ, അവൾ അങ്ങയെ ശുചീകരണത്തിന് വേണ്ടി സമീപിക്കട്ടെ. അങ്ങയുടെ ഉദ്ദേശ്യം തന്റെ ജീവിതത്തിൽ നേടുന്നവനും അങ്ങയുടെ രാജ്യം അവകാശമാക്കുന്നവനുമായി അവൻ, അവൾ തീരുവാൻ അവനെ, അവളെ അങ്ങയുടെ വെളിച്ചത്തിന്റെ ഭാഗമാക്കിയാലും.

അങ്ങയിൽ നിന്നും ആണല്ലോ ജീവന്റെ ജലം പുറപ്പെടുന്നത്. വാതിലുകൾ തുറക്കട്ടെ. ആ ശോഭയിൽ അങ്ങയിൽ നിന്ന് നിർഗമിക്കുന്ന അങ്ങയുടെ വെളിച്ചത്തിന്റെ ഭാഗമാക്കിയാലും. ആ ശോഭയിൽ നിന്നും ബഹിർഗമിക്കുന്ന വെളിച്ചത്തിന്റെ രശ്മികളാൽ അവൻ, അവൾ തന്നെ ഒരുക്കട്ടെ. നമ്മുടെ മുമ്പിലുള്ള ഈ ഭൗതിക അടയാളങ്ങളിലൂടെ ശുദ്ധീകരണത്തിന്റെ ശക്തി തിരിച്ചറിഞ്ഞ് അവൻ, അവൾ പൂർണ്ണതയിൽ എത്തട്ടെ. രൂപാന്തരപ്പെട്ട ഹൃദയത്തോടെ ഈ ജലം ജീവന്റെ ജലമായി രൂപാന്തരപ്പെടട്ടെ. അങ്ങയുടെ ജീവജലത്തിൽ നിന്നും അവിടുത്തെ ആത്മാവും, അവിടുത്തെ ശ്വാസവും, അല്ലയോ അഗ്നിയായ ദൈവമേ, അവിടുത്തെ ആത്മാവും

ജ്ഞാനവും അങ്ങയുടെ പുത്രൻ യേശുവായിലൂടെ ഞങ്ങൾക്ക് നല്കിയിട്ടുണ്ടല്ലോ. അങ്ങയുടെ അടുക്കലേക്ക് അടുത്തു വരുന്ന ഇവനെ, ഇവളെ, ഈ എണ്ണയും ജീവജലവും, ആത്മാവിനാലും വിശുദ്ധ തീയാലും ശുദ്ധീകരിക്കട്ടെ.

വീണ്ടെടുപ്പിന് മറ്റുവഴികൾ ഇല്ലെന്ന് അറിയാവുന്നതുകൊണ്ട്, അവൻ, അവൾ വന്നിരിക്കുന്നത് ധർമ്മത്താലും ത്യാഗത്താലും ആണ്. തന്റെ ശരീരവും മനസ്സും ആത്മാവും അങ്ങയുടെ മുമ്പിൽ യാഗമായി സമർപ്പിക്കുന്നു. ഈ എളിയ അർപ്പണത്തെ സ്വീകരിച്ച് അങ്ങയോട് എന്നേക്കുമായി ചേരുവാൻ വന്നിരിക്കുന്ന ഇവന്റെ, ഇവളുടെ യാഗത്തെ സ്വീകരിച്ച് ശുദ്ധീകരിച്ചാലും.

ഹിംസയില്ലാത്ത കരുണാദ്രമായ ജീവിതമാണ് ന്യായപ്രമാണം എന്ന് അവൻ, അവൾ മനസ്സിലാക്കുന്നു. അവൻ, അവൾ എല്ലാ ജീവനേയും മാനിക്കുന്നവനായിരിക്കും. ഈ ഭൂമിയിലെ, ആകാശത്തെ, വെള്ളത്തിലെ ഒരു നിഷ്കളങ്ക ജീവിയേയും അവൻ, അവൾ ബോധപൂർവ്വം ഉപദ്രവിക്കയോ, കൊല്ലുകയോ, ദുരുപയോഗം ചെയ്യുകയോ ഭക്ഷിക്കയോ ഇല്ല. അവ ഞങ്ങളും, ഞങ്ങൾ അവയുമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

ജീവിതത്തിൽ ഒരു തിരുത്തൽ അനിവാര്യമാണെന്ന് ബോധ്യമാകുവാൻ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും അവൻ, അവൾ അവിടുത്തെ വിശുദ്ധ സാന്നിദ്ധ്യത്തിന്റെ നിറവിലേക്ക് വരുന്നു. അങ്ങയുടെ വെളിച്ചത്തിന്റെ പൂർണ്ണതയിൽ തന്നെ അവൻ, അവൾ നടക്കുമെന്ന് പ്രത്യാശിക്കട്ടെ. അവനെ, അവളെ സൗഖ്യമാക്കി ശുദ്ധീകരിച്ചാലും. ക്രിസ്തുവിനെ പോലെ, ഭൂമി മാതാവിന്റേയും സ്വർഗീയ പിതാവിന്റേയും, നഷ്ടപ്പെട്ടവന്റേയും വേദനകൾ തന്റെ അന്തരത്തിൽ അറിഞ്ഞ് മരുഭൂമിയിൽ അവൻ, അവൾ അങ്ങയോട് കരഞ്ഞ് നിലവിളിക്കട്ടെ.

ജലം ജീവനുള്ള വസ്ത്രമാണ്. വെളിച്ചത്തിന്റെ ഈ വസ്ത്രം ധരിക്കേണ്ടത് അനിവാര്യമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഈ ജീവജലത്താൽ സ്പർശിക്കപ്പെടുന്ന ഇവൻ ശുദ്ധീകരണത്തിന്റെ അടയാളം സ്വീകരിച്ച് വെളിച്ചമായി തീരട്ടെ. അവനെ സൗഖ്യമാക്കി ശുദ്ധീകരിച്ചാലും. തന്റെ നെറ്റിത്തടത്തിൽ പതിപ്പിക്കുന്ന മുദ്രയിലൂടെ അങ്ങയുടെ നാമം അവൻ എന്നേക്കും വഹിക്കട്ടെ: സംരക്ഷിക്കപ്പെട്ടവനായി, എന്നേക്കും മറ്റപ്പെട്ടവനായി. വെളിച്ചത്തിന്റെ ഈ പുത്രനിൽ അവിടുന്ന് വിവരണാതീതമായ അനുഗ്രഹം ചൊരിഞ്ഞത് ഓർത്ത് ഞങ്ങൾ അങ്ങയുടെ മുമ്പിൽ വണങ്ങുന്നു.

യേശുവായുടെ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമീൻ.

ചോദ്യങ്ങൾ

നമ്മുടെ സഹോദരൻ യേശുവ നമ്മെ പിതാവിന്റെ അടുക്കലേക്ക് വഴികാണിക്കുവാൻ വന്നതാണെന്ന് താങ്കൾ (പേര്) പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുണ്ടോ?

ഉത്തരം: ഉവ്വ്.

കർത്താവിന്റെ വഴിയിൽ ജീവിക്കുവാൻ സഹായി എന്ന നിലയിൽ എന്നും എന്നേക്കും അവനോട് കൂടെ നീ ജീവിക്കുമോ? (ജീവിക്കും).

(പുരോഹിതൻ മുട്ടുകുത്തി)

വെളിച്ചമാണ് ഈ എണ്ണ. ഈ എണ്ണ നമുക്ക് ലഭിച്ചത് ഒലീവു മരത്തിൽ നിന്നുമാകുന്നു. യേശുവായുടെ നാമത്തിൽ ഞാൻ നിന്നെ വെളിച്ചത്തിന്റെ സ്നാനം നടത്തുന്നു. ഞാൻ നിന്നെ എണ്ണയാൽ അഭിഷേകം ചെയ്യുന്നു.

ഈ സ്നാനം (പേര്) നിന്നെ കാക്കും, ശോഭയുടെ ഉറവയിലേക്ക് നിന്നെ നയിക്കും. യേശുവായുടെ നാമത്തിൽ നിനക്ക് വേണ്ടി ഞങ്ങൾ ശക്തി തേടുന്നു. ജീവജലത്തിന്റേയും ജീവനുള്ള ദൈവത്തിന്റേയും ശക്തി വെളിച്ചത്തിന്റെ പൈതലായ ഇവനിൽ പകരട്ടെ. അത് അവന്റെ അകവും പുറവും കഴുകട്ടെ. (പേര്) പരിശുദ്ധമായ ഈ അടയാളം സ്വീകരിച്ച്, വെളിച്ചത്തിന്റെ വസ്ത്രം ധരിച്ച് യേശുവായുടെ നാമം തന്റെ ഉള്ളിലാക്കട്ടെ. ജലത്തിന്റേയും വെളിച്ചത്തിന്റേയും ഈ സ്നാനം സ്വീകരിക്കുക. ഇത് നിന്നെ കാത്ത്, നിന്റെ ഉറവിടത്തിലേക്ക് നിന്നെ ഉയർത്തട്ടെ. ആനന്ദത്തോടെ ഇത് സ്വീകരിക്കുക. ജീവനിൽ ഉയരുക. (പേര്), ഞാൻ നിന്നെ മശിഹാ യേശുവായുടെ വഴിയിൽ ജീവജലത്താൽ സ്നാനപ്പെടുത്തുന്നു.

**ചിന്തകൾ**

യേശുക്രിസ്തുവിന് എസ്സീൻ സന്യാസ സമൂഹവുമായി ഉണ്ടായിരുന്ന ജൈവബന്ധം ഇവിടെ സ്പഷ്ടമാണ്. കർത്താവിന്റെ മുപ്പതു വയസ്സ് വരെയുള്ള കാലം എവിടെയായിരുന്നു എന്നുള്ള സൂചന ഇവിടെ ലഭിക്കും. പരിത്യാഗികൾ ഇല്ലാത്ത സമൂഹം, പരിത്യാഗികളെ ആദരിക്കാത്ത സമൂഹം ഇവയാണ് ഇന്നത്തെ ദുരന്തം. ഒരു സമൂഹത്തെ പുതിയ വെളിച്ചത്തിലേക്ക് നയിക്കുവാൻ ഇപ്രകാരം ത്യാഗികളുടെ ഒരു ശേഷിപ്പ് ആവശ്യമാണ്. ആദ്യ നൂറ്റാണ്ടിലെ ക്രൈസ്തവസഭ ഇപ്രകാരം ലോകത്തിന് വെളിച്ചം നൽകിയ പരിത്യാഗികളുടെ സമൂഹമായിരുന്നു എന്ന് പറയുന്നതിൽ തെറ്റില്ല.

**ചട്ടയും മുണ്ടും**

ബുദ്ധ ഭിക്ഷുക്കളുടെ വേഷം നിറം മാറ്റിയെടുത്തതാണ് ക്രൈസ്തവ സമൂഹം സ്വീകരിച്ച വേഷം. ആർഭാടത്തിന് യാതൊരു സാധ്യതയുമില്ലാത്ത വേഷമാണിത്. നമ്മുടെ പൂർവ്വികരുടെ ദർശനത്തിന്റേയും ജീവിതശൈലിയുടേയും മികച്ച ഉദാഹരണമാണ് ഈ തിരഞ്ഞെടുപ്പ്. നമ്മുടെ തലമുറയോടുകൂടെ രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ഈ വേഷം ലോകത്ത് നിന്ന് അപ്രത്യക്ഷമാകയാണ്. ഈ തിരോധാനത്തിന് സാക്ഷ്യം വഹിക്കുവാൻ സാധിക്കുന്നത് ഭാഗ്യമോ നിർഭാഗ്യമോ? ഒരു വേഷത്തിൽ എന്തിരിക്കുന്നു എന്ന് ചോദിക്കാം. എന്നാൽ അതിൽ അന്തർലീനമായിരിക്കുന്ന ജീവിത ദർശനവും ഈ കാലഘട്ടത്തിൽ അപ്രത്യക്ഷമാകയാണ്. അത് ലളിതമായി കാണരുത്. ലളിത ജീവിതവും ത്യാഗപൂർണമായ സമർപ്പണവും ജീവനെ ആദരിക്കയും എല്ലാ ജീവികളുടേയും ജീവനും മനുഷ്യജീവനും ഒന്നാണെന്ന തിരിച്ചറിവിൽ ജീവികളെ കൊന്ന് ഭക്ഷിക്കാതിരിക്കയും ചെയ്ത നമ്മുടെ പൂർവ്വികരിൽ നിന്നും നാം എത്ര അകലെ ആണ്. ഹിംസ ഈ തലമുറയുടെ മുഖമുദ്ര ആയിരിക്കുന്നു. ജീവനോടുള്ള കരുണ, സ്വന്ത ശരീരത്തോടുപോലും, വറ്റിപ്പോയിരിക്കുന്നു. മനസ്സിന്റെ അലിവ് നഷ്ടപ്പെട്ടിരിക്കുന്നു. മണ്ണിന്റെ നനവ് നഷ്ടപ്പെടുമ്പോൾ അത് മണലായി തീരുന്നതുപോലെ മനസ്സിന്റെ നനവും നഷ്ടപ്പെട്ടിരിക്കയാണ്. ഇതെല്ലാം നമ്മുടെ വേഷം, വസ്ത്രം തുടങ്ങിയ എല്ലാ തിരഞ്ഞെടുപ്പുകളിലും പ്രതിഫലിക്കുന്നുണ്ട്.

കൂടുതൽ സമ്പത്ത് ആർജിക്കുന്നതും ഏറ്റവും അധികം ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാകുന്നതും ശ്രേഷ്ഠമായി കണക്കാക്കുന്ന ഒരു സമൂഹത്തിന്റെ യാത്ര എങ്ങോട്ടാണ്? പരിത്യാഗികളെ മാനിക്കാത്ത, അവരെ അപരിഷ്കൃതരായി കണക്കാക്കുന്നവർ ഈ ലോകത്തെ എങ്ങോട്ടാണ് നയിക്കുന്നത്? നാശത്തെ അനുഗ്രഹമായും അനുഗ്രഹത്തെ ശാപമായും ശ്രേഷ്ഠമായതിനെ ഹീനമായും മ്ലേച്ഛമായതിനെ ശ്രേഷ്ഠമായും കണക്കാക്കുന്ന ഒരു തലമുറയാണ് ഈ കാലഘട്ടത്തിന്റെ ദുരന്തം. വെളിച്ചം നഷ്ടപ്പെട്ടോ നമുക്ക്?

9446361660

# Bats - The Guardian Angels of the Night

Dr. Joseph Mathai

*Director K. G. Mathai Memorial Centre for Biodiversity Conservation and Sustainable Living (CBSL) Anchal.*



In the Book of Genesis we read that God created all the creatures on this beautiful Earth. They occupied the diverse ecosystems and the Creator made sure he had a purpose for each and accordingly shaped them. This is the marvel of creation.

He even designed the time schedule for each animal to perform its role or function.

Some of them function during the day; this includes man also, while others are active during the night. Bats, owls, rats, frogs etc. come under this category. Little do mortals like us know all about these and the mystery of Creation.

Bats are the most fascinating and mysterious animals in God's creation, which are even endowed with divine attributes. They are the equivalents of birds that fly, but quite different in the sense that they belong to the same group that we human beings belong to. However, they are the only flying mammals and they give birth to young ones and even suckle them. It is estimated that one fifth of the mammalian species are bats. They are present all over the Earth, except the Antarctic, and number approximately 1300 species.

Bats are unique in the sense that most of them are blind, but can hear more accurately than any other organisms. This phenomenon is called 'echolocation'. They can detect their food, which includes fruits, flowers, leaves, insects and even small vertebrates, by sending high frequency sounds from their mouths. So accurate is this sense of hearing that a blind folded bat can fly in a room criss- crossed with wires without touching even one. The bats make their shelter called 'roosts' on tall trees, abandoned buildings and caves. They sleep during the day hanging upside down from the branches of trees or cave roofs. It is very interesting to see them take off from their resting places. They drop freely down from these locations and serenely fly up into the air by the gentle but powerful stroke of their disproportionately huge membranous wings. This flight has an angelic look and so I call them "angels of the night". In Texas (U.S.A) there is a huge cave called 'Bracken Cave ' in which 15 million bats live. The female gives birth to a single pup or baby. The pup which weighs approximately 30 percent of the mother's body weight is fully attached to the mother. However, as night approaches, they leave the pups hanging on the ceiling of the cave, and fly out to catch insects. The pups are now in a maternity colony, the largest maternity colony in the world. The strangest part about this colony is that when they return in the morning, each mother bat can identify its own young. Isn't this a mystery and scientists are yet to solve this mystery. This is the wonder of God's Creation. Another noteworthy aspect about these little bats is that they attract a lot of tourist to watch the procession of 15 million bats flying out as dusk arrives.

Bats, based on their nature of food consumed are classified into frugivorous and insectivorous bats. It is estimated that an insectivorous bat can consume approximately 2000 mosquitoes per night. Marvelous, isn't it? Their pest controlling ability is so great that 50 million Mexican free - tailed bats consume 6700 tonnes of insects in just one summer season.

Now, coming to the fruit eating bats, which includes the common Flying foxes that freely fly around in our back yards during the nights. They have a fox like face and they appear to be a nuisance to us, because they consume fruits like mangoes, jackfruit, guava etc. However, they eat only the ripe fruits and scatter the large seeds to different places. I can convincingly say that many of the fruit trees in my Ecofarm were planted by these fruit bats and I owe a lot to them. The bats that feed on the nectar of flowers perform the function of pollination and thus increase productivity. In some countries bats are also kept as pets. It is believed that bat meat helps in relieving rheumatism as well as preventing baldness. There are blood sucking bats too, but fortunately they are limited to South America only. These bats are called vampire bats and they suck the blood of outdoor domestic animals like cattle and donkey.

Astonishingly, one species of male bats ( Dayad's fruit bat ) are able to feed their young milk from their own mammary glands. This unique phenomenon is called 'paternal lactation'.

Lately the world has become a dangerous place for these "angels of the night". In spite of the fact that these bats provide environmental and economic services, bat populations are declining around the globe. Several species are facing extinction.

We human beings, the Stewards of God's Creation are the culprits. Forests are degraded for monoculture plantations and agricultural uses. Large trees like Jungle jack, jack and mango trees are being indiscriminately felled for timber and firewood. Bats are also hunted for food. The sacred groves which also shelter bats are fast disappearing. The very existence of the tropical forests is attributed to bats as they disperse the seeds. The Bat Conservation International (B.C.I), an organization under the International Union for Conservation of Nature (I.U.C.N) is playing a key role in protecting these guardian angels. Let us also join hands to make this world a safe place for all God's creatures.

9387255515



# വാർത്തകളും വിശേഷങ്ങളും

രാജൻ കെ. വർഗീസ്

## ക്രൈസ്തവർക്കെതിരായ പീഡനം ഇന്ത്യ പതിനേഴാം സ്ഥാനത്ത്

വേൾഡ്വാച്ച്ലിസ്റ്റ് 2016 ന്റെ പഠന പ്രകാരം ക്രൈസ്തവർക്കെതിരെ കൊടിയ പീഡനം നടക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ പതിനേഴാം സ്ഥാനത്ത്. ക്രൈസ്തവർ ഏറ്റവും കൂടുതൽ പീഡനങ്ങൾ അനുഭവിക്കുന്ന അമ്പതു രാജ്യങ്ങളുടെ പട്ടികയാണ് ഓപ്പൺ ഡോർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. കൊടിയ പീഡനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഇറാഖ്, എരിട്രിയ, അഫ്ഗാനിസ്ഥാൻ, സിറിയ, പാക്കിസ്ഥാൻ, സൊമാലിയ, സുഡാൻ, ഇറാൻ, ലിബിയ എന്നീ രാജ്യങ്ങൾ ആദ്യസ്ഥാനങ്ങളിൽ ഇടം പിടിച്ചു.

## യേശു കുരുടനെ സൌഖ്യമാക്കിയ ശീലോഹോംകുളം ഗവേഷകർ കണ്ടെത്തി

യെരുശലെമിൽ ദാവിദിന്റെ നഗരത്തിനു തെക്ക് ഭാഗത്തായി ടെമ്പിൾ മൗണ്ടിന് സമീപം മലിനജലമോഴുകുന്ന പൈപ്പിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന്റെ ഇടയിലാണ് ശീലോഹോംകുളത്തിന്റെ സ്ഥാനം കണ്ടെത്തിയത്. 400 നും 460 നും ഇടയിൽ ശീലോഹോംകുളത്തിനോട് ചേർന്ന് ഒരു ക്രൈസ്തവ ആരാധനാലയവും പണികഴിപ്പിച്ചിരുന്നതായി ഗവേഷകർ അഭിപ്രായപ്പെടുന്നു. 225 അടി നീളവും ചതുർ ഭുജവുമായുള്ള കുളമാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്നത്.

## ടൈറ്റാനിക്കിന്റെ അപരൻ വരുന്നു

കടലിലെ ആഡംബരയാത്രയുടെ അവസാനവാക്കായ ലോകത്തിലെ ഏറ്റവും വലിയ യാത്രാക്കപ്പലായ ടൈറ്റാനിക്കിന്റെ അപരൻ വരുന്നു. 2018ൽ നിർമ്മാണം പൂർത്തിയാക്കുന്ന ഈ കപ്പലിന് പേരിട്ടിരിക്കുന്നത് ടൈറ്റാനിക് 2 എന്നാണ്. കപ്പലിന്റെ നിർമ്മാണത്തിന് പണം ചെലവാക്കുന്നത് ഓസ്ട്രേലിയൻ കോടീശ്വരനായ ക്ലൈവ് പാമാരാണ്. ചൈനയിൽ കപ്പലിന്റെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കപ്പലിന്റെ ആദ്യയാത്ര ചൈനയിൽ നിന്നും ദുബയിലേക്ക് ആയിരിക്കുമെന്നാണ് സൂചന. ഒരിക്കലും മുങ്ങില്ലെന്ന അവകാശവാദത്തോടെ 1912 ഏപ്രിൽ 10 ഇംഗ്ലണ്ട് സതംപ്ടനിൽ നിന്നും 2223 യാത്രക്കാരുമായി പുറപ്പെട്ട ടൈറ്റാനിക് കപ്പൽ കന്നിയാത്രയിൽതന്നെ ഏപ്രിൽ 15നു മഞ്ഞുമലയിൽ ഇടിച്ചു തകർന്നു


## ഒരു മാസത്തിനിടയിൽ നൈജീരിയായിൽ കൊല്ലപ്പെട്ടത് 500 ക്രൈസ്തവർ

ക്രൈസ്തവ വിരുദ്ധ കൊലപാതകങ്ങൾക്ക് കുപ്രസിദ്ധി നേടിയ നൈജീരിയായിൽ ഒരു മാസത്തിനിടയിൽ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടത് 500 ക്രൈസ്തവർ. ഫെബ്രുവരിമാസത്തിൽ നൈജീരിയായിലെ വിവിധ ഇടങ്ങളായി കന്നുകാലികളെ മേയിക്കുന്ന ഗോത്ര വിഭാഗത്തിൽ പെട്ട പാവപ്പെട്ട കർഷകവിശ്വാസികളാണ് കൂട്ടക്കൊലയ്ക്ക് ഇരയായിതീർന്നത്. രാത്രിയിൽ വീടുകളിൽ കയറി വെടിവെച്ചും വെട്ടിയും കുത്തിയുമാണ് നിരപരാധികളെ കൊന്നൊടുക്കുന്നത്. സംഭവത്തെ തുടർന്ന് ഏഴായിരത്തോളം ക്രൈസ്തവർ വീടുകളിൽ നിന്ന് പലായനം ചെയ്യുകയുണ്ടായി .

## ലോകത്തെ 90 ശതമാനം മനുഷ്യരും ശ്വസിക്കുന്നത് ദുഷിച്ച വായു

ജനീവ: ലോകത്ത് 90 ശതമാനം മനുഷ്യരും ശ്വസിക്കുന്നത് ദുഷിച്ച വായുവെന്ന് ലോകാരോഗ്യ സംഘടന(ഡബ്ല്യുഎച്ച്ഒ). വായു മലിനീകരണം മൂലം ലോകത്ത് 60 ലക്ഷം പേർ വർഷന്തോറും മരിക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയിലും പടിഞ്ഞാറൻ പസഫിക് മേഖലയുമാണ് ഏറ്റവുമധികം വായു മലിനീകരണമുള്ള പ്രദേശമെന്നും ഡബ്ല്യുഎച്ച്ഒ നടത്തിയ പഠനത്തിൽ പറയുന്നു. മലിനീകരണം തടയാൻ ശക്തമായ നടപടി സ്വീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു.ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന മലിനീകരണം തടയാൻ അടിയന്തിര നടപടികൾ എടുക്കണം. ആരോഗ്യമുള്ളവരായി ഇരിക്കാൻ ശുദ്ധവായു ശ്വസിക്കണമെന്നും ഡബ്ല്യുഎച്ച്ഒ അസിസ്റ്റന്റ് ജനറൽ ഫ്ളാവിയ ബസ്രിയോ പറഞ്ഞു.

9495481940



കാന്റർബറി ആർച്ച്ബിഷപ്പ്
ജസ്റ്റിൻ വെൽബിയോടൊപ്പം



കാന്റർബറി ആർച്ച് ബിഷപ്പിന്റെ
പരിസ്ഥിതി ഉപദേശകൻ
ഡോ. ഡേവിഡ് ശ്രീവുമായി ചർച്ചയിൽ



മുൻ കാന്റർബറി ആർച്ച്ബിഷപ്പ്
റോവൻ വില്ല്യംസും ഭാര്യ ജയിനും



കേംബ്രിഡ്ജിലെ റിവർ കാം
ആർച്ച്ബിഷപ്പ് റോവൻ വില്ല്യംസ്
പ്രിൻസിപ്പലായിരിക്കുന്ന കോളജിന്റെ
മുമ്പിലൂടെ ഒഴുകുന്ന നദി

NEW VISION FOR A CHANGING WORLD

November 2016

Annual Subscription Rs.100.00 Per Copy Rs.20

Postal Regn. KL/KTM/009/2015-17

Posted at Kottayam RMS on 28 of every preceding month


Registered with the Registrar of Newspapers for India, under

Licence No.KL/CR/KTM/WPP-20/2015-17

Licensed to post without prepayment

No.KER BIL/2000/1543

Published on 28.10.2016




Edited Printed and Published by Dr.Mathew Koshy Punnackad

Owned by Rev.K.C.Mathew Chairperson Nava Darshan Trust Manganam Kottayam

Printed at Evangel Press Thiruvalla for Learners Offset Printers CMS College Road Kottayam

Layout Nainan K Jacob Thiruvalla (enjay)

E-mail: newsvisionmagazine@gmail.com Website: newvisionmagazine.org